# പ്രിയന്റെ സ്വരം

പ്രൊഫ. സി.എം. മാത്യു, ചാന്ത്യം

# പ്രിയന്റെ സ്വരം

**പ്രൊഫ. സി.എം. മാത്യു, ചാന്ത്യം**
*റിട്ടയേർഡ് പ്രൊഫസർ*
*എം.എ. കോളേജ് ഓഫ് ആർട്ട്സ്, കോതമംഗലം*

●

**ചാന്ത്യം, കോലഞ്ചേരി പി.ഒ.,**
**കേരളം. പിൻ – 682 311**
**ഫോൺ: 0484 2760999, 9447744709**

●

**Cover Design :**
Swaminathan, Computer Park

●

**DTP & Printed at :**
Merin Graphics, Edappally Toll, Kochi - 682 024.
Ph: 0484 - 2543458.

●

Copy Right Reserved

●

# ഉള്ളടക്കം

1. ദൈവവിളി....................................................................13

2. ദൈവകൃപ....................................................................26

3. മാവുതീരാത്ത കലം..........................................52

4. വിശുദ്ധീകരണം...........................................................65

5. കുടുംബം ഭൂമിയിലെ കൊച്ചുസ്വർഗ്ഗം..........90

6. ദൈവത്തിൽ നിന്നുള്ള പാപക്ഷമ.................132

# അവതാരിക

ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ സജീവപ്രവർത്തകനും എന്റെ പ്രിയ സഹോദരനുമായ പ്രൊഫ. സി.എം. മാത്യുവിന്റെ സുവിശേഷപ്രസംഗങ്ങളുടെ സമാഹാരമാണ് "**പ്രിയന്റെ സ്വരം**". ക്രിസ്തീയ ജീവിതത്തിന്റെ പ്രായോഗികവും ലളിതവുമായ അനുഭവങ്ങളിലേക്ക് വെളിച്ചം വീശുന്നതാണ് ഈ പുസ്തകത്തിലെ ഓരോ പ്രസംഗവും. ദൈവവിളി, ദൈവകൃപ, മാവുതീരാത്ത കലം, വിശുദ്ധീകരണം, കുടുംബം–ഭൂമിയിലെ കൊച്ചുസ്വർഗ്ഗം, ദൈവത്തിൽ നിന്നുള്ള പാപക്ഷമ എന്നിവയാണ് ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യ വിഷയങ്ങൾ.

അനേകം യുവാക്കന്മാരെ അശുദ്ധിയിൽ നിന്നും അരുതായ്കകളിൽ നിന്നും തിരിച്ച് ക്രിസ്തുവിന്റെ സ്നേഹത്തിലേക്ക് ആകർഷിക്കുവാൻ കർത്താവായ യേശുക്രിസ്തു ഉപയോഗിച്ചുകൊണ്ടിരി

ക്കുന്ന ഒരു കർത്തൃദാസനാണ് പ്രൊഫ. സി.എം. മാത്യു. കോലഞ്ചേരി കോളേജിൽ ബോട്ടണി ഡിപ്പാർട്ടുമെന്റിൽ അദ്ധ്യാപകനായി ചേർന്നതോടുകൂടി കോലഞ്ചേരിയിൽ താമസമാക്കിയ പ്രിയപ്പെട്ട ഈ ദൈവദാസനുമായി എനിക്കുണ്ടായ സ്നേഹബന്ധം ഒന്നിനൊന്ന് ദൃഢമായിത്തീർന്നാണ് ഞങ്ങൾ ഒരുമിച്ച് സ്വമേധയാ സുവിശേഷസംഘത്തിൽ (Voluntary Missionary Society) പ്രവർത്തിക്കാനിടയായത്. അത് കൂടുതൽ ദൃഢതരമായി തീർന്നപ്പോൾ ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിലും വളരെ സജീവമായി ഒരുമിച്ച് പ്രവർത്തിക്കാൻ ഞങ്ങൾക്കിടയായി.

അനുഭവത്തിന്റെ തനിമയും മാധുര്യവും ഉൾക്കൊള്ളുന്നവയാണ് മാത്യുസാറിന്റെ പ്രസംഗങ്ങളെല്ലാം. ആഴമായ ക്രിസ്തീയ സമർപ്പണ ജീവിതവും ഏകതാനമായ പ്രാർത്ഥനാ ജീവിതവും സംശുദ്ധജീവിതത്തിനുവേണ്ടിയുള്ള അഗാധമായ ദാഹവും കൈമുതലാക്കി ചെയ്ത പ്രസംഗങ്ങളാണ് ഇവയെല്ലാം. അനുവാചകരെ ഈ പ്രസംഗങ്ങൾ ആത്മീയ നവോത്ഥാനത്തിലേക്ക് നയിക്കുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല.

1971 ജൂലൈ മുപ്പതാം തീയതിയാണ് ഇർവിൻ ചന്ദ്രനിലിറങ്ങിയത്. ചന്ദ്രനിൽ നിന്ന് മടങ്ങിയെത്തിയതിനുശേഷം അദ്ദേഹം പറഞ്ഞു: “എന്റെ ചാന്ദ്ര യാത്രയല്ല എന്റെ ജീവിത സാഫല്യം. എന്റെ ജീവിതത്തിന്റെ പരമോദ്ദേശം നിത്യനായ ദൈവത്തെ സേവിക്കുന്നതും കർത്താവായ യേശുക്രിസ്തുവിലുള്ള വിശ്വാസം പങ്കുവെയ്ക്കുന്നതുമാകുന്നു. ചന്ദ്രനിൽ നിന്ന് നോക്കിയപ്പോൾ ഭൂമി വളരെ ചെറുതായിട്ടാണ് ഞാൻ കണ്ടത്, ഒരു മാർബിളിന്റെ ആകൃതി. ഭൂമി ഇത്രയും ചെറുതാണെങ്കിൽ ഞാൻ

എത്ര ചെറുതാണ്. പ്രപഞ്ചത്തിലെ കേവലം ഒരു ചെറുകണം. പക്ഷെ, ദൈവം എന്നെ സ്നേഹിച്ചു സൃഷ്ടിക്കാനും എന്നെ സ്പർശിക്കാനും മാത്രം ഞാൻ വിലയേറിയവനാണല്ലോ. ദൈവം ഭൂമിയെ സന്ദർശിക്കുന്ന മഹത്വം കാണാനിടയായപ്പോൾ ഒരു മാലാഖയെപ്പോലെ ഞാൻ ധന്യനായി."

"താങ്കൾ ചന്ദ്രനിൽ ഇറങ്ങി നടന്നത് എന്തൊരത്ഭുതമാണ്" എന്ന് ഇർവിനോട് പറഞ്ഞപ്പോൾ അദ്ദേഹം പ്രതിവചിച്ചു: "അതിലും വലിയ അത്ഭുതമാണ് ദൈവം മനുഷ്യനായി ഭൂമിയിൽ നടന്നത്."

മനുഷ്യൻ ആദ്യമായി ചന്ദ്രനിൽ കാലുകുത്തിയത് 1969 ജൂലൈ 21–ന് ആയിരുന്നു. മനുഷ്യൻ തിങ്കളാഴ്ച തിങ്കളിലിറങ്ങി എന്ന് പ്രമുഖ പത്രങ്ങൾ രേഖപ്പെടുത്തി. ചന്ദ്രനിൽ ഇറങ്ങിനിന്നുകൊണ്ട് നീൽ ആംസ്ട്രോംഗ് ആദ്യം പറഞ്ഞത് "Praise the Lord" എന്നാണ്. തുടർന്ന് അദ്ദേഹം ബൈബിൾ തുറന്ന് എട്ടാം സങ്കീർത്തനം വായിച്ചു.

"നിന്റെ വിരലുകളുടെ പണിയായ ആകാശത്തെയും നീ ഉണ്ടാക്കിയ ചന്ദ്രനെയും നക്ഷത്രങ്ങളെയും നോക്കുമ്പോൾ മർത്ത്യനെ നീ ഓർക്കേണ്ടതിന് അവൻ എന്ത്? മനുഷ്യപുത്രനെ സന്ദർശിക്കേണ്ടതിന് അവൻ എന്തുമാത്രം"? (സങ്കീ. 8:3,4.) അങ്ങനെ ബഹിരാകാശഗമനം നടത്തിയ ആദ്യഗ്രന്ഥമായി വിശുദ്ധ വേദപുസ്തകം.

നിത്യനായ ദൈവത്തിന്റെ യുഗപരിപാടിയിൽ മനുഷ്യനെ ഉൾപ്പെടുത്തിയ ദൈവസ്നേഹം എത്രമഹോന്നതം! നിത്യ നരകത്തിലേക്ക് ഒഴുകിക്കൊണ്ടിരുന്ന മനുഷ്യനെ നിത്യസ്വർഗ്ഗത്തിന്നവകാശിയാക്കാൻ ഭൂമിയിലേക്കിറങ്ങി വന്ന് നമ്മുടെ പാപങ്ങളൊക്കെയും

മായിച്ചുകളയുവാൻ കുരിശിൽ തിരുനിണം ചിന്തിയ ക്രിസ്തുവിന്റെ സ്നേഹം എത്ര അത്ഭുതകരം! ആ സ്നേഹത്തെ ശാസ്ത്രജ്ഞന്മാർ കണ്ടെത്തി, ചരിത്രകാരന്മാർ കണ്ടെത്തി, തത്വചിന്തകന്മാർ കണ്ടെത്തി, രാഷ്ട്രതന്ത്രജ്ഞർ കണ്ടെത്തി, എട്ടുംപൊട്ടും തിരിയാത്ത പാമരന്മാരും കണ്ടെത്തി. ആ സ്നേഹത്തെ പ്രകീർത്തിക്കുന്ന ഈ മനോഹരമായ പുസ്തകമെഴുതിയ എന്റെ പ്രിയ സഹോദരനെ ഞാൻ പ്രത്യേകം അനുമോദിക്കുന്നു.

ഈ ഗ്രന്ഥാനുശീലത്തിലൂടെ അനേകർ ക്രിസ്തുവിന്റെ ക്രൂശിലെ സ്നേഹം കണ്ടെത്തട്ടെ എന്ന് ഞാൻ ആശംസിക്കുന്നു. നിത്യപരിശുദ്ധനായ ദൈവത്തിന് സകല മഹത്വവും അർപ്പിച്ചുകൊണ്ട് ഈ ഗ്രന്ഥത്തെയും ഗ്രന്ഥകർത്താവിനെയും യേശുനാഥന്റെ അദൃശ്യകരം വാഴ്ത്തി അനുഗ്രഹിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**പ്രൊഫ. എം.വൈ. യോഹന്നാൻ**
**റിട്ടയേഡ് പ്രിൻസിപ്പൽ**
**സെന്റ്. പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി**

കടയിരുപ്പ്
15–12–2009

## അവതരണക്കുറിപ്പ്

“അതാ, എന്റെ പ്രിയന്റെ സ്വരം !” ഉത്തമഗീതം 2:8

“വാതിൽക്കൽ മുട്ടുന്ന എന്റെ പ്രിയന്റെ സ്വരം” : ഉത്തമഗീതം 5:2

ഈ പ്രിയന്റെ സ്വരം എന്തുപറയുന്നു?

“എന്റെ സഹോദരീ, എന്റെ പ്രിയേ, എന്റെ പ്രാവേ, എന്റെ നിഷ്ക്കളങ്കേ, തുറക്കുക.” ഉത്തമഗീതം 5:2

തന്റെ പ്രിയമക്കളുടെ ഹൃദയകവാടത്തിൽ മുട്ടിവിളിക്കുന്ന പ്രിയന്റെ സ്വരം.

ഈ പ്രിയന്റെ സ്വരമാണ് വിശുദ്ധ വേദപുസ്തകത്തിലെ നിത്യാനന്ദ മൊഴികൾ. യേശുക്രിസ്തുവിലൂടെ സ്നേഹവാനായ ദൈവം ലോകത്തിനുനല്കിയ രക്ഷാപദ്ധതിയെ വെളിപ്പെടുത്തുവാൻ മനുഷ്യനു നല്കിയ അനുഗൃഹീത സമ്മാനമാണ് ദൈവവചനം. അത്

പ്രിയന്റെ സ്നേഹമൂറുന്ന സ്വരമാണ്, മധുര ശബ്ദമാണ്.

സ്വർഗ്ഗത്തിൽ നിന്ന് മനുഷ്യനിലേക്ക് ഒഴുകിയെത്തുന്ന ദൈവ കൃപയുടെ ചാനലാണ് ജീവനുള്ളതും ജീവിപ്പിക്കുന്നതുമായ ദൈവ വചനം. ഈ വചനം ക്രിസ്തുവാണ്. വചനം നമ്മെ പാപത്തിൽ നിന്ന് അകറ്റും, അല്ലെങ്കിൽ പാപം നമ്മെ വചനത്തിൽ നിന്ന് അക റ്റും. അതുകൊണ്ടാണ് 119-ാം സങ്കീർത്തനം 11-ാം വാക്യത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് "ഞാൻ നിന്നോട് പാപം ചെയ്യാതിരി ക്കേണ്ടതിന് നിന്റെ വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു."

അശുദ്ധിയുടെ അന്ധകാരം പ്രപഞ്ചത്തെ മൂടുന്നു. കാപട്യം വളരുന്നു, കൊല്ലും കൊലയും പെരുകുന്നു; നീതി മുരടിക്കുന്നു. സാത്താന്യ കുരുക്കുകൾ പിടിമുറുക്കുന്നു. ഇന്നുലോകം ദുരന്ത ത്തിന്റെ ഭ്രമണപഥത്തിലാണ്. പ്രകൃതിയുടെ സന്തുലനാവസ്ഥ പോലും നഷ്ടപ്പെടുന്നു. മൂല്യങ്ങൾ നഷ്ടപ്പെട്ട ആധുനിക സമൂഹ ങ്ങളും രാഷ്ട്രങ്ങളും പരിഹാരം കാണാതെ പരിഭ്രമിക്കുകയാണ്.

ആധുനിക മനുഷ്യർ മുഖം മൂടി ധരിച്ചവരാണ്. പല കാരണ ങ്ങളാൽ മനുഷ്യർ പിരിമുറുക്കത്തിലാണ്, അസ്വസ്ഥതയിലാണ്. അനേക കുടുംബങ്ങൾ ഇന്ന് തകർച്ചയുടെ വക്കിലാണ്. മനസ്സു കൊണ്ട് വിവാഹമോചനം നേടിയവരാണ് പല ദമ്പതികളും. ആത്മ ഹത്യയും ആത്മഹത്യാ പ്രവണതയും പെരുകിവരുന്നു.

യുവതലമുറ ഇന്ന് വീടിനും നാടിനും ഒരുശല്യവും ഭാരവും ആയിത്തീർന്നിരിക്കുന്നു. ഇന്നത്തെ സമൂഹം ഒരു Bar Attached Society (മദ്യ ബന്ധിത സമൂഹം) ആണ്. നമുക്കെന്തുമാകാം, ഒരു നിയന്ത്രണവും ആവശ്യമില്ലെന്നുള്ള "ഓവർ പെർമിസ്സീവ് കൾച്ചർ" ആണ് യുവതി യുവാക്കന്മാരിൽ വേരുപിടിച്ചിരിക്കുന്നത്.

ഈ അത്യന്തം ഗുരുതരമായ അവസ്ഥയിൽ നിന്ന് കരകയറാനുള്ള മാർഗ്ഗം എന്താണ്?

സോൾ ഷെനിട്സിൻ എന്ന റഷ്യൻ മാർക്സിസ്റ്റ് നേതാവ് (നോബൽ സമ്മാനം നേടിയ ആൾ) പറഞ്ഞു "ലോകത്തിന്റെ ഭാവി, ദേവാലയങ്ങളിലല്ല പരീക്ഷണശാലകളിലാണ്, പ്രവാചകന്മാരിലല്ല, ശാസ്ത്രജ്ഞന്മാരിലാണ്, ഭക്തിയിലല്ല പ്രവൃത്തിയിലാണ്."

എന്നാൽ വർഷങ്ങൾ കഴിഞ്ഞപ്പോൾ അദ്ദേഹം തിരുത്തിപ്പറഞ്ഞു: "എന്റെ സങ്കൽപങ്ങൾ കടലാസുകൊട്ടാരം പോലെ തകർന്നടിഞ്ഞിരിക്കുന്നു. എല്ലാറ്റിനും പരിഹാരം സ്നേഹമെന്ന ക്രിസ്തുമാർഗ്ഗമാണ്." മാറ്റമില്ലാത്ത ദൈവവചനം അനേകരിൽ മാറ്റം വരുത്തിക്കൊണ്ടിരിക്കുന്നു. ശാസ്ത്രത്തിനോ, തത്വജ്ഞാനത്തിനോ ഇല്ലാത്ത വൻ സ്വാധീനശക്തി വചനത്തിനുണ്ട്. യേശുവിന്റെ മനോഭാവങ്ങളെ, വികാരങ്ങളെ, കാഴ്ച്ചപ്പാടുകളെ സ്വന്തം ജീവിത്തിലേക്ക് സ്വാംശീകരിക്കുവാൻ നമുക്ക് സാധിക്കണം. ക്രിസ്തുവൽക്കരണം നടന്നാൽ പ്രശ്നങ്ങളെ അതിജീവിച്ച് നമുക്ക് മുന്നോട്ടുവരാം. നിങ്ങളുടെ ജീവിതത്തിന്റെ മുഴുവൻ അധിപനും അടിസ്ഥാനവും ഉറവിടവും ഉള്ളടക്കവും നിങ്ങളെ സ്നേഹിച്ച് നിങ്ങൾക്കുവേണ്ടി മരിച്ച യേശുകർത്താവായിരിക്കട്ടെ. ആയതിന് 'പ്രിയന്റെ സ്വര'മാകുന്ന ദൈവവചനം പഠിക്കുകയും ജീവിതത്തിൽ പകർത്തുകയും പ്രചരിപ്പിക്കുകയും വേണം.

സത്യവഴി അറിയാതെ അലയുന്ന അനേകം സത്യാന്വേഷികൾക്ക് സത്യം ഗ്രഹിക്കുവാനും പിൻതുടരുവാനും ദൈവവചനത്തിന്റെ ലളിതമായ ഈ ആലോചനകൾ മുഖാന്തിരമായി ഭവിക്കട്ടെ; എന്ന് പ്രാർത്ഥിച്ചുകൊണ്ട് എന്റെ സർവ്വസ്വവുമായ യേശുനാഥന്റെ തൃപ്പാദത്തിൽ ഈ ചെറുഗ്രന്ഥം സമർപ്പിക്കുന്നു.

ഈ പുസ്തകത്തിന് ഹൃദ്യമായ അവതാരിക എഴുതിത്തന്ന

എന്റെ ആത്മീയഗുരുവായ ബ്ര: എം.വൈ. യോഹന്നാൻ സാറിനോടുള്ള കൃതജ്ഞത നിസ്സീമമാണ്. അദ്ദേഹം എന്റെ ഈ പരിശ്രമത്തിൽ എല്ലാവിധ പ്രോത്സാഹനങ്ങളും നല്കി എന്നെ അനുഗ്രഹിക്കുകയും ഈ ഗ്രന്ഥത്തിന്റെ കൈയ്യെഴുത്തുപ്രതി വളരെ തിരക്കിനിടയിൽ സശ്രദ്ധം വായിച്ച് വേണ്ട തിരുത്തലുകൾ ചെയ്യുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു സഹായിച്ചു എന്നത് ഒരു പദവിയും ബഹുമതിയുമായി ഞാൻ കരുതുന്നു. പ്രിയങ്കരനായ യോഹന്നാൻസാർ നേതൃത്വം കൊടുക്കുന്ന ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പാണ് എന്നെ ഞാനാക്കിതീർത്തത്. ഈ പുസ്തകം രൂപം പ്രാപിക്കുവാൻ കാരണം തന്നെ ബ്ര: യോഹന്നാൻ സാറും കൂട്ടായ്മയുമാണ്.

ഈ ചെറിയ പുസ്തകത്തിന്റെ രചനയിലും ഇത് പുസ്തകത്തിൽ ആക്കുന്നതിലും എന്നെ വളരെയധികം സഹായിച്ച എന്റെ കൂട്ടുസഹോദരങ്ങളോടും എനിക്ക് ഹൃദയം നിറഞ്ഞ നന്ദിയുണ്ട്.

സർവ്വോപരി തികച്ചും ബലഹീനനായ എനിക്ക് ഈ ചെറു ഗ്രന്ഥം രചിക്കുവാൻ ശക്തിയും കൃപയും തന്ന എന്റെ രക്ഷകനായ യേശു കർത്താവിന് മാനവും മഹത്വവും കരേറ്റുന്നു.

ഈ പുസ്തകം വായനക്കാരായ ഏവർക്കും പ്രയോജനകരമായിത്തീരട്ടെ എന്നുള്ള പ്രാർത്ഥനയോടെ,

ക്രിസ്തുവിൽ നിങ്ങളുടെ എളിയ സഹോദരൻ.

**സി.എം. മാത്യു, ചാന്ത്യം**

കോലഞ്ചേരി

17–11–2009

## ഒന്ന്

# ദൈവവിളി

"അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പു മൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നതു. വിശ്വസിക്കുന്നവർക്കു അവൻ തന്റെ രക്തം മൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു."

റോമർ 3:24,25

വേദപുസ്തകത്തിലെ കേന്ദ്രവിഷയം വീണ്ടെടുപ്പാണ്. പാപം മൂലം ദൈവസംസർഗ്ഗത്തിൽ നിന്നു വേർപ്പെട്ടുപോയ മനുഷ്യനെ തേടി ദൈവത്തിന്റെ സ്നേഹവിളിയുടെ ആദ്യശബ്ദം മുഴങ്ങി.

"യഹോവയായ ദൈവം മനുഷ്യനെ വിളിച്ചു. നീ എവിടെ എന്നു ചോദിച്ചു."

ഉല്പത്തി 3:9.

ചെയ്യരുതാത്തതു ചെയ്തവനെ, ദൈവകൂട്ടായ്മയിൽ നിന്നും അകന്നു പോയവനെ, പാപം ചെയ്തിട്ടു ദൈവസന്നിധിയിൽ വെളിപ്പെടുവാൻ ധൈര്യപ്പെടാതെ ഒളിച്ചിരിക്കുന്നവനെ, ജീവിതത്തിൽ മനഃപൂർവ്വം പാപം ചെയ്തു ദൈവത്തെ തള്ളിപ്പറഞ്ഞവനെ മടങ്ങി വരുവാൻ ദൈവം വിളിക്കുകയാണ്.

> "യിസ്രായേലേ, നിന്റെ ദൈവമായ യഹോവയുടെ അടുക്കലേക്കു മടങ്ങിച്ചെല്ലുക; നിന്റെ അകൃത്യം നിമിത്തം അല്ലോ നീ വീണിരിക്കുന്നതു."
>
> ഹോശേയ 14:1

സാത്താന്റെ അധീനതയിൽ കിടക്കുന്ന ലോകത്തിൽ നിന്ന് മുൻകണ്ടവരെ ദൈവം വിളിച്ചു വേർതിരിച്ച് തന്റെ ജനമായി തന്റെ സഭയോട് (എക്ലീസിയ) ചേർത്തു നിർത്തിയിരിക്കുകയാണ്.

എന്തിനാണ് ദൈവം തന്റെ ജനത്തെ വിളിച്ചത്?

**ഒന്ന് : വിശുദ്ധീകരണത്തിനുള്ള വിളി**

> "ദൈവം നമ്മെ അശുദ്ധിക്കല്ല, വിശുദ്ധീകരണത്തിനത്രേ വിളിച്ചതു"
>
> 1 തെസ്സലോനിക്യർ 4:7

> "നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന്നു അവൻ ലോകസ്ഥാപനത്തിനു മുമ്പെ നമ്മെ അവനിൽ തിരഞ്ഞെടുക്കുകയും..."
>
> എഫെസ്യർ 1:4

ദൈവമക്കളുടെ ശക്തി അവരുടെ വിശുദ്ധിയാണ്. ദൈവവിളിക്കു പൗലോസ് ശ്ലീഹാ നല്കുന്ന പേര് 'വിശുദ്ധ വിളി' എന്നാ

ണ്. 'God has called us for a Holy life'

വീണ്ടും ചില വേദഭാഗങ്ങൾ നമുക്കു വായിക്കാം.

"ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നേ."

1 തെസ്സലോനിക്യർ 4:3

"എന്നാൽ ഇപ്പോൾ പാപത്തിൽ നിന്നു സ്വാതന്ത്ര്യം പ്രാപിച്ചു ദൈവത്തിനു ദാസന്മാരായിരിക്കയാൽ നിങ്ങൾക്കു ലഭിക്കുന്ന ഫലം വിശുദ്ധീകരണവും അതിന്റെ അന്ത്യം നിത്യജീവനും ആകുന്നു."

റോമർ 6:22

"നിങ്ങളെ വിളിച്ച വിശുദ്ധനു ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ. "ഞാൻ വിശുദ്ധൻ ആകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ" എന്നു എഴുതിയിരിക്കുന്നുവല്ലോ."

1 പത്രോസ് 1:15,16

വിശുദ്ധീകരണം ദൈവത്തിന്റെ മാറ്റമില്ലാത്ത കല്പനയാണ്. വിശുദ്ധീകരണത്തിന്റെ പ്രധാന ഉപാധികൾ ദൈവവചനവും യേശുക്രിസ്തുവിന്റെ രക്തവുമാണ്. സ്വർഗ്ഗരാജ്യം വിശുദ്ധമാണ്. ഒരു അശുദ്ധനും അവിടെ കടക്കുകയില്ല .

ലോകത്തിലുള്ള യാതൊന്നിനാലും കറ പറ്റാത്ത ഒരു ജീവിതമാണ് നാം നയിക്കേണ്ടത്. കറകൾ പറ്റിയതു ഏറ്റുപറഞ്ഞ് പാപത്തെ എന്നേയ്ക്കുമായി ഉപേക്ഷിച്ച് മേലിൽ ആവർത്തിക്കുകയില്ല എന്ന് ഉറപ്പായ തീരുമാനമെടുത്ത് അനുതാപത്തോടും കണ്ണുനീരോടും കൂടി

ക്രൂശിനെ കെട്ടിപ്പിടിച്ച് കരയുക. ഡോ. എച്ച്.ആർ. മക്കിന്റേഷ് പറഞ്ഞത് ശ്രദ്ധേയമാണ്. "പാപികളെ സ്വീകരിക്കുന്ന ഒരു ദൈവത്തെ യേശുവിൽ കാണാൻ സാധിച്ചതാണ് ക്രിസ്തുമതം വിജയിക്കാനിടയായത്.

അപ്പോൾ സകല പാപവും പോക്കി ശുദ്ധീകരിക്കുന്ന അറുക്കപ്പെട്ട കുഞ്ഞാടിന്റെ രക്തം പാപിയെ കഴുകി ഹിമം പോലെ വെണ്മയാക്കും. വിശുദ്ധി നിങ്ങളുടെ കൈമുതലാകും. യേശുവിന്റെ വിശുദ്ധിയുടെ സുഗന്ധം ദൈവമക്കളുടെ ജീവിതത്തിൽ ലോകം മണക്കാൻ തുടങ്ങും. ഉയിർത്തെഴുന്നേറ്റു ജീവിക്കുന്ന ക്രിസ്തുവിനെ നിങ്ങൾ സ്വന്തമായി അനുഭവിക്കുവാൻ തുടങ്ങും. യേശുവിന്റെ സാമീപ്യം നിങ്ങൾ അനുഭവിക്കും.

**രണ്ട് : ഇരുട്ടിൽ നിന്നു വെളിച്ചത്തിലേക്കുള്ള വിളി**

> "നിങ്ങളോ അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുത പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധ വംശവും സ്വന്തജനവും ആകുന്നു."
>
> 1 പത്രൊസ് 2:9

> "ദൈവം വെളിച്ചം ആകുന്നു; അവനിൽ ഇരുട്ടു ഒട്ടും ഇല്ല എന്നുള്ളതു ഞങ്ങൾ അവനോടു കേട്ടു നിങ്ങളോടു അറിയിക്കുന്ന ദൂതാകുന്നു."
>
> 1 യോഹന്നാൻ 1:5

ഇരുട്ട് സാത്താനെ കാണിക്കുന്നു. "പൗലോസു ശ്ലീഹാ എഫേ

സ്യലേഖനത്തിൽ പറയുന്ന “അന്ധകാരത്തിന്റെ ലോകാധിപതി”, പിശാചിനെ കാണിക്കുന്നു. (എഫേസ്യർ 6:12) "God has called you out of the darkness into the glorious life".

യേശു പറഞ്ഞു ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു, എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവനാകും. അന്ധകാരാവൃതമായ ലോകത്തെ പ്രകാശിപ്പിക്കുന്ന വെളിച്ചം യേശുവാണ്. പാപാന്ധകാരം മൂടിയിരിക്കുന്ന ഈ ലോകത്തിൽ പ്രകാശകേന്ദ്രം ഒന്നേയുള്ളൂ, അതു ക്രിസ്തുവാണ്.

സുവിശേഷത്തിന്റെ ലാക്കും ലക്ഷ്യവും മനുഷ്യനെ ഇരുളിൽ നിന്നും വെളിച്ചത്തിലേക്കു തിരിക്കുക എന്നതാണ്. സാത്താന്റെ അധികാരത്തിൽ നിന്നും ദൈവത്തിന്റെ സ്നേഹത്തിലേക്കു മടക്കി വരുത്തുക എന്നതാണ്.

> “അവർക്കു പാപമോചനവും എന്നിലുള്ള വിശ്വാസത്താൽ ശുദ്ധീകരിക്കപ്പെട്ടവരുടെ ഇടയിൽ അവകാശവും ലഭിക്കേണ്ടതിന്നു അവരുടെ കണ്ണു തുറപ്പാനും അവരെ ഇരുളിൽ നിന്നു വെളിച്ചത്തിലേക്കും സാത്താന്റെ അധികാരത്തിൽ നിന്നു ദൈവത്തിങ്കലേക്കും തിരിപ്പാനും ഞാൻ ഇപ്പോൾ നിന്നെ അവരുടെ അടുക്കൽ അയയ്ക്കുന്നു എന്നു കല്പ്പിച്ചു.”
>
> അപ്പൊ. പ്രവൃത്തികൾ 26:18.

ക്രിസ്തു തന്റെ ശിഷ്യന്മാരെ വെളിച്ചത്തിന്റെ മക്കൾ എന്നാണ് വിളിച്ചിരിക്കുന്നത്. വെളിച്ചമാകുന്ന ക്രിസ്തുവിനെ സ്വീകരിച്ചവർക്കു ഏറ്റവും പുറത്തുള്ള നരകത്തിന്റെ ഇരുട്ട് അവകാശമാക്കേണ്ടി വരുകയില്ല. കരിക്കട്ടയെ തീ പിടിപ്പിക്കുന്ന തീക്കട്ടയാണ് ക്രിസ്തു. ക്രിസ്തുവിനെ വ്യക്തിപരമായി നാം സ്വീകരിക്കുമ്പോൾ ഈ തീ

നമ്മിലേക്ക് പ്രവേശിച്ച് നമ്മെ വെളിച്ചമുള്ളവരാക്കുന്നു.

**മൂന്ന് : കൂട്ടായ്മയിലേക്കുള്ള വിളി**

> "തന്റെ പുത്രനും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൂട്ടായ്മയിലേക്കു വിളിച്ചിരിക്കുന്ന ദൈവം വിശ്വസ്തൻ"
>
> 1 കൊരിന്ത്യർ 1:9

കാൽവരി ക്രൂശിന്റെ ചുവട്ടിൽ ഒന്നിച്ചു കൂടുന്ന കാൽവറിത്തറവാട്ടിലെ പ്രിയമക്കൾ ഒരിക്കലും ഒരു ഏകഘടകമല്ല. ആദിമനൂറ്റാണ്ടിലെ ക്രിസ്ത്യാനികളെക്കുറിച്ച് വേദപുസ്തകം എന്തു പറയുന്നു എന്നു നോക്കാം.

> "അവർ അപ്പോസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു."
>
> അപ്പോ. പ്രവൃത്തികൾ 2:42

ദൈവമക്കൾക്കു ദൈവത്തോടും ദൈവജനത്തോടും ആഴമായ സ്നേഹബന്ധവും, സംസർഗ്ഗവും, സഹവാസവും ആവശ്യമാണ്. അവർ യേശുവിന്റെ ക്രൂശിന്റെ ചുവട്ടിൽ കണ്ടുമുട്ടി വിശുദ്ധീകരണത്തിന്റെ പാതയിലൂടെ സ്വർഗ്ഗ സീയോൻ പുരിയിലേക്കു യാത്ര ചെയ്യുന്ന സഹയാത്രക്കാർ ആണ്. ഈ സ്നേഹബന്ധം ലൗകീക ബന്ധങ്ങളേക്കാൾ ശ്രേഷ്ഠമാണ്. അതിന്റെ കാരണമെന്ത് എന്നു നോക്കാം.

- "അവർ ഒരു പിതാവിൽ നിന്നു ജനിച്ചവരാണ്.

> "കാണ്മിൻ നാം ദൈവമക്കളെന്നു വിളിക്കപ്പെടുവാൻ പിതാവു നമുക്കു എത്ര വലിയ സ്നേഹം നല്കിയി

രിക്കുന്നു.”

1 യോഹന്നാൻ 3:1

- അവർ ഒരേ വിലകൊടുത്ത് വാങ്ങപ്പെട്ടവരാണ്.

“ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ”

1 കൊരിന്ത്യർ 6:19

- അവർ ഒരേ ശരീരത്തിന്റെ അവയവങ്ങളാണ്.

“നാം അവന്റെ ശരീരത്തിന്റെ അവയവങ്ങളല്ലോ.”

എഫെസ്യർ 5:30

- അവർ ഒരേ ഗുരുവിന്റെ ശിഷ്യന്മാരാണ്.

“നിങ്ങളോ റബ്ബീ എന്നു പേർ എടുക്കരുത്. ഒരുത്തൻ അത്രേ നിങ്ങളുടെ ഗുരു”

മത്തായി. 23:8

- അവർ ഇടുക്കു വാതിൽ കടന്ന് ജീവങ്കലേക്കു പോകുന്നവരാണ്.

“ഇടുക്കു വാതിലിലൂടെ അകത്തു കടപ്പിൻ”

മത്തായി 7:13

ഇപ്രകാരം ജീവിക്കുന്ന ദൈവമക്കളുടെ അത്യന്തിക ഫലം നാം

ഒരുമിച്ച് കർത്താവിനെ എതിരേല്പ്പാൻ എടുക്കപ്പെടും എന്നതാണ്.

> "കർത്താവു താൻ ഗംഭീര നാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹള ത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവരി കയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴു ന്നേല്ക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷി ക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പ്പാൻ മേഘങ്ങളിൽ എടു ക്കപ്പെടും. ഇങ്ങനെ നാം എപ്പോഴും കർത്താവിനോടു കൂടെ ഇരിക്കും."
>
> 1 തെസ്സലോനിക്യർ 4:16–17.

അങ്ങനെ ഒരു ദിവസം നാം സ്വർഗ്ഗവീട്ടിൽ, നിത്യകൂട്ടായ്മ യിൽ ഒരുമിച്ചു കൂടും.

**നാല് : അനുഗ്രഹത്തിനായുള്ള വിളി**

> "ദോഷത്തിനു ദോഷവും ശകാരത്തിനു ശകാരവും പകരം ചെയ്യാതെ നിങ്ങൾ അനുഗ്രഹം അനുഭവിക്കേ ണ്ടതിന്നു വിളിക്കപ്പെട്ടതു കൊണ്ടു അനുഗ്രഹിക്കു ന്നവരായിരിപ്പിൻ"
>
> 1 പത്രൊസ് 3:9

കർത്താവു വന്നത് മനുഷ്യനെ ശാപത്തിൽ നിന്നും അനുഗ്ര ഹത്തിലേക്കു വിളിക്കുവാനാണ്. ശാപത്തിന്റെ ദോഷഫലങ്ങളിൽ നിന്നും ഒഴിഞ്ഞുമാറി, മനുഷ്യൻ അനുഗ്രഹത്തിന്റെ സൽഗുണങ്ങൾ അനുഭവിക്കാനാണ് ദൈവം ആഗ്രഹിക്കുന്നതും പ്രവർത്തിക്കുന്ന തും. എന്നാൽ ദൈവജനത്തെ അനുഗ്രഹത്തിൽ നിന്നും തടയുന്ന വേലിക്കെട്ടാണ് ശാപം.

"കാരണം കൂടാതെ ശാപം പറ്റുകയില്ല"

സദൃശവാക്യങ്ങൾ 26:2

ശാപത്തിന്റെ കാരണം പാപമാണ്. ക്രിസ്തു നമുക്കു വേണ്ടി ശാപമായിത്തീർന്നു എന്നു ഗലാത്യ ലേഖനത്തിൽ വി. പൗലോസു പറയുന്നു. (ഗലാത്യർ 3:13) ക്രിസ്തു നമ്മുടെ ശാപങ്ങളെ വഹിച്ച് പകരം നമുക്ക് അനുഗ്രഹങ്ങൾ നല്കി.

ക്രിസ്തുവിൽ കൂടിയാണ് സകല ആത്മീയാനുഗ്രഹങ്ങളും നമുക്കു നല്കിയിരിക്കുന്നത്. യേശുവിൽ നമുക്കു ലഭിക്കുന്ന ആത്മീയാനുഗ്രഹങ്ങളെക്കുറിച്ച് എഫെസ്യർ ഒന്നിന്റെ മൂന്നു മുതൽ പതിനാലു വരെ വായിച്ചാൽ മനസ്സിലാക്കുവാൻ കഴിയും.

"അവനിൽ നമുക്കു അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പ് ഉണ്ട്."

എഫെസ്യർ 1:7

"തന്റെ സ്വന്തജനത്തിന്റെ വീണ്ടെടുപ്പിനു വേണ്ടി തന്റെ മഹത്വത്തിന്റെ പുകഴ്ച്ചയ്ക്കായിട്ടു നമ്മുടെ അവകാശത്തിന്റെ അച്ചാരമായ വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു."

എഫെസ്യർ 1:14

ക്രിസ്തുവിൽ കൂടിയാണ് വ്യക്തിയും സമൂഹവും അനുഗ്രഹിക്കപ്പെടുന്നത്. ക്രിസ്തുവിനെ കൂടാതെ ഒരു അനുഗ്രഹവും ഇല്ല.

**അഞ്ച് : കഷ്ടം സഹിപ്പാനുള്ള വിളി**

"നിങ്ങൾ കുറ്റം ചെയ്തിട്ടു അടികൊള്ളുന്നതു സഹി

ച്ചാൽ എന്തു യശസ്സുള്ളു? അല്ല, നന്മ ചെയ്തിട്ടു കഷ്ടം സഹിച്ചാൽ അതു ദൈവത്തിനു പ്രസാദം. അതിനായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നത്"

1 പത്രൊസ് 2:20–21

ക്രിസ്തീയ ജീവിതം കഷ്ടതകൾ താണ്ടിയുള്ള ജീവിതമാണ്. കഷ്ടനഷ്ടങ്ങളും പ്രയാസങ്ങളും, ആകുല ദുഃഖങ്ങളം, രോഗവി യോഗങ്ങളും, നിന്ദപരിഹാസങ്ങളും ജീവിതത്തിൽ ഉടനീളം കാണാം. ഇവയെല്ലാം സന്തോഷത്തോടെ വഹിച്ചേ പറ്റൂ. ആർത്തി രമ്പുന്ന ചെങ്കടലും ചുട്ടുപൊള്ളുന്ന മരുഭൂമിയും ക്രിസ്തീയ ജീവി തത്തിലുണ്ട്.

"ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ട്, എങ്കിലും ധൈര്യപ്പെടുവിൻ, ഞാൻ ലോകത്തെ ജയിച്ചിരി ക്കുന്നു എന്നു പറഞ്ഞു."

യോഹന്നാൻ 16:33

നാം അനേകം കഷ്ടങ്ങളിൽ കൂടി ദൈവരാജ്യത്തിൽ കടക്കേ ണ്ടതാകുന്നു. ക്രിസ്ത്യാനികൾ ഒരു രക്തസാക്ഷി സംഘമാണ്. ക്രിസ്തീയ പാത ക്രൂശു വഹിച്ചുകൊണ്ടുള്ള യാത്രയാണ്. കഷ്ട ങ്ങളിൽ കൂടിയല്ലാതെ ആരും വിശുദ്ധരായിത്തീരുകയില്ല. ക്രൂശി ല്ലാതെ കിരീടവുമില്ല. ഓരോ കഷ്ടത്തിലും ഓരോ സന്ദേശമുണ്ട്.

"നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സു വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്നു ഞാൻ എണ്ണുന്നു."

റോമർ 8:18

വിശുദ്ധന്മാർക്കു തേജസ്സിന്റെ നിത്യഘനം ലഭിക്കേണ്ടതിനുള്ള

മുഖാന്തിരമാണ് കഷ്ടതകൾ. ആകയാൽ നിങ്ങളുടെ ദുഃഖങ്ങളെ പാഴാക്കരുത്. കഷ്ടതയുടെ കൈയ്പ്പു വലിച്ചെടുത്ത് അനുഗ്രഹത്തിന്റെ മധുരം തരാൻ നാട്ടപ്പെട്ട മരമാണ് കാൽവറിക്കുരിശ്.

**ആറ് : രക്ഷയ്ക്കുള്ള വിളി**

> "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ മഹത്വം പ്രാപിപ്പാനല്ലോ അവൻ ഞങ്ങളുടെ സുവിശേഷഘോഷണത്താൽ നിങ്ങളെ രക്ഷയ്ക്കു വിളിച്ചത്."
>
> 2 തെസ്സലോനിക്യർ 2:14

മനുഷ്യരാശിയുടെ രക്ഷയ്ക്കുള്ള അടിസ്ഥാനം മനുഷ്യാവതാരം ചെയ്ത വചനമായ യേശുക്രിസ്തുവിന്റെ ക്രൂശുമരണവും, ഉയിർപ്പും, സ്വർഗ്ഗാരോഹണവും തന്നെ. മാനവജാതി മുഴുവന്റെയും രക്ഷയ്ക്കുള്ള ഏകനാമം യേശുക്രിസ്തു മാത്രമാണ്.

> "മറ്റൊരുത്തനിലും രക്ഷയില്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവും ഇല്ല"
>
> അപ്പൊ. പ്രവൃത്തികൾ 4:12

യേശുക്രിസ്തു പല രക്ഷകരിൽ ഒരാളല്ല. സകല രക്ഷയുടെയും ഏക ഉറവയത്രേ. നാം അദ്ധ്വാനിച്ചു രക്ഷ പ്രാപിക്കുകയല്ല; പകരം ക്രൂശിൽ പൂർത്തീകരിച്ച രക്ഷണ്യ പ്രവൃത്തിയിൽ വിശ്വസിച്ചു രക്ഷ പ്രാപിക്കുകയാണ്. ഇത്ര വലിയ രക്ഷ നാം ഗണ്യമാക്കാതെ പോയാൽ അത്ര വലിയ ശിക്ഷ അനുഭവിക്കേണ്ടിവരും. മാനവരാശിക്കു രക്ഷാദൂത് പ്രസിദ്ധം ചെയ്തു കൊണ്ട് സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്നവനാണ് യേശുക്രിസ്തു.

## ഏഴ്: നിത്യതേജസ്സിനായുള്ള വിളി

> "എന്നാൽ അല്പകാലത്തേക്കു കഷ്ടം സഹിക്കുന്ന നിങ്ങളെ ക്രിസ്തുവിൽ തന്റെ നിത്യതേജസ്സിനായി വിളിച്ചിരിക്കുന്ന സർവ്വകൃപാലുവായ ദൈവം തന്നേ യഥാസ്ഥാനപ്പെടുത്തി ഉറപ്പിച്ചു ശക്തീകരിക്കും".
>
> 1 പത്രൊസ് 5:10

ഇത് ഏറ്റവും വലിയ അനുഗ്രഹത്തിനായുള്ള വിളിയാണ്. ഇത് മഹത്വത്തിലേക്കുള്ള വിളിയാണ്. നിത്യ സന്തോഷത്തിലേക്കുള്ള വിളിയാണ്.

> "യഹോവയാൽ അനുഗ്രഹിക്കപ്പെട്ടവനേ, അകത്തു വരിക; എന്തിനു പുറത്തു നില്ക്കുന്നു.?"
>
> ഉല്പത്തി 24:31

> "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ മഹത്വം പ്രാപിപ്പാനല്ലോ അവൻ ഞങ്ങളുടെ സുവിശേഷഘോഷണത്താൽ നിങ്ങളെ രക്ഷെക്കു വിളിച്ചതു"
>
> 2 തെസ്സലോനിക്യർ 2:14

ദൈവിക തേജസ്സ് നഷ്ടപ്പെട്ട് ഒളിച്ചിരിക്കുന്ന മനുഷ്യനെ തേടി ഏദെൻ തോട്ടത്തിലേക്കു ഇറങ്ങിവരുന്ന ദൈവസ്നേഹത്തെ ഏദെൻ തോട്ടത്തിൽ നാം കാണുന്നു. 'നീ എവിടെ' എന്നുള്ള സ്വർഗ്ഗത്തിന്റെ വിളി ഉല്പത്തി മുതൽ വെളിപ്പാടു വരെ വേദപുസ്തകത്തിലുടനീളം മുഴങ്ങിക്കേൾക്കുന്നുണ്ട്. പാപക്കുഴിയിൽ വീണുപോയ മനുഷ്യനോടു "കയറി വരിക" എന്നു വിളിക്കുന്ന സ്നേഹമോലുന്ന ശബ്ദം!

"അനന്തരം സ്വർഗ്ഗത്തിൽ ഒരു വാതിൽ തുറന്നിരിക്കുന്നതു ഞാൻ കണ്ടു; കാഹളനാദം പോല എന്നോടു സംസാരിച്ചു കേട്ട ആദ്യത്തെ ശബ്ദം എന്നോടു; ഇവിടെ കയറി വരിക; ......"

വെളിപ്പാടു 4:1

ദൈവവിളിയെക്കുറിച്ച് ഇപ്പോൾ നാം ഏഴു കാര്യങ്ങൾ ചിന്തിച്ചു.

ഒന്ന് : വിശുദ്ധീകരണത്തിനുള്ള വിളി

രണ്ട് : ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്കുള്ള വിളി

മൂന്ന് : കൂട്ടായ്മയിലേക്കുള്ള വിളി

നാല് : അനുഗ്രഹത്തിനായുള്ള വിളി

അഞ്ച് : കഷ്ടം സഹിപ്പാനുള്ള വിളി

ആറ് : രക്ഷയ്ക്കുള്ള വിളി

ഏഴ് : നിത്യതേജസ്സിനായുള്ള വിളി

ദൈവജനമേ, ഈ സ്നേഹത്തിന്റെ വിളി കേട്ട് മടങ്ങിവരിക.യേശു നിന്നെ വിളിക്കുന്നു. മകനെ, എന്തിനു മടിച്ചു പുറത്തു നില്ക്കുന്നു. മകളെ, അകത്തു കടന്നുവരിക. അവനോടൊപ്പം സന്തോഷിക്കാം. ഇന്ന് യേശുരക്ഷകന്റെ വിളി കേട്ട് അനുസരിച്ച് അടുത്തു വന്നാൽ അന്ന് പേർ വിളിക്കും നേരം നിത്യവീട്ടിൽ കാന്തനുമൊത്തു വാഴാം. അതിന് ദൈവവചനം നമ്മെ സഹായിക്കട്ടെ.

## രണ്ട്

## ദൈവകൃപ (DIVINE GRACE)

"അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പു മൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നത്."

റോമർ 3:24

"അവൻ എന്നോടു: എന്റെ കൃപ നിനക്കു മതി; എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞു വരുന്നു എന്നു പറഞ്ഞു."

2 കൊരിന്ത്യർ 12:9.

"കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളോടെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ. ആമേൻ."

വെളിപ്പാടു 22:21.

ഗ്രീക്കുഭാഷയിൽ 'ചാരിസ് – 'Charis' - എന്നു ഉപയോഗിക്കുന്ന പദം. ഇംഗ്ലീഷിൽ "GRACE" എന്നും, മലയാളത്തിൽ 'കൃപ' എന്നും പരിഭാഷപ്പെടുതിയിരിക്കുന്നു. കാരുണ്യത്തിന്റെയും ആർദ്രതയുടെയും സന്മനസിന്റെയും ഫലമായി അർഹതയില്ലാത്തവർക്ക് നല്കുന്ന സൗജന്യ ദാനം എന്നു കൃപയെ നിർവചിക്കാം.

ദൈവം മനുഷ്യനെ സ്വന്തം സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ചു. എന്നാൽ മനുഷ്യൻ സാത്താന്റെ ആലോചനയ്ക്ക് ചെവികൊടുത്തതോടെ ദൈവത്തിൽ നിന്നും അകന്നു പോയി. അതോടെ ജഡത്തിനും ജഡീകയിച്ഛകൾക്കും, സുഖത്തിനും സുഖഭോഗങ്ങൾക്കും, ലോകത്തിനും ലോകയിമ്പങ്ങൾക്കും അടിമയായി മാറി. ജഡമോഹം, കൺമോഹം, പ്രതാപമോഹം എന്നിവയിലേക്കു അവന്റെ ജീവിതം വഴുതിവീണു. എങ്കിലും വഴിതെറ്റി അധഃപതിച്ചുപോയ മനുഷ്യനെ തേടി സ്വർഗ്ഗീയ സ്നേഹം വീണ്ടും ഭൂമിയിലേക്കു ഇറങ്ങിവന്നു. ദൈവീക സംസർഗ്ഗത്തിൽ നിന്നും അകന്നുപോയ മനുഷ്യനെ തന്റെ സൗജന്യ രക്ഷയും നിത്യജീവനും അവകാശമാക്കുന്നതിനും ക്രിസ്തു ക്ഷണിക്കുന്ന രക്ഷണ്യസ്നേഹമാണ് 'കൃപ'. Kindness bestowed upon some one undeserving.

വേദപുസ്തകത്തിലെ ആദ്യപുസ്തകമായ ഉല്പത്തിയിൽ ദൈവകല്പന ലംഘിച്ച് ഒളിച്ചിരുന്ന മനുഷ്യനെ തേടി പുറപ്പെട്ട ദൈവകൃപ അവസാന പുസ്തകമായ വെളിപ്പാടിന്റെ അവസാന വാചകം വരെയും ഇടമുറിയാതെ ഒഴുകുകയാണ്. ശിക്ഷാർഹരായ പാപികളെ സൗജന്യമായി രക്ഷിച്ചു ശുദ്ധീകരിക്കുന്ന ദൈവകൃപ!

William Mac Donald - പറഞ്ഞു: "കൃപ താഴോട്ടു പാപികളിലേക്കു ഒഴുകുന്നതാണ്. നന്മയ്ക്കു അംഗീകാരം നല്കുന്നതു നീതിയാണ്, കൃപയല്ല."

പ്രതിഫലം ഒന്നും ആഗ്രഹിക്കാതെ പ്രദർശിപ്പിക്കുന്ന ദയയാണ് കൃപ. അത് അദ്ധ്വാനിച്ചു സമ്പാദിക്കുവാനോ, അവകാശപ്പെടുവാനോ, വിലയ്ക്കു വാങ്ങാനോ, കഴിയുന്നതല്ല. ദൈവകൃപയ്ക്കു അപ്രാപ്തരായി ആരും തന്നെയില്ല. മനുഷ്യന്റെ എന്തെങ്കിലും യോഗ്യതയോ, പാപത്തിന്റെ വലിപ്പമോ കൃപയുടെ ഒഴുക്കിനു മാനദണ്ഡമല്ല.

ജെ.എൻ ഡാർബി പറയുന്നു: "കൃപ എന്നു വച്ചാൽ ഓരോ പാപത്തിനുമുള്ള പരിപൂർണ്ണ സൗജന്യ മോചനം ലഭിച്ചവരിൽ നിന്നും ഒന്നും ആവശ്യപ്പെടുകയോ, പ്രതീക്ഷിക്കുകയോ ചെയ്യാത്ത ദയയുടെ ഒരു പ്രമാണമാണ്."

ദൈവത്തിന്റെ സ്വതന്ത്രമായ പ്രവർത്തനമാണ് കൃപ. നിബന്ധന ഒന്നുമില്ലാത്ത ആനുകൂല്യമാണ് കൃപ. ചെയ്തതോ, ചെയ്യുന്നതോ, ചെയ്യേണ്ടതോ ആയ ഒരു പ്രവൃത്തിയും കൃപ ലഭിക്കുവാൻ ആവശ്യമില്ല. അതു തികച്ചും സൗജന്യമാണ്.

മരണം പാപത്തിനു ശമ്പളം ആയിരിക്കുമ്പോൾ നിത്യജീവൻ ദൈവത്തിന്റെ കൃപാദാനമാണ്.

> "പാപത്തിന്റെ ശമ്പളം മരണമത്രേ, ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നേ."
>
> റോമർ 6:23.

ദൈവനീതിപ്രകാരം നമ്മുടെ മേൽ ഉണ്ടായിരുന്ന ന്യായവിധിയുടെ ഭീകരമായ എല്ലാ അനന്തര ശിക്ഷകളും നമുക്കു പകരം യേശു ഏറ്റെടുത്ത് തന്റെ നീതി നമുക്കു തരുന്നു.

> "പാപം അറിയാത്തവനെ, നാം അവനിൽ ദൈവ

ത്തിന്റെ നീതി ആകേണ്ടതിനു അവൻ നമുക്കുവേണ്ടി പാപം ആക്കി."

2 കൊരിന്ത്യർ 5:21.

"For God took the sinless christ
and poured into Him our sins,
then in exchange He poured God's Goodness into us."
L.B.

ദൈവനീതിയുടെ കാർക്കശ്യവും ദൈവകൃപയുടെ ആഴവും നമുക്കു ക്രൂശിൽ കാണാം. കൃപയുടെ അടിസ്ഥാനം ദൈവത്തിനു മനുഷ്യരോടുള്ള നിർമ്മലസ്നേഹമാണ്.

നമ്മുടെ ശാപങ്ങളെയും, രോഗങ്ങളെയും, പാപങ്ങളെയും ക്രൂശിൽ ചുമന്നൊഴിക്കാൻ തിരുമനസ്സായ കർത്താവിന്റെ കൃപ എത്രയോ ശ്രേഷ്ഠവും മഹനീയവുമാണ്. ദൈവത്തിന്റെ കൃപാകടാക്ഷം ആദ്യമായി ലഭിച്ച വ്യക്തി പഴയനിയമത്തിലെ നോഹയാണ്.

"എന്നാൽ നോഹയ്ക്കു യഹോവയുടെ കൃപ ലഭിച്ചു."

ഉല്പത്തി 6:8.

നോഹയ്ക്കു ദൈവത്തിന്റെ കൃപ ലഭിക്കുവാനുള്ള കാരണം വേദപുസ്തകത്തിൽ വീണ്ടും പറയുന്നുണ്ട്.

"നോഹ നീതിമാനും തന്റെ തലമുറയിൽ നിഷ്കളങ്കനുമായിരുന്നു; നോഹ ദൈവത്തോടു കൂടെ നടന്നു."

ഉല്പത്തി 6:9.

നോഹയുടെ കാലത്ത് മനുഷ്യൻ ഭൂമിയിൽ പെരുകിത്തുടങ്ങി. മനുഷ്യൻ പെരുകിയതോടെ മനുഷ്യന്റെ ദുഷ്ടതയും പെരുകിയതായി നാം കാണുന്നു. ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കിയതു കൊണ്ടു ദൈവത്തിന്റെ ഹൃദയത്തിനു ദുഃഖമായി എന്നു വേദപുസ്തകം പറയുന്നു.

> "ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലിയതെന്നും അവന്റെ ഹൃദയവിചാരങ്ങളുടെ നിരൂപണമൊക്കെയും എല്ലായ്പ്പോഴും ദോഷമുള്ളതത്രേ എന്നും യഹോവ കണ്ടു. താൻ ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കുകകൊണ്ടു യഹോവ അനുതപിച്ചു; അതു അവന്റെ ഹൃദയത്തിനു ദുഃഖമായി: ഞാൻ സൃഷ്ടിച്ചിട്ടുള്ള മനുഷ്യനെ ഭൂമിയിൽ നിന്നു നശിപ്പിച്ചുകളയും; മനുഷ്യനെയും മൃഗത്തെയും ഇഴജാതിയെയും ആകാശത്തിലെ പക്ഷികളെയും തന്നേ; അവയെ ഉണ്ടാക്കുക കൊണ്ടു ഞാൻ അനുതപിക്കുന്നു എന്നു യഹോവ അരുളിച്ചെയ്തു."
>
> ഉല്പത്തി 6:5–7.

'ദൈവകൃപ' ഒന്നു കൊണ്ടു മാത്രമാണ് വരുവാനിരിക്കുന്ന നാശത്തിൽ നിന്ന് നോഹയ്ക്കും കുടുംബത്തിനും രക്ഷപ്പെടുവാൻ കഴിഞ്ഞത്. ദൈവത്തിന്റെ കൃപ നോഹയ്ക്കു ലഭിച്ചതുകൊണ്ട് ദൈവത്തിന്റെ വചനം നോഹയ്ക്കു ലഭിച്ചു. ആ വചനം വിശ്വസിക്കുവാനും അനുസരിക്കുവാനും ഉള്ള കൃപയും ദൈവം നോഹയ്ക്കു കൊടുത്തു. കാരണം നോഹയെയും കുടുംബത്തെയും ദൈവം സ്നേഹിച്ചു. അവരെ ജലപ്രളയത്തിൽ നിന്നും രക്ഷിക്കുവാൻ ദൈവത്തിനു മനസ്സായി. അതാണ് ദൈവത്തിന്റെ കൃപ.

പരിശുദ്ധ കന്യകമറിയാമിന് ദൈവത്തിന്റെ കൃപ ലഭിച്ചതിനെക്കുറിച്ച് വി. ലൂക്കോസിന്റെ സുവിശേഷത്തിൽ നാം വായിക്കുന്നു.

> "ദൂതൻ അവളോടു; മറിയയേ, ഭയപ്പെടേണ്ട,
> നിനക്കു ദൈവത്തിന്റെ കൃപ ലഭിച്ചു."
>
> ലൂക്കൊസ് 1:30

ഇവിടെ കന്യകമറിയം "ഇതാ ഞാൻ കർത്താവിന്റെ ദാസി" എന്നു പറഞ്ഞ് ദൈവഹിതത്തിനു സംപൂർണ്ണമായി സമർപ്പിച്ചപ്പോൾ അവിടെ കൃപയുടെ പ്രവാഹം ആരംഭിക്കുകയാണ്.

നീ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും, അവനു യേശു എന്നു പേർ വിളിക്കേണം. അവൻ വലിയവനാകും. അത്യുന്നതന്റെ പുത്രൻ എന്നുവിളിക്കപ്പെടും, എന്നുള്ള വചനം ഗബ്രിയേൽ ദൂതനിൽ നിന്നും കേട്ടപ്പോൾ അവിശ്വസിക്കാതെ ആ വചനം വിശ്വസിച്ചു. ആ നിമിഷം അവളിൽ ക്രിസ്തു ഉരുവായി. ഈ ക്രിസ്തുവിനെ സ്വന്തമായി ലഭിക്കുന്നതു തന്നെയാണ് കൃപ ലഭിക്കുക എന്നത്.

യേശുവിന്റെ ജീവിതത്തിലും ഉപദേശത്തിലും ശുശ്രൂഷയിലും കൃപയുടെ വ്യാപാരം നിറഞ്ഞു നിന്നിരുന്നു. അതിനെപ്പറ്റി വചനം എന്തു പറയുന്നു എന്നു നമുക്ക് നോക്കം.

> "യേശുവോ ജ്ഞാനത്തിലും വളർച്ചയിലും
> ദൈവത്തിന്റെയും മനുഷ്യരുടെയും കൃപ
> യിലും മുതിർന്നു വന്നു."
>
> ലൂക്കൊസ് 2:52

കൃപയെക്കുറിച്ച് ഏറ്റവും അധികം ഊന്നിപ്പറഞ്ഞിട്ടുള്ളതും

സാക്ഷിച്ചിട്ടുള്ളതും പൗലൊസ് അപ്പോസ്തലനാണ്. സുവിശേഷത്തിന്റെ മർമ്മം എന്ത് എന്ന് വേദശാസ്ത്രപണ്ഡിതനായ മോഫറ്റ് പറയുന്നത് "സകലരും കൃപയിലും കൃപ സകലർക്കും" എന്നാണ്. മനുഷ്യനു ക്രിസ്തുവിൽ കൂടി രക്ഷ നല്കുന്ന ഉദാരമായ സ്നേഹം അഥവാ ദാനം എന്നതാണ് കൃപയെപ്പറ്റി പൗലോസു ശ്ലീഹായുടെ വിവക്ഷ – favour bestowed upon sinners through Jesus Christ.

ഒരു ദൈവപൈതൽ തന്റെ വിശ്വാസ ജീവിതത്തിൽ പിൻതുടരേണ്ട മാതൃകയെപ്പറ്റി വേദപുസ്തക എന്തുപറയുന്നുവെന്നു നോക്കാം.

> "വചനം ജഡമായി തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു."
>
> യോഹ. 1:14

ദൈവം മനുഷ്യനോടുള്ള കൃപയുടെ ആഴം പ്രദർശിപ്പിച്ചത് കാൽവറി ക്രൂശിലാണ്. ന്യായവിധിയും, ശിക്ഷാവിധിയും ന്യായമായി അർഹിക്കുന്ന പാപിക്ക് പാപക്ഷമയും നിത്യജീവനും നല്കുന്ന ദൈവത്തിന്റെ പരമകാരുണ്യമാണ് കൃപ. ഒരു വിശ്വാസി കൃപയുടെ പൈതലാണ്. കൃപയാലേ രക്ഷപ്പെട്ട പാപിയാണ്. നാം നിർമ്മൂലമാകാതിരിക്കുന്നതു അവന്റെ കൃപയാലാണ്.

> "എന്നാൽ അല്പകാലത്തേക്കു കഷ്ടം സഹിക്കുന്ന നിങ്ങളെ ക്രിസ്തുവിൽ തന്റെ നിത്യതേജസ്സിനായി വിളിച്ചിരിക്കുന്ന സർവ്വകൃപാലുവായ ദൈവം തന്നേ യഥാസ്ഥാനപ്പെടുത്തി ഉറപ്പിച്ചു ശക്തീകരിക്കും. "
>
> 1 പത്രൊസ് 5:10

ദൈവിക ത്രിത്വം കൃപയുടെ ഉറവിടമാണ്, കൃപയാണ്. പിതാവായ ദൈവം കൃപാലുവാണ്.

> "യഹോവ കൃപയും മഹത്വവും നല്കുന്നു."
>
> സങ്കീർത്തനങ്ങൾ 84:11

> "അവന്റെ നിറവിൽ നിന്നു നമുക്കു എല്ലാവർക്കും കൃപമേൽ കൃപ ലഭിച്ചിരിക്കുന്നു.ന്യായപ്രമാണം മോശെ മുഖാന്തരം ലഭിച്ചു; കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു."
>
> യോഹന്നാൻ 1:16,17

യേശുക്രിസ്തുവിൽ നിറഞ്ഞൊഴുകിയത് കൃപയാണ്. പാപിയായ മനുഷ്യനു ദൈവം കൃപ നല്കുന്നതു കർത്താവായ യേശുക്രിസ്തുവിൽ കൂടിയാണ്.

> "നിങ്ങൾക്കു യേശുക്രിസ്തുവിൽ നല്കപ്പെട്ട ദൈവകൃപ നിമിത്തം ഞാൻ എന്റെ ദൈവത്തിനു നിങ്ങളെക്കുറിച്ച് എപ്പോഴും സ്തോത്രം ചെയ്യുന്നു."
>
> 1 കൊരിന്ത്യർ 1:4

പരിശുദ്ധാത്മാവു കൃപയുടെ ആത്മാവാണ്. അതിനെ നിന്ദിക്കരുത്. ഒരു വിശ്വാസി അനുഭവിക്കുന്ന എല്ലാ നന്മയുടെയും അടിസ്ഥാനം ദൈവകൃപ ഒന്നു മാത്രമാണ്. യേശുക്രിസ്തു പറഞ്ഞു.

> "മനുഷ്യരോടു സകല പാപങ്ങളും അവർ ദുഷിച്ചു പറയുന്ന സകല ദൂഷണങ്ങളും ക്ഷമിക്കും, പരിശുദ്ധാത്മാവിന്റെ നേരെ ദൂഷണം പറയുന്നവനോ ഒരുനാളും ക്ഷമ കിട്ടാതെ നിത്യ ശിക്ഷയ്ക്കു യോഗ്യ

നാകും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു."

മർക്കൊസ് 3:28,29.

എത്ര ഏറെ പാപം ചെയ്ത വ്യക്തിയായാലും ദൈവസന്നിധിയിലേക്കു മാനസാന്തരപ്പെട്ടു അനുതാപത്തോടെ വരുമ്പോൾ അവന് പാപമോചനവും വീണ്ടെടുപ്പും നല്കുന്നത് ദൈവത്തിന്റെ കൃപയാണ്. തന്റെ ഏകജാതനെ കുരുതി കൊടുത്ത് അവന്റെ രക്തം കൊണ്ട് നമ്മുടെ പാപക്കറകളെല്ലാം കഴുകിക്കളഞ്ഞ് നമ്മെ നീതീകരിക്കുന്ന ദൈവകൃപ അവർണ്ണനീയം തന്നെ.ദൈവകൃപയുടെ സമൃദ്ധിയിലാണ് നമുക്ക് പാപങ്ങളിൽ നിന്നു മോചനം കിട്ടുന്നത്.

"അവനിൽ നമുക്ക് അവന്റെ രക്തത്താൽ അതിക്രമങ്ങളുടെ മോചനം എന്ന വീണ്ടെടുപ്പ് ഉണ്ട്. അത് അവൻ നമുക്ക് താൻ ധാരാളമായി കാണിച്ച കൃപാധന പ്രകാരം സകല ജ്ഞാനവും വിവേകവുമായി നല്കിയിരിക്കുന്നു."

എഫെസ്യർ 1:7,8.

ഈ അണ്ഡകടാഹത്തെ മുഴുവൻ സൃഷ്ടിക്കുവാൻ ദൈവത്തിനു ഒരു വാക്കു മാത്രം മതിയായിരുന്നു. എന്നാൽ മനുഷ്യന്റെ വീണ്ടെടുപ്പിനു യേശുക്രിസ്തുവിന്റെ രക്തവും ജീവനും നൽകേണ്ടിവന്നു. രക്തത്താലുള്ള വീണ്ടെടുപ്പും മോചനവും അവന്റെ കൃപാധനപ്രകാരമാണ്. The redemption through His blood and the forgiveness of sins are in accordance with the riches of God's Grace.

"ദൈവപുത്രനെ ചവുട്ടിക്കളകയും തന്നെ വിശുദ്ധീകരിച്ച നിയമരക്തത്തെ മലിനം എന്നു നിരൂപിക്കയും കൃപയുടെ ആത്മാവിനെ നിന്ദിക്കയും ചെയ്തവൻ എത്ര കഠിനമേറിയ ശിക്ഷയ്ക്കു പാത്ര

മാകും എന്നു വിചാരിപ്പിൻ.”

എബ്രായർ 10:29.

**ഒന്ന് : പാപമോചനവും വീണ്ടെടുപ്പും കൃപയാലാണ്.**

**രണ്ട് : വിശ്വാസം കൃപയാലാണ്.**

“അവൻ ആഖായയിലേക്കു പോകുവാൻ ഇച്ഛിച്ചപ്പോൾ സഹോദരന്മാർ അവരെ ഉത്സാഹിപ്പിക്കയും അവനെ കൈക്കൊള്ളേണ്ടതിനു ശിഷ്യന്മാർക്കു എഴുതുകയും ചെയ്തു. അവിടെ എത്തിയാറെ അവൻ ദൈവകൃപയാൽ വിശ്വസിച്ചവർക്കു വളരെ പ്രയോജനമായിത്തീർന്നു.”

അപ്പൊ. പ്രവൃത്തികൾ 18:27.

ദൈവകൃപ മൂലമാണ് ഗ്രീസിലെ സഹോദരന്മാർ ക്രിസ്തു വിശ്വാസികളായിത്തീർന്നത്. ഒന്നു വിശ്വസിക്കുവാൻ സാധിക്കുന്നതു പോലും ദൈവകൃപയാലാണെന്നു അറിഞ്ഞുകൊൾക.

**മൂന്ന് : രക്ഷ ദൈവത്തിന്റെ കൃപയാണ്.**

“കർത്താവായ യേശുക്രിസ്തുവിന്റെ കൃപയാൽ രക്ഷ പ്രാപിക്കും.”

അപ്പൊ. പ്രവൃത്തികൾ 15:11.

“അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ ക്രിസ്തുവിനോടു കൂടെ ജീവിപ്പിക്കുകയും – കൃപയാലത്രെ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു.”

എഫെസ്യർ 2:5.

അർഹത നോക്കാതെ വ്യാപരിക്കുന്ന ദൈവകൃപ ഒന്നുകൊണ്ടു മാത്രമാണ് നമുക്ക് രക്ഷ ലഭിച്ചത്. ഈ രക്ഷ നാം സ്വയം നേടിയത ല്ല. അതിനു മനുഷ്യന്റെ ഒരു പ്രവൃത്തിയും ആവശ്യമില്ല. മനുഷ്യന്റെ രക്ഷക്ക് ആവശ്യമായതൊക്കെയും ക്രിസ്തു ക്രൂശിൽ പ്രവർത്തിച്ചു തീർത്തതിനാൽ മനുഷ്യൻ അതു വിശ്വസിക്ക മാത്രം ചെയ്താൽ മതി.

> “കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്ക പ്പെട്ടിരിക്കുന്നത്, അതിനും നിങ്ങൾ കാരണമല്ല; ദൈവ ത്തിന്റെ ദാനമത്രേ ആകുന്നു.”
>
> എഫെസ്യർ 2:8

ദൈവം നമ്മെ സ്നേഹിക്കുകയും എല്ലാ കാലത്തേക്കും തുട രുന്ന നല്ല പ്രത്യാശയും ആശ്വാസവും തന്റെ കൃപയിലൂടെ നമുക്കു നല്കുകയും ചെയ്യുന്നു. ഭാവിപ്രത്യാശയുടെ മനോഹരമായ ഒരു വർണ്ണന വചനത്തിൽ ഉണ്ട്.

> “കർത്താവു താൻ ഗംഭീരനാദത്തോടും, പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹള ത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേ ല്ക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോട് ഒരുമിച്ച് ആകാശത്തിൽ കർത്താ വിനെ എതിരേൽപാൻ മേഘങ്ങളിൽ എടുക്കപ്പെടും. ഇങ്ങനെ നാം എപ്പോഴും കർത്താവിനോടു കൂടെ ഇരി ക്കും. ഈ വചനങ്ങളെക്കൊണ്ട് അന്യോന്യം ആശ്വ സിപ്പിച്ചുകൊൾവിൻ.”
>
> 1 തെസ്സലോനിക്യർ 4:1618.

കർത്താവായ യേശുക്രിസ്തു വീണ്ടും വരും. കണ്ണുനീരും,

രോഗവും, ദുഃഖവും ആകുലവും ഇല്ലാത്ത ആശ്വാസവീട്ടിലേക്ക് എന്നെ കൂട്ടിക്കൊണ്ടു പോകും. ഈ പ്രത്യാശാനിർഭരമായ ജീവിതം എത്ര ആശ്വാസപ്രദമാണ്.

**നാല് : വിശുദ്ധിയും നിർമ്മലതയും ദൈവകൃപയാണ്.**

> "ഞങ്ങൾ ലോകത്തിൽ, വിശേഷാൽ നിങ്ങളോട്, ജഡ ജ്ഞാനത്തിൽ അല്ല, ദൈവകൃപയിലത്രേ, ദൈവം നല്കുന്ന വിശുദ്ധിയിലും നിർമ്മലതയിലും പെരുമാറിയിരിക്കുന്നു."
>
> 2 കൊരിന്ത്യർ 1:12.

ശുദ്ധഹൃദയവും ആത്മാർത്ഥതയും ദൈവത്തിന്റെ കൃപാദാനമാണ്. ഒരു ദൈവപൈതലിന്റെ ശക്തി എന്നു പറയുന്നത് അവന്റെ വിശുദ്ധിയാണ്.

**അഞ്ച്: വിളിയും തെരഞ്ഞെടുപ്പും കൃപയാലാണ്.**

> "എങ്കിലും എന്റെ ജനനം മുതൽ എന്നെ വേർതിരിച്ച് തന്റെ കൃപയാൽ വിളിച്ചിരിക്കുന്ന ദൈവം...."
>
> ഗലാത്യർ 1:15.

> "അങ്ങനെ ഈ കാലത്തിലും കൃപയാലുള്ള തിരഞ്ഞെടുപ്പിൻ പ്രകാരം ഒരു ശേഷിപ്പുണ്ട്. കൃപയാലെങ്കിൽ പ്രവൃത്തിയാലല്ല; അല്ലെങ്കിൽ കൃപ കൃപയല്ല."
>
> റോമർ 11:5–6.

> "അവൻ നമ്മെ രക്ഷിക്കുകയും വിശുദ്ധ വിളി കൊണ്ട് വിളിക്കുകയും ചെയ്തത് നമ്മുടെ പ്രവൃത്തികൾ നിമി

> ത്തമല്ല. ..... തന്റെ സ്വന്ത നിർണ്ണയത്തിനും കൃപയ്ക്കും ഒത്തവണ്ണമത്രേ.”
>
> 2തിമൊഥിയോസ് 1:9–10.

വീഴുവാൻ സാദ്ധ്യതയുള്ള വഴുവഴുപ്പുള്ള പ്രതലത്തിലൂടെയാണ് ഒരു ദൈവപൈതൽ യാത്ര ചെയ്യുന്നത്. ആകയാൽ നില്ക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിപ്പാൻ നോക്കിക്കൊള്ളട്ടെ എന്ന് അപ്പോസ്തലനായ പൗലോസ് പറയുന്നു. “ദൈവത്തിൽ നിന്ന് ജനിച്ചിരിക്കുന്നവൻ തന്നെത്താൻ സൂക്ഷിക്കുന്നു. ദുഷ്ടൻ അവനെ തൊടുന്നതുമില്ല” എന്ന് യോഹന്നാൻ ശ്ലീഹാ പറയുന്നു. അതിനാൽ ഒരു ദൈവപൈതൽ ഏതു സമയത്തും ജാഗ്രത പുലർത്തണം. താൻ ഏതു സമയത്തും വീഴാവുന്നവനാണ് എന്ന ബോദ്ധ്യം അവന് ഉണ്ടായിരിക്കണം. അതുകൊണ്ട് വീണേ കഴിയൂ എന്നില്ല. എന്നാൽ നിലിനിർത്തുന്നതു ദൈവകൃപ, രക്ഷിക്കുന്നതു കൃപ, സൂക്ഷിക്കുന്നതു കൃപ.

**ആറ് : സുവിശേഷം അറിയിക്കുക എന്ന മഹാപദവി ഒരുവനു ലഭിക്കുന്നതു ദൈവകൃപയാലാണ്.**

> “ആ സുവിശേഷത്തിന്നു ഞാൻ അവന്റെ ശക്തിയുടെ വ്യാപാരപ്രകാരം എനിക്കു ലഭിച്ച ദൈവത്തിന്റെ കൃപാദാനത്താൽ ശുശ്രൂഷക്കാരനായി തീർന്നു.”
>
> എഫെസ്യർ 3:7

ദൈവവേലയിൽ ഏർപ്പെട്ടിരിക്കുന്നവർ ഈ വിലയേറിയ കൃപയെ വില കുറച്ച് കാണരുത്. സെന്റ് പോൾ പറഞ്ഞു. “I was made a servant of the Gospel by God’s Special Grace.”

ഇന്നലെ മിന്നിയ ഉന്നതശ്രേഷ്ഠന്മാർ പലരും പട്ടുപോയി.

നാമാരും നിന്നതല്ല. ദൈവത്തിന്റെ കൃപ നിർത്തിയതാണ്. എഫെസ്യർ ഒന്നിന്റെ എട്ടിൽ ക്രിസ്തുവിന്റെ കൃപാധനം എന്ന പദപ്രയോഗത്താൽ അപ്പോസ്തലനായ പൗലോസ് വിവക്ഷിക്കുന്നത് കൃപയുടെ തീർന്നുപോകാത്ത നിക്ഷേപത്തെയാണ്.

**ഏഴ്: ഒരു ദൈവപൈതലിനു ലഭിക്കുന്ന എല്ലാ വരങ്ങളും കൃപയാലാണ്.**

> "സഹോദരന്മാരെ, ആത്മീകവരങ്ങളെ കുറിച്ച് നിങ്ങൾക്കു അറിവില്ലാതിരിക്കരുത്. എന്നാൽ കൃപാവരങ്ങളിൽ വ്യത്യാസം ഉണ്ട്, ആത്മാവ് ഒന്നത്രേ. "
>
> 1 കൊരിന്ത്യർ 12:1,4.

ഇത് എല്ലാം പ്രവർത്തിക്കുന്നതു താൻ ഇച്ഛിക്കും പോലെ അവനവനു അതതു വരം പകുത്തു കൊടുക്കുന്നഒരേ ആത്മാവു തന്നെയാണ്. ആത്മാവിന്റെ വരങ്ങളും കൃപകളും പൊതു പ്രയോജനത്തിന്നായി നല്കപ്പെടുന്നു. സഭയുടെ വളർച്ചയ്ക്കും, ആത്മീക വർദ്ധനയ്ക്കും പ്രയോജനപ്പെടുത്തുവാനുള്ളതാണ് എല്ലാ കൃപാവരങ്ങളും എന്ന കാര്യം വിസ്മരിച്ചുകൂടാ. കൃപകളും വരങ്ങളും ഫലങ്ങളും നിറഞ്ഞ വിശുദ്ധരായിട്ടത്രേ വിശ്വാസികൾ ഈ ലോകത്തിൽ ജീവിക്കേണ്ടത്.

**എട്ട്: നിത്യജീവൻ കൃപയാലാണ്**

> "പാപത്തിന്റെ ശമ്പളം മരണമത്രേ, ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നേ".
>
> റോമർ : 6.23

ഒരു മനുഷ്യനു ലഭിക്കാവുന്നതിൽ ഏറ്റവും വലിയ കൃപയത്രെ നിത്യജീവൻ – Eternal life is free gift of God. ദൈവത്തിന്റെ സൗജന്യ കൃപ മകനെ, നിന്നെ മാടിവിളിക്കുകയാണ്. കൃപയുടെ വാതിൽ പൂട്ടുവാൻ സമയമായി. അതിവേഗം അകത്തു കയറിക്കൊൾക.

കൃപയോട് ബന്ധപ്പെട്ട് അപ്പോസ്തലനായ പൗലോസിന്റെ അനുഭവം നോക്കാം. ജഡത്തിലെ ശൂലം മാറിക്കിട്ടേണ്ടതിന്നു മൂന്നുപ്രാവശ്യം അപ്പൊ. പൗലോസ് കർത്താവിനോട് അപേക്ഷിച്ചു. കർത്താവിന്റെ മറുപടി "എന്റെ കൃപ നിനക്കു മതി, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞു വരുന്നു." എന്നായിരുന്നു.

പൗലോസു ശ്ലീഹായുടെ മഹത്തായ വേലയുടെ രംഗത്തു കഷ്ടതകളും, പ്രയാസങ്ങളും, രോഗങ്ങളും, ബന്ധനങ്ങളും, ആപത്തുകളും അടിക്കടി നേരിടേണ്ടി വന്നു. അപ്പോഴെല്ലാം ദൈവകൃപ ഒന്നു മാത്രമാണ് അദ്ദേഹത്തെ താങ്ങി നിർത്തിയത്.

നമുക്കും കർത്താവിനോടു ഉള്ളു തുറന്നു പറയാം, യേശുവേ, മറ്റൊന്നും ലഭിച്ചില്ലെങ്കിലും എനിക്കു നിന്റെ കൃപ മാത്രം മതി. ഏതെല്ലാം സാഹചര്യങ്ങളിൽ കൂടി പോകേണ്ടിവന്നാലും കർത്താവേ, നിന്റെ കൃപ എന്നിൽ നിന്ന് മാറിപ്പോകരുതേ. നിന്റെ താങ്ങുന്ന കൃപ എന്നും എന്നോടു കൂടെ ഇരിക്കണമെ.

അപ്പോ. പൗലോസു പറഞ്ഞു:

> "മുമ്പെ ഞാൻ ദൂഷകനും ഉപദ്രവിയും നിഷ്ഠൂരനും ആയിരുന്നു. എങ്കിലും അവിശ്വാസത്തിൽ അറിയാതെ ചെയ്തതാക കൊണ്ട് എനിക്കു കരുണ ലഭിച്ചു. നമ്മുടെ കർത്താവിന്റെ കൃപ ക്രിസ്തുയേശുവിലുള്ള വിശ്വാസത്തോടും സ്നേഹത്തോടും കൂടെ അത്യന്തം

വർദ്ധിച്ചുമിരിക്കുന്നു.”

1 തിമൊഥെയോസ് 1:13,14.

കർത്താവിന്റെ കൃപ പൗലോസ് ശ്ലീഹായിൽ വർദ്ധിച്ചുവന്നപ്പോൾ നന്ദി നിറഞ്ഞ ഹൃദയത്തോടെ പറഞ്ഞു: “ഞാൻ ആകുന്നതു ദൈവകൃപയാൽ ആകുന്നു, എന്നോടുള്ള അവന്റെ കൃപ വ്യർത്ഥമായതുമില്ല.”

> “നാം നില്ക്കുന്ന ഈ കൃപയിലേക്കു നമുക്ക് അവൻ മൂലം വിശ്വാസത്താൽ പ്രവേശനവും ലഭിച്ചിരിക്കുന്നു.”
>
> റോമർ 5:2.

ഈ കൃപയിലേക്കു നാം തനിയേ കടന്നു വന്നതല്ല; യേശു നമ്മെ കടത്തിക്കൊണ്ടുവന്നതാണ്. യേശു നമുക്കു തന്ന സൗജന്യ പ്രവേശനമാണ്. വീഴാതവണ്ണം നിങ്ങളെ സൂക്ഷിച്ച് തന്റെ മഹിമാസന്നിധിയിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ നിറുത്തുവാൻ ശക്തിയുള്ളവനു മഹത്വം കരേറ്റിക്കൊണ്ടാണ് യൂദായുടെ ലേഖനം അവസാനിക്കുന്നത്.

വീഴുവാൻ തക്കവണ്ണം ശത്രു തള്ളി എന്നു വന്നേക്കാം. പ്രലോഭനങ്ങൾ തെറുത്തുയർന്നു എന്നു വന്നേക്കാം. എന്നാലും വീഴാതെ കാക്കുന്ന കരം ഉണ്ട്. ആ കൃപയുടെ കരം എന്നിൽ നിന്നു മാറിപ്പോകരുതേ എന്നു നമുക്കു മുട്ടിപ്പായി പ്രാർത്ഥിക്കാം.

പക്ഷെ ദൈവകൃപയുടെ പ്രവർത്തനത്തെ തടയുവാൻ കഴിയുന്ന ഒരു ശക്തി ഉണ്ട്. അതു സ്വയത്തിന്റെ ശക്തിയാണ്. സ്വയാശ്രയം ദൈവാശ്രയത്തെ, ദൈവവിശ്വാസത്തെ തന്നെ തടുക്കുന്നു.

അപ്പൊ. പൗലോസ് വിശ്വാസികൾക്കു ഒരു ഭയ നിർദ്ദേശം

നല്കുന്നുണ്ട്. ഈ ദൈവകൃപയെ വ്യർത്ഥമാക്കരുത്, ദുരുപയോഗപ്പെടുത്തരുത് എന്ന്.

> "നിങ്ങൾക്കു ദൈവത്തിന്റെ കൃപ ലഭിച്ചതു വ്യർത്ഥമായിത്തീരരുത് എന്നു ഞങ്ങൾ സഹപ്രവൃത്തിക്കാരായി നിങ്ങളെ പ്രബോധിപ്പിക്കുന്നു."
>
> 2 കൊരിന്ത്യർ 6:1

പൗലോസ് ശ്ലീഹാ, വളരെ പ്രാഗല്ഭ്യത്തോടെ പറഞ്ഞത് : "എന്നോടുള്ള അവന്റെ കൃപ വ്യർത്ഥമായതുമില്ല" എന്നാണ്. വീണ്ടും പറഞ്ഞു: " ഞാൻ ദൈവത്തിന്റെ കൃപ വൃഥാവാക്കുന്നില്ല" എന്ന്.

പ്രിയമുള്ളവരെ, നമുക്കു ലഭിച്ച കൃപ ഏതെല്ലാംതരത്തിൽ വൃഥാവാക്കി, എങ്ങനെയെല്ലാം ദുരുപയോഗപ്പെടുത്തി എന്നു തന്നെത്താൻ ശോധന ചെയ്യുക. ദൈവം തരുന്ന കൃപയെ ജ്വലിപ്പിച്ചു നിർത്തേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. അതിനുവേണ്ടി നാം ഉത്സാഹിക്കണം

പാപബോധം ഉള്ളിടത്ത് ദൈവകൃപ വർദ്ധിക്കുന്നു.

> "എങ്കിലും പാപം പെരുകിയേടത്തുകൃപ അത്യന്തം വർദ്ധിച്ചു."
>
> റോമർ : 5: 20

നമ്മുടെ പാപസ്വഭാവം നമുക്ക് എത്ര അധികം ബോദ്ധ്യമായി, അനുതാപം വർദ്ധിക്കുന്നുവോ, അത്ര അധികം ദൈവം തന്റെ കൃപാബഹുത്വത്താൽ നമ്മോടു ക്ഷമിക്കുകയും ചെയ്യും. ദൈവകൃപ പൗലോസു ശ്ലീഹായിൽ വർദ്ധിച്ചപ്പോൾ ഇങ്ങനെ സാക്ഷിച്ചു.

"ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളത് വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നേ. ആ പാപികളിൽ ഞാൻ ഒന്നാമൻ."

1 തിമൊഥെയൊസ് 1:15

അനേക മേഖലകളിൽ ഏറെ പ്രശംസിപ്പാൻ വകയുള്ള പൗലോസു ശ്ലീഹായുടെ പ്രശംസാവിഷയം തന്റെ ബലഹീനതയായിരുന്നു. ബലഹീനതയിൽ തികഞ്ഞു വരുന്ന ദൈവകൃപ എത്രയോ മാധുര്യമേറിയതാണ്.

"ദൈവം നിഗളികളോടു എതിർത്തു നില്ക്കുന്നു. താഴ്മയുള്ളവർക്കോ കൃപ നല്കുന്നു."

1 പത്രൊസ് 5:5.

മരണത്തിനു വിധിക്കപ്പെട്ടു കഴുകു മരത്തിലേക്കു നടന്നു നീങ്ങുന്ന തന്റെ പഴയ സുഹൃത്തിനെ കണ്ടിട്ടു ജോൾ ബ്രാഡ് ഫോർഡ് പറഞ്ഞു "ദൈവകൃപ ഒന്നു മാത്രമല്ലായിരുന്നു എങ്കിൽ ആ പോകുന്ന മനുഷ്യൻ ഞാനാകുമായിരുന്നു."

ഒരു ദൈവപൈതലിന്നു താഴ്മ എന്ന വസ്ത്രത്തേക്കാൾ യോജിച്ച ഒരു വസ്ത്രമില്ല. വിനയം ദൈവീകവും അഹങ്കാരം പൈശാചികവുമാണ്.

ഒരു വിശ്വാസിയുടെ വളർച്ച ദൈവകൃപ പ്രാപിച്ചുള്ള വളർച്ചയാണ്. വചനം എന്തു പറയുന്നുവെന്ന് നോക്കാം.

"കൃപയിലും നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ പരിജ്ഞാനത്തിലും വളരുവിൻ"

2 പത്രൊസ് 3:18.

പൗലോസു ശ്ലീഹാ താൻ ആത്മാവിൽ ജനിപ്പിച്ച തന്റെ പുത്രനായ തിമൊഥെയോസിനോടു സ്നേഹവാത്സല്യത്തോടെ ഉപദേശിക്കുകയാണ്. "എന്റെ മകനേ, ക്രിസ്തുയേശുവിലുള്ള കൃപയാൽ ശക്തിപ്പെടുക"

ഒരു ദൈവപൈതലിന്റെ വാക്കുകളിൽ പോലും കൃപയുടെ മാധുര്യം ഉണ്ടായിരിക്കണം.

> "നിങ്ങളുടെ വാക്കു എപ്പോഴും കൃപയോടു കൂടിയതും ഉപ്പിനാൽ രുചി വരുത്തിയതും ആയിരിക്കട്ടെ."
>
> കൊലോസ്യർ 4:6

കുടുംബസമാധാനത്തെ തകർക്കുന്നതും മറ്റുള്ളവരെ വേദനിപ്പിക്കുന്നതുമായ വാക്കുകൾക്കു പകരം അനുഗ്രഹത്തിന്റെ വാക്കുകൾ ഒഴുകിവരട്ടെ.

> "കേൾക്കുന്നവർക്കു കൃപ ലഭിക്കേണ്ടതിന്നു ആവശ്യംപോലെ ആത്മീക വർദ്ധനയ്ക്കായി നല്ല വാക്കല്ലാതെ ആകാത്തതൊന്നും നിങ്ങളുടെ വായിൽ നിന്നും പുറപ്പെടരുത്."
>
> എഫെസ്യർ 4:29.

ലൂക്കൊസിന്റെ സുവിശേഷം നാലാം അദ്ധ്യായം ഇരുപത്തിരണ്ടാം വാക്യത്തിൽ കർത്താവിന്റെ വാക്കുകളെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നതു – "എല്ലാവരും അവനെ പുകഴ്ത്തി, അവന്റ വായിൽ നിന്നു പുറപ്പെട്ട ലാവണ്യ വാക്കുകൾ നിമിത്തം ആശ്ചര്യപ്പെട്ടു." കൃപ നിറഞ്ഞ വാക്കുകൾ നമുക്കും മാതൃകയാക്കണം.

ദൈവകൃപ വിലയുള്ളതും വിലയേറിയതുമാണ്. Cheap Grace –വില കുറഞ്ഞ കൃപ സത്യസഭയുടെ മാരകമായ ശത്രുവത്രേ. അത്

ക്രിസ്തുവിനെ കൂടാതെയുള്ള കൃപയാണ്. പലരും ഇന്ന് ദൈവത്തെ ഉപയോഗിക്കുന്ന കാര്യത്തിൽ വളരെ ബദ്ധപ്പാടിലാണ്.

കുരിശിനെ വിട്ട് അത്ഭുതങ്ങളും അടയാളങ്ങളും കൊണ്ട് തൃപ്തിപ്പെടുന്ന ഒരു തലമുറയാണ് ഇന്നത്തെ സമൂഹം.

കാര്യസാദ്ധ്യമാണ് ക്രിസ്തുമാർഗ്ഗമെന്ന ധാരണ വില കുറഞ്ഞ കൃപയാണ്. ക്രൂശിലെ രക്ഷയെ മാറ്റി നിർത്തിക്കൊണ്ട് മറ്റു അനുഗ്രഹങ്ങളുടെ പിന്നാലെ ഉള്ള പരക്കം പാച്ചിൽ അപകടകരമാണ്.

കൃപയുടെ നിറവായ യേശുവിന്റെ തിരുവിലാവ് കുന്തത്താൽ തുളച്ചപ്പോഴാണ് മനുഷ്യവർഗ്ഗത്തിനു രക്ഷയുടെ ഉറവ് തുറന്നത്. ഈ രക്ഷയുടെ ഉറവിലേക്കു പാപീ നീ അടുത്തുവരിക. വെറും അനുഗ്രഹ വില്പന സ്ഥലമല്ല, കാൽവറി ക്രൂശ്. അത് യേശു സ്വന്ത ജീവൻ വെടിഞ്ഞ് നമുക്ക് ജീവൻ തന്ന സ്ഥലമാണ്.

> "നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നൻ ആയിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നർ ആകേണ്ടതിന്നു നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലോ."
>
> 2. കൊരിന്ത്യർ 8:9.

അർഹതയില്ലാത്ത പാപിക്കു നല്കപ്പെടുന്ന കൃപയുടെ വില – യേശുക്രിസ്തു സമ്പന്നൻ ആയിരുന്നു. അവൻ ദരിദ്രനായിത്തീർന്നു. നാം സമ്പന്നർ ആകേണ്ടതിന്നു – അതാണ് കൃപ.

ജോൺ ബനിയൻ എന്ന സുപ്രസിദ്ധ സുവിശേഷ പ്രസംഗകൻ പറഞ്ഞിരിക്കുന്നതു ഇപ്രകാരമാണ്. "വാഴ്ത്തപ്പെട്ടവന്റെ പുത്രാ, അവിടന്ന് പദവി വെടിഞ്ഞു താഴ്ന്നു വന്നതിൽ എത്ര മാത്രം കൃപയാണ് വെളിപ്പെട്ടത്. കൃപ അങ്ങയെ സ്വർഗ്ഗത്തിൽ നിന്നും താഴോട്ടു

വരുത്തി, അങ്ങയെ ദരിദ്രനും, ത്യാഗിയും ആക്കി. പാപിയായ മനുഷ്യനെ തനിക്കായി വാങ്ങേണ്ടതിന്നു സമ്പന്നൻ ദരിദ്രനായിത്തീർന്നു.

കർത്താവിന്റെ കണ്ണീർകണങ്ങളിലും കൃപയുണ്ടായിരുന്നു. കർത്താവിന്റെ തിരുവിലാവിൽ നിന്നൊഴുകിയ രക്തത്തിലും കൃപയുണ്ടായിരുന്നു. അവന്റെ വായിൽ നിന്നു പുറപ്പെട്ട തിരുവചനത്തിലും കൃപയുണ്ടായിരുന്നു.

യേശുവിന്റെ ആണിപ്പഴുതുകളിൽ നിന്നും അടിപ്പിണരുകളിൽ നിന്നും, മുൾമുനയുണ്ടാക്കിയ തലയിലെ മുറിവുകളിൽ നിന്നും ഒഴുകി വന്നതു കൃപ തന്നെ. കർത്താവിന്റെ വിലാവ് കുന്തം കൊണ്ട് കുത്തിത്തുറന്നപ്പോൾ നമുക്ക് തുറന്ന് കിട്ടിയത് കൃപയുടെ വാതിലാണ്.

ദൈവത്തിന്നു കരുണ തോന്നത്തക്കവിധം ഒരു ഗുണവിശേഷവും ഒരു മനുഷ്യനിലും ഇല്ല. ദൈവത്തോടു ഒരു കാര്യത്തിലും അവകാശം പറയാൻ മനുഷ്യനു കഴികയുമില്ല. നല്ലവരെന്നു വിചാരിക്കുന്നവർക്കും, നീതിമാനെന്നു കരുതുന്നവർക്കു പോലും സാദ്ധ്യമല്ല. എന്നാൽ ഭോഷന്മാരിലും, ബലഹീനരിലും, കുലഹീനവും നികൃഷ്ടവും ഏതുമില്ലാത്തവരിലും ആണ് ദൈവകൃപയുടെ പ്രവൃത്തി നടക്കുന്നത്. ദൈവത്തിന്റെ കൃപ ശിക്ഷാർഹരായ പാപികളോടു കാണിക്കുന്ന ദൈവദയ ആണ്.

ദൈവത്തിന്റെ കൃപ അവന്റെ പുത്രനായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവർക്കും സൗജന്യമായി ലഭിക്കുന്നു. ഒരു മനുഷ്യനും കുറ്റവിമുക്തനല്ല; നരകയോഗ്യനാണ്. ഒരു വ്യത്യാസവുമില്ല, എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സു ഇല്ലാത്തവരായിത്തീർന്നു എന്നാണ് വചനം പറയുന്നത്.

എന്നാൽ പിതാവാം ദൈവം തന്റെ ഏകജാതനെ മനുഷ്യരുടെ പാപം പേറി മരിപ്പാൻ വിട്ടു കൊടുത്തതാണ് ഏറ്റവും വലിയ ദൈവകൃപ. ക്രിസ്തുവിന്റെ ചെലവിൽ കൃപയെ ക്രിസ്തുവിന്റെ സമ്പത്ത് എന്നു നിർവ്വചിക്കാം.

ദൈവം സ്നേഹവാനും അതേ സമയം നീതിമാനുമാണ്. പാപത്തെ കണ്ടു കൂടാതവണ്ണം മഹാ പരിശുദ്ധനും നിർമ്മല ദൃഷ്ടിയുള്ളവനും ആണ്. നീതിമാനായ ദൈവത്തിനു പാപവുമായി ഒരിക്കലും പൊരുത്തപ്പെടുവാൻ സാദ്ധ്യമല്ല. (ഹബക്കൂക് 1:13)

മനുഷ്യന്റെ പാപത്തെ ഗണ്യമാക്കാതിരിക്കുകയോ അതിന്റെ നേരെ കണ്ണടയ്ക്കുകയോ, നിസ്സാരമായി കാണുകയോ ചെയ്യുന്നത് നീതിമാനായ ദൈവത്തിന്റെ ഭാഗത്ത് ന്യായമോ, നീതിയോ ആയിരിക്കുകയില്ല.

ന്യായപ്രമാണം അനുശാസിക്കുന്നത് പാപം ചെയ്യുന്നവർ ശിക്ഷിക്കപ്പെടണമെന്നതാണ്. വേദപ്രമാണം നടപ്പാക്കിയേ പറ്റൂ. തെറ്റിനു ശിക്ഷയുണ്ട്. മനുഷ്യൻ തന്നെ അവന്റെ പാപങ്ങൾക്കു പിഴ കൊടുക്കേണ്ടി വന്നാൽ അവൻ എന്നന്നേയ്ക്കുമായി നശിക്കുകയേ ഉള്ളൂ. ആർക്കും രക്ഷപെടാനാകില്ല. അതിന്റെ കാരണം വചനത്തിൽ പറയുന്നുണ്ട്.

> “നീതിമാൻ ആരുമില്ല; ഒരുത്തൻ പോലുമില്ല; എല്ലാവരും വഴിതെറ്റി ഒരുപോലെ കൊള്ളരുതാത്തവരായിത്തീർന്നു. നന്മ ചെയ്യുന്നവനില്ല, ഒരുത്തൻ പോലുമില്ല.”
>
> റോമർ 3:10, 12

അങ്ങനെയെങ്കിൽ നീതിമാനും സ്നേഹവാനുമായ ദൈവത്തിന്നു, താൻ സ്നേഹിക്കുന്ന പാപിയെ രക്ഷിക്കുവാനും അതേ സമയം

നീതി പ്രവർത്തിക്കുവാനും എങ്ങനെ കഴിയും? അതിനു മറുപടി: അവൻ തന്റെ പാപമില്ലാത്ത പുത്രനെ പാപത്തിന്റെ ശിക്ഷ ഏൽപ്പാൻ ക്രൂശിൽ ഏല്പ്പിച്ചു മനുഷ്യനു രക്ഷ നല്കി എന്നുള്ള താണ്.

ക്രിസ്തുവിന്റെ ക്രൂശിലെ മരണം ഒരു പ്രാതിനിധ്യമരണമായി രുന്നു. ദൈവനീതിയുടെ എല്ലാ അവകാശവാദങ്ങളും പൂർണ്ണമായി നിറവേറ്റി. ദൈവസ്നേഹം നിലനില്ക്കുകയും ചെയ്തു. ഇത്രയേറെ ദൈവകൃപയുടെ ആഴം, ഈ കൃപാദാനം, ഈ രക്ഷണ്യകൃപ നാം വിശ്വാസത്താൽ സ്വന്തമാക്കണം.

സി.ഐ. സ്കോഫീൽഡ് എന്ന ദൈവദാസൻ ഇപ്രകാരം പറഞ്ഞു: നല്ലവരെ കണ്ടെത്തി അവരെ അനുകൂലിക്കാനല്ല കൃപ നോക്കുന്നത്. കാരണം നന്മയ്ക്കു അംഗീകാരം നല്കുക എന്നതു കേവലം നീതി മാത്രമാണ്; കൃപയല്ല.

എന്നാൽ ശിക്ഷയ്ക്കു വിധിക്കപ്പെട്ടവർ, കുറ്റക്കാർ, നിസ്സഹാ യർ, ഒരു ന്യായവും പറയാനില്ലാത്തവർ എന്നുള്ളവരെ രക്ഷിച്ചു ശുദ്ധീകരിച്ച് തേജസ്കരിക്കാനായി അന്വേഷിച്ചു കൊണ്ടിരിക്കുന്ന ഒന്നാണ് കൃപ.

ദൈവകൃപയോടുള്ള മനുഷ്യന്റെ ഉത്തരവാദിത്തം വലുതാണ്. ദൈവകൃപ ഒരുവനു വേണ്ടി എന്തു ചെയ്തു, എന്തു ചെയ്തുകൊ ണ്ടിരിക്കുന്നു എന്നോർക്കുമ്പോൾ ആ പരിജ്ഞാനം അവന്റെ ജീവി തത്തെ ആകമാനം മാറ്റി മറിക്കുന്നു.

ഒന്നാമത് അവൻ തന്റെ അനർഹതയെക്കുറിച്ചുള്ള ബോധ ത്തിൽ നന്ദി കൊണ്ടും കടപ്പാടു കൊണ്ടും ഉള്ളം നിറയുന്നു. അതോടെ മനം തകരുന്നു. നാവിൽ സ്തുതി ഉയരുന്നു. അറിയാതെ ഇങ്ങനെ പാടിപ്പോകുന്നു.

"ഇത്ര മഹത്വമുള്ള പദവിയെ
ഈ പുഴുക്കൾക്കരുളാൻ
പാത്രതയേതുമില്ലാ നിന്റെ കൃപ
എത്ര വിചിത്രമഹോ"

ദൈവത്തെ രുചിച്ചറിഞ്ഞ ദൈവപൈതൽ ദാവീദിനെപ്പോലെ വിളിച്ചുപറഞ്ഞു പോകും. "കർത്താവായ യഹോവേ എന്നെ ഇത്രത്തോളം കൊണ്ടുവരുവാൻ ഞാൻ ആർ; എന്റെ ഗൃഹവും എന്തുള്ളൂ"?

ഈ ദൈവകൃപയെക്കുറിച്ചുള്ള തിരിച്ചറിവാണ് സ്തുതിയുടെയും ആരാധനയുടെയും ഉറവിടം. നമ്മുടെ വ്യക്തിപരമായ അനർഹതയെക്കുറിച്ച് ബോധമുണ്ടാകുന്നതോടു കൂടി കർത്താവിന്റെ യോഗ്യതയുടെ വലിപ്പത്തെക്കുറിച്ചുള്ള ആഴമേറിയ ബോദ്ധ്യവും നമുക്കുണ്ടാകുന്നു.

പൗലോസു ശ്ലീഹാ തന്റെ ബലഹീനതയെക്കുറിച്ച് പ്രശംസിക്കുമ്പോൾ തന്നെ, ചേർത്തു പറയും: "എന്നെ ശക്തനാക്കുന്നൻ മുഖാന്തരം ഞാൻ സകലത്തിന്നും മതിയായവൻ" എന്ന്.

ദൈവകൃപ ഒരുവന്റെ ജീവിതത്തിൽ വരുത്തുന്ന മറ്റൊരു ഫലം പാപത്തോടുള്ള വെറുപ്പും വിശുദ്ധിക്കുവേണ്ടിയുള്ള അഭിവാഞ്ഛയുമാണ്. പൗലോസ് ശ്ലീഹാ വീണ്ടും പറയുകയാണ്:

> "ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിച്ചിട്ട് ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭക്തിയോടും കൂടി ജീവിച്ചു പോരേണ്ടതിന്നു ദൈവകൃപ നമ്മെ ശിക്ഷിച്ചു വളർത്തുന്നു."

തീത്തോസ് 2:13.

ദൈവകൃപ അനുഭവിക്കുന്ന ഒരു വിശ്വാസിയിൽ പ്രകടമാകുന്ന, പ്രകടമാകേണ്ട മറ്റൊരു സ്വഭാവഗുണമാണ് മറ്റുള്ളവരെ ഈ കൃപയിലേക്കു അടുപ്പിക്കുവാനുള്ള ദാഹം. ഈ കൃപ ഒരുവനെ സുവിശേഷ സന്ദേശവാഹകനാക്കുന്നു.

മാത്രമല്ല, ദൈവത്തിന്റെ കൃപ ഒരു വിശ്വാസിയുടെ ഉള്ളിൽ പ്രാർത്ഥനയിൽ ദൈവവുമായി സംസർഗ്ഗം ചെയ്യുന്നതിനുള്ള അഭിനിവേശം ഉളവാക്കുന്നു. ദൈവസന്നിധിയിൽ ഒറ്റയ്ക്ക് പ്രർത്ഥനയ്ക്കുവേണ്ടി സമയം ചെലവിടുന്നത് അവന് ഒരു പ്രമോദമായി മാറുന്നു.

അവസാനമായി ദൈവകൃപയുടെ ആസ്വാദനം ഒരു വിശ്വാസിയെ കർത്താവിന്റെ രണ്ടാമത്ത വരവിന്റെ പ്രത്യാശയുടെ പാരമ്യത്തിൽ നിലനിർത്തുന്നു.

> “സകല മനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചുവല്ലോ”
>
> തീത്തോസ് 2:11

ഈ ദൈവകൃപ ഇവിടം കൊണ്ടു തീരുന്നതല്ല. ദൈവകൃപയുടെ അത്യന്ത ധനം വരും കാലങ്ങളിൽ കണ്ട് രുചിച്ചനുഭവിക്കാൻ നമുക്കു ഭാഗ്യം ലഭിക്കട്ടെ. ക്രിസ്തുവിന്റെ കൃപയിൽ ആശ്രയം വയ്ക്കുന്ന പാപി നിത്യനീരുറവയിലാണ് എത്തിപ്പിടിച്ചിരിക്കുന്നത്. അത് ഭാഗ്യകരമായ പ്രത്യാശയാണ്. നാം ഇന്നു ജീവിക്കുന്നത് കൃപായുഗത്തിലാണ്.

നാം ഇപ്പോൾ കൃപയെക്കുറിച്ച് എട്ടുകാര്യങ്ങൾ ചിന്തിച്ചു.

ഒന്ന് : കൃപയാലുള്ള പാപമോചനവും വീണ്ടെടുപ്പും.

രണ്ട് : കൃപയാലുള്ള വിശ്വാസം.

മൂന്ന് : കൃപയാലുള്ള രക്ഷ.

നാല് : കൃപയാലുള്ള വിശുദ്ധിയും നിർമ്മലതയും.

അഞ്ച് : കൃപയാലുള്ള വിളിയും തെരഞ്ഞെടുപ്പും.

ആറ് : കൃപയാലുള്ള സുവിശേഷം അറിയിക്കൽ.

ഏഴ് : കൃപയാലുള്ള എല്ലാ നല്ല വരങ്ങളും.

എട്ട് : കൃപയാലുള്ള നിത്യജീവൻ.

ന്യായാധിപതിയായ കർത്താവ് കൃപാസനത്തിൽ നിന്ന് ന്യായാസനത്തിലേക്കു മാറുന്നതിനു മുമ്പ് ഈ കൃപയ്ക്ക് കൂട്ടവകാശികളായി ഒരു മാനസാന്തരാനുഭവത്തിലേക്കു നമുക്ക് കടന്നു വരാം. അതിനായി നമുക്കു കാൽവറി ക്രൂശിലേക്കു നോക്കാം.

ക്രൂശിലെ ദീനരോദനം കേൾക്കൂ: "എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്ത്?" ഇത് നമ്മോടുള്ള ദൈവത്തിന്റെ സ്നേഹം നിമിത്തം ആണ്. ഇതു ദൈവകൃപയാണ്. ക്രൂശിൽ കാണിച്ച ഈ കൃപ എത്രയോ വലുതാണ്. അതുകൊണ്ട് പൗലോസു ശ്ലീഹായോടു ചേർന്നു നമുക്കു പറയാം.

> "ആകയാൽ നാം എന്തു പറയേണ്ടൂ? കൃപ പെരുകേണ്ടതിന്നു പാപം ചെയ്തു കൊണ്ടിരിക്ക എന്നോ? ഒരുനാളും അരുത്"
>
> റോമർ. 6:1

ഒരുനാളും, ഒരിക്കലും അരുത്. എന്ത്? പാപം ചെയ്യരുത്.

കൃപാലുവായ കർത്താവിന്റെ മതിയായ കൃപക്കുവേണ്ടി (efficient Grace) നമുക്കു പ്രാർത്ഥിക്കാം. കൃപമേൽ കൃപ പെരുക്കി ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

## മൂന്ന്

## മാവു തീരാത്ത കലം

"അവൾ ചെന്നു ഏലിയാവു പറഞ്ഞതു പോലെ ചെയ്തു; അങ്ങനെ അവളും അവനും അവളുടെ വീട്ടുകാരും ഏറിയ നാൾ അഹോവൃത്തി കഴിച്ചു. യഹോവ ഏലിയാവു മുഖാന്തരം അരുളിച്ചെയ്ത വചന പ്രകാരം കലത്തിലെ മാവു തീർന്നു പോയില്ല, ഭരണിയിലെ എണ്ണ കുറഞ്ഞു പോയതുമില്ല"

1 രാജാക്കന്മാർ 17:15,16

ഏലീയാവിനു യഹോവയുടെ അരുളപ്പാടുണ്ടായത്– നീ എഴുന്നേറ്റു സീദോനോട് ചേർന്ന സാരെഫാത്തിലേക്കു ചെന്ന് അവിടെ താമസിക്ക. നിന്നെ പുലർത്തേണ്ടതിന്നു അവിടെ ഒരു വിധവയോട് ഞാൻ കല്പിച്ചിട്ടുണ്ട്.

യഹോവയുടെ അരുളപ്പാടു ലഭിച്ച ഏലിയാവു ഉടനെ അനുസരിച്ച് സാരെഫാത്തിലേക്കു പോയി. പട്ടണവാതിൽക്കൽ എത്തിയപ്പോൾ ഒരു വിധവ  വിറകുപെറുക്കിക്കൊണ്ടിരിക്കുന്നതു ഏലിയാവു കണ്ടു.  അവൻ അവളോടു വിളിച്ചു പറഞ്ഞു:

> " എനിക്കു കുടിപ്പാൻ ഒരു പാത്രത്തിൽ കുറെ വെള്ളം കൊണ്ടുവരേണമേ എന്നു പറഞ്ഞു. അവൾ കൊണ്ടുവരുവാൻ പോകുമ്പോൾ ഒരു കഷണം അപ്പവും കൂടെ നിന്റെ കയ്യിൽ കൊണ്ടുപോരേണമേ എന്നു അവൻ അവളോടു വിളിച്ചു പറഞ്ഞു."
>
> 1 രാജാക്കന്മാർ : 17: 10,11

പ്രവാചകൻ വിളിച്ചു പറഞ്ഞതു കേട്ടപ്പോൾ അവൾ ഞെട്ടിപ്പോയി. കാരണം അവളുടെ കലത്തിൽ ഒരു പിടി മാവും തുരുത്തിയിൽ അല്പം എണ്ണയും മാത്രമേ ഉള്ളൂ. അത് അവൾക്കും അവളുടെ മകനും വേണ്ടി ഒരുക്കി അതു തിന്നിട്ട് അവൾ മരിപ്പാനിരിക്കുകയായിരുന്നു. കാരണം ദേശത്ത് മഞ്ഞും മഴയും ഇല്ല. ക്ഷാമം അതി കഠിനമായിരിക്കുകയാണ്. ദേശം വറുതിയിലാണ്. അവൾ പ്രവാചകനോടു ഇപ്രകാരം പറഞ്ഞു.

> "അതിന്നു അവൾ: നിന്റെ ദൈവമായ യഹോവയാണ, കലത്തിൽ ഒരു പിടി മാവും തുരുത്തിയിൽ അല്പം എണ്ണയും മാത്രമല്ലാതെ എനിക്കു ഒരു അപ്പവും ഇല്ല. ഞാൻ ഇതാ, രണ്ടു വിറകു പെറുക്കുന്നു, ഇതുകൊണ്ടു ചെന്നു എനിക്കും മകന്നും വേണ്ടി ഒരുക്കി അതു ഞങ്ങൾ തിന്നിട്ടു മരിപ്പാനിരിക്കയാകുന്നു എന്നു പറഞ്ഞു."
>
> 1 രാജാക്കന്മാർ 17:12

ഏലിയാവു പറഞ്ഞു: നീ ഭയപ്പെടേണ്ട, ചെന്ന് നീ പറഞ്ഞതു പോലെ ചെയ്യുക. ആദ്യം എനിക്കു ചെറിയൊരു അട ഉണ്ടാക്കി ക്കൊണ്ടുവരിക. പിന്നെ നിനക്കും നിന്റെ മകനും വേണ്ടി ഉണ്ടാ ക്കിക്കൊൾക. പ്രവാചകൻ ഒരു കാര്യം കൂടി അവളോട് പറഞ്ഞു:

> "യഹോവ ഭൂമിയിൽ മഴ പെയ്യിക്കുന്ന നാൾ വരെ കലത്തിലെ മാവു തീർന്നു പോകയില്ല; ഭരണിയിലെ എണ്ണ കുറഞ്ഞുപോകയും ഇല്ല എന്നു യിസ്രായേ ലിന്റെ ദൈവമായ യഹോവ അരുളിച്ചെയ്യുന്നു എന്നു പറഞ്ഞു"
>
> 1 രാജാക്കന്മാർ 17:14

അവൾ ചെന്ന് ഏലിയാവു പറഞ്ഞതു പോലെ ചെയ്തു. അങ്ങനെ അവളും അവനും അവളുടെ വീട്ടുകാരും ഏറിയ നാൾ അഹോവൃത്തി കഴിച്ചു.

വിശ്വാസവും അനുസരണവും അതിന്റെ ഫലമായ അതി ശയവും നാം ഇവിടെ കാണുന്നു. ഒരു പുറജാതിക്കാരിയായ വിധവ ദൈവവചനം വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്തു. തൻനിമിത്തം അവളും അവളുടെ കുടുംബവും അനു ഗ്രഹം പ്രാപിച്ചു.

അനുഗ്രഹത്തിനുള്ള മാർഗ്ഗം അനുസരണമാണ്. അനുസരണ ത്തിന്റെ ഒരു മാതൃക പത്രോസ് ശ്ലീഹായുടെ ജീവിതത്തിലൂടെയും നാം പഠിക്കുന്നുണ്ട്.

കർത്താവിന്റെ ക്രൂശുമരണത്തിന്നു ശേഷം പിന്മാറ്റത്തിലും നിരാശയിലും ആയ പത്രോസും മറ്റു ചില ശിഷ്യന്മാരും മീൻ പിടി ക്കാനായി പോയി. ആ രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും അവർക്കു ഒന്നും ലഭിച്ചില്ല. പുലർച്ചെ ഉയിർത്തെഴുന്നേറ്റവനായ യേശു

അവർക്കു പ്രത്യക്ഷനായി അവരോടു സംസാരിച്ചു.

> യേശു അവരോടു: കുഞ്ഞുങ്ങളേ കൂട്ടുവാൻ വല്ലതും ഉണ്ടോ എന്നു ചോദിച്ചു; ഇല്ല എന്നു അവർ ഉത്തരം പറഞ്ഞു. പടകിന്റെ വലത്തു ഭാഗത്തു വല വീശുവിൻ, എന്നാൽ നിങ്ങൾക്കു കിട്ടും എന്നു അവൻ അവരോടു പറഞ്ഞു. അവർ വീശി, മീനിന്റെ പെരുപ്പം ഹേതുവായി അതു വലിപ്പാൻ കഴിഞ്ഞില്ല."
>
> യോഹന്നാൻ 21:5,6.

യേശുവിന്റെ വാക്കിനു വല ഇറക്കി വീശിയപ്പോൾ പെരുത്ത മീൻകൂട്ടം കിട്ടി. യേശുവിന്റെ വാക്ക് വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുമ്പോൾ അത്ഭുതം നടക്കുന്നു.

പത്രോസിന്റെ ജീവിതത്തിൽ മുൻകാലത്തും ഇതുപോലൊരു അനുഭവം വിവരിക്കുന്നുണ്ട്. അതു ലൂക്കോസിന്റെ സുവിശേഷത്തിലാണ്.

> "അവർ അങ്ങനെ ചെയ്തപ്പോൾ പെരുത്ത മീൻകൂട്ടം അകപ്പെട്ടു വല കീറാറായി"
>
> ലൂക്കൊസ് 5:6

യേശു ശീമോൻ പത്രോസിന്റെ പടകിൽ കയറി ഇരുന്നു പുരുഷാരത്തെ ഉപദേശിച്ചു. സംസാരിച്ചു തീർന്നപ്പോൾ യേശു പത്രോസിനോട് ആഴത്തിലേക്കു നീക്കി വല ഇറക്കുവിൻ എന്നു പറഞ്ഞു. അതിനു ശീമോൻ നാഥാ, ഞങ്ങൾ രാത്രി മുഴുവനും അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടിയില്ല. എങ്കിലും നിന്റെ വാക്കിനു വല ഇറക്കാം എന്നു പറഞ്ഞു. യേശുവിന്റെ വചനം പത്രോസ് അനുസരിച്ചപ്പോൾ പെരുത്ത മീൻകൂട്ടം അകപ്പെട്ടു വല കീറാറായി എന്നു നാം വായിക്കുന്നു.

പരിചയ സമ്പന്നനായ പത്രോസ് ആദ്യം വീശിയത് തനിക്കു നല്ല പരിചയമുള്ള കടലിൽ, തന്റെ സ്വന്ത മനോനിർണ്ണയം അനുസരിച്ചാണ്. എന്നാൽ പിന്നീട് വീശിയത് ദൈവവചനം അനുസരിച്ച് ദൈവനിയോഗത്താലാണ്, ദൈവനിയന്ത്രണത്തിലാണ്. അപ്പോൾ പ്രതിഫലവും കിട്ടി എന്നു നാം കാണുന്നു.

സാരെഫാത്തിലെ വിധവയുടെ ജീവിതാനുഭവം നമ്മെ അനേകം ദൈവീക മർമ്മങ്ങൾ പഠിപ്പിക്കുന്നു. സങ്കീർത്തനക്കാരനായ ദാവീദു പറയുന്നതുപോലെ ദൈവം എല്ലായ്പ്പോഴും അനാഥരുടെ പിതാവും വിധവകളുടെ ന്യായപാലകനും ആകുന്നു.

കലത്തിലെ മാവു തീർന്നു വരുന്നതും ഭരണിയിലെ എണ്ണ കുറഞ്ഞു പോകുന്നതും കണ്ടിട്ട് ദൈവം മുൻ കരുതുകയാണ്. ദൈവം എപ്പോഴും തക്ക സമയത്ത് വേണ്ട സഹായം എത്തിക്കുന്നവനാണ്.

ഏലിയാവിനെയും ദൈവം വിശ്വാസത്തിന്റെ ചുവടുകൾ അഭ്യസിപ്പിക്കുകയാണ്. തന്റെ പ്രിയ പ്രവാചകന്റെ അഹോവൃത്തിക്കായി തിരഞ്ഞെടുത്തത് സാരെഫാത്തിലെ ഒരു പാവപ്പെട്ട വിധവയെയാണ്. നിരാലംബയും ദരിദ്രയുമായ ഒരു വിധവ.

പ്രവാചകനെ  കാക്കയെക്കൊണ്ട് പോറ്റിപുലർത്തി, തോട്ടിലെ വെള്ളത്തിൽ നിന്നും കുടിപ്പിച്ച് നടത്തിയ ദൈവം ഇവിടെ അസംഭവ്യങ്ങളായ മുഖാന്തരങ്ങളെ ഉപയോഗിക്കുകയാണ്.

കാക്കയിലേക്കും തോട്ടിലെ വെള്ളത്തിലേക്കും പ്രവാചകനു നോട്ടം വന്നപ്പോൾ കാക്കയുടെ വരവു നിന്നു; തോട്ടിലെ വെള്ളം വറ്റി. ദൈവം തന്റെ ദാസനെ ഇതിൽ കൂടിയെല്ലാം ദൈവത്തിലാശ്രയം വെക്കാൻ അഭ്യസിപ്പിക്കുകയാണ്. പൗലോസ് ശ്ലീഹാ പറയുന്നതിന്റെ പൊരുൾ ഇതാണ്.

"ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ഭോഷത്വമായതു തിരഞ്ഞെടുത്തു, ബലമുള്ളതിനെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ബലഹീനമായതു തെരഞ്ഞെടുത്തു. ഉള്ളതിനെ ഇല്ലായ്മയാക്കുവാൻ ദൈവം ലോകത്തിൽ കുലഹീനവും നികൃഷ്ടവുമായതും ഏതുമില്ലാത്തതും തിരഞ്ഞെടുത്തു. ദൈവസന്നിധിയിൽ ഒരു ജഡവും പ്രശംസിക്കാതിരിക്കേണ്ടതിന്നു തന്നേ."

1 കൊരിന്ത്യർ 1:27–29.

കർത്താവ് ഒരിക്കൽ തന്റെ പ്രിയ ശിഷ്യന്മാരോടു ചോദിച്ചു. "ഞാൻ നിങ്ങളെ അയച്ചപ്പോൾ നിങ്ങൾക്കു വല്ല കുറവും ഉണ്ടായോ? എന്ന് 'ഇല്ല' എന്നായിരുന്നു ശിഷ്യന്മാരുടെ മറുപടി.

യോഹന്നാന്റെ ലേഖനത്തിൽ പറയുന്നതുപോലെ തന്റെ പ്രിയ മക്കൾ ആത്മാവിൽ മാത്രമല്ല, സകലത്തിലും, ശുഭമായും സുഖമായും ഇരിക്കേണം എന്നാണ് കർത്താവിന്റെ ആഗ്രഹം. 3 യോഹ. 2

ദാവീദിന്റെ അനുഭവവും മറ്റൊന്നല്ല. യഹോവ എന്റെ ഇടയനാകയാൽ എനിക്കു മുട്ടുണ്ടാകയില്ല. നമ്മെ പോറ്റിപ്പുലർത്തി പരിപാലിക്കുന്ന ദൈവത്തിൽ ആശ്രയിച്ചും അനുസരിച്ചും ജീവിക്കുന്നതാണ് ജയജീവിതത്തിന്റെ രഹസ്യം. 'യഹോവയിരെ' യഹോവ കരുതിക്കൊള്ളും എന്ന വിശ്വാസവും അനുഭവവും എത്ര ആശ്വാസകരമാണ്.

ആദ്യം ഒരപ്പം എനിക്കു ഉണ്ടാക്കിത്തരണം എന്നു ഏലിയാവു പറഞ്ഞതു സ്വാർത്ഥത കൊണ്ടല്ല. ആ വിധവ അല്പം മാത്രമുള്ള ആ മാവ് തനിക്കും സ്വന്ത മകനും എടുക്കാതെ പ്രവാചകനു ആദ്യം കൊടുത്ത് ദൈവവചനം അനുസരിക്കുമോ എന്നു ശോധന ചെയ്യു

കയായിരുന്നു.

ആ സ്ത്രീയാകട്ടെ തിന്നു ജീവിക്കാനുള്ള സ്വാർത്ഥ മനോഭാവത്തിനു പകരം കൊടുത്തു മരിക്കുവാൻ സന്നദ്ധയായിരുന്നു. മാത്രമല്ല ദൈവത്തിന്നോ, അതോ തനിക്കോ, മുൻഗണന ഏതിന് എന്ന ചോദ്യവും ഉദിക്കുന്നു.

പ്രവാചകൻ ആവശ്യപ്പെട്ടത് ആദ്യം എനിക്ക് ഒരട ഉണ്ടാക്കിക്കൊണ്ടു വരിക; പിന്നെ നിനക്കും നിന്റെ മകനും വേണ്ടി ഉണ്ടാക്കിക്കൊൾക എന്നാണ്. വിശ്വാസത്തോടെ ദൈവവചനത്തെ അനുസരിക്കുമ്പോൾ അനുഗ്രഹം പ്രാപിക്കുന്നു.

എഫ്. ബി. മേയർ വിശ്വാസികളെ മൂന്നു തരക്കാരായി തിരിച്ചിരിക്കുന്നു.

ഒന്ന് : In some people Jesus Christ is present.
(ചിലരിൽ യേശുക്രിസ്തുവിന്റെ സാന്നിദ്ധ്യം ഉണ്ട്.)

രണ്ട് : In some others Jesus Christ is prominent
(മറ്റു ചിലരിൽ യേശുക്രിസ്തു പ്രധാനിയാണ്)

മൂന്ന് : In some Jesus Christ is pre - eminent
(ചിലരിൽ യേശുക്രിസ്തു അഗ്രഗണ്യനാണ്. പരമ പ്രധാനിയാണ്.)

യേശുക്രിസ്തു ജീവിതത്തിൽ പരമപ്രാധാന്യം കൊടുക്കുമ്പോൾ അനുഗ്രഹം ക്രൂശിൽ നിന്നും ഒഴുകിയെത്തും. അനുസരിക്കുന്നവരുടെ മേൽ വ്യാപരിക്കുന്നതാണ് ദൈവാത്മാവ്.

കുഷ്ഠരോഗിയായ നയമാൻ ഏലീശായുടെ അടുക്കൽ വന്നു. പ്രവാചകൻ അവനോടു യോർദ്ദാൻ നദിയിൽ പോയി ഏഴുപ്രാവശ്യം

മുങ്ങി സൗഖ്യം പ്രാപിക്കുവാൻ കല്പിച്ചു. നയമാൻ ഏഴു പ്രാവശ്യം മുങ്ങിയ ഉടനെ തന്നെ കുഷ്ഠരോഗം അവനെ വിട്ടുമാറി.

കർത്താവിനെ കണ്ടുമുട്ടിയ കുഷ്ഠരോഗികൾ കല്പന അനുസരിച്ചു പുറപ്പെട്ടു. തിരിച്ചു പോകയിൽ തന്നെ ശുദ്ധരായിത്തീർന്നു എന്നു നാം കാണുന്നു.

കാനാവിലെ കല്ല്യാണവീട്ടിൽ യേശു കല്പിച്ചതു പോലെ വേലക്കാർ കല്പാത്രങ്ങളിൽ വെള്ളം കോരി വക്കോളവും നിറച്ചപ്പോൾ അത് രസിപ്പിക്കുന്ന വീഞ്ഞായി മാറി.

> "നിങ്ങൾ എന്റെ വാക്കു കേട്ടനുസരിച്ചു ഞാൻ നിങ്ങളോടു കല്പ്പിച്ചതു പോലെ ഒക്കെയും ചെയ് വിൻ, എന്നാൽ നിങ്ങൾ എനിക്കു ജനവും ഞാൻ നിങ്ങൾക്കു ദൈവവും ആയിരിക്കും എന്നരുളിച്ചെയ്തു."
>
> യിരെമ്യമാവ് 11:4

ദൈവകല്പന അനുസരിച്ചാൽ ജീവിക്കുമെന്നും അനുസരണക്കേട് കാണിച്ചാൽ മരിക്കുമെന്നുമാണ് ദൈവത്തിന്റെ നിയമം. വിശ്വാസ ജീവിതം അനുസരണ ജീവിതമാണ്. ചോദ്യം ചെയ്യാത്ത അനുസരണം അനുഗ്രഹത്തിനു വഴി ഒരുക്കുന്നു.

ക്ഷാമകാലത്ത് പ്രവാചകനെ പോറ്റിപ്പുലർത്താനുള്ള ഒരു ക്രമീകരണം മാത്രമല്ല വിധവയുടെ കാര്യത്തിൽ നാം കാണുന്നത്. മറിച്ച് അതു മുഖാന്തരം അവളും അവനും അവളുടെ വീട്ടുകാരും ഏറിയ നാൾ അഹോവൃത്തി കഴിക്കുവാൻ തക്കവണ്ണം ഒരു സ്വർഗ്ഗീയ കാര്യപരിപാടിയുടെ വഴി തുറക്കുകയാണ് ചെയ്തത്.

> "കൊടുപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും; അമർത്തി കുലുക്കി കവിയുന്നൊരു നല്ല അളവു നിങ്ങളുടെ

> മടിയിൽ തരും. നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടും."
>
> ലൂക്കൊസ് 6:38.

"മുന്നമേ ദൈവം" എന്നതു നമ്മുടെ ജീവിത പ്രമാണമായിരിക്കട്ടെ. ഇതു തന്നെയാണ് നമ്മുടെ കർത്താവു ഗിരിപ്രഭാഷണത്തിൽ നമ്മെ പഠിപ്പിക്കുന്ന പാഠം.

> "മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടു കൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും."
>
> മത്തായി 6:33

ദൈവരാജ്യ സംബന്ധമായ കാര്യങ്ങൾക്കേ നാം എപ്പോഴും മുൻഗണന കൊടുക്കാവൂ. സ്വന്ത വഴി വിട്ടുകളയുന്നവർക്കേ ദൈവത്തിന്റെ വഴി സ്വീകരിപ്പാൻ കഴിയുകയുള്ളൂ.

ദൈവത്തിന്റെ കരങ്ങളിൽ പൂർണ്ണമായി ഏല്പിച്ചു കൊടുക്കുന്ന ഒരു ദൈവപൈതലിനെ കൊണ്ട് ദൈവം എന്തു ചെയ്യിക്കുമെന്ന് ലോകം ഇനിയും കാണാനിരിക്കുന്നതേ ഉള്ളൂ എന്നാണ് ഹെൻട്രി വാർലി എന്ന ദൈവദാസൻ പറഞ്ഞിരിക്കുന്നത്. അതു ഗ്രഹിച്ച ഡി.എൽ മൂഡി ഒരിക്കൽ പ്രാർത്ഥിച്ചു. "ദൈവമേ ആ മനുഷ്യൻ ഞാനായിരിക്കട്ടെ." സമ്പൂർണ്ണ സമർപ്പണം അത്ഭുതം സൃഷ്ടിക്കുക തന്നെ ചെയ്യും.

ഈ വിധവയുടെ സംഭവത്തിൽ നിന്നു മറ്റു ചില പാഠങ്ങൾ കൂടി നമുക്ക് ഗ്രഹിക്കുവാനുണ്ട്. നാം ഒരിക്കലും പ്രതീക്ഷിക്കാത്ത ഇടങ്ങളിൽ നിന്നാണ് ദൈവം സഹായം ഒരുക്കുന്നത്. തന്റെ മക്കളെ ക്ഷാമകാലത്ത് കാക്കയെക്കൊണ്ടും വിധവയെക്കൊണ്ടും പോഷിപ്പിക്കുന്ന ദൈവത്തിന്റെ വഴികൾ എത്ര അവർണ്ണനീയം!

തന്റെ ധനത്തിനൊത്ത വണ്ണം കർത്താവു നമ്മെ അനുഗ്രഹിക്കുന്നു. സ്നേഹവാനായ ദൈവത്തെ നാം വിശ്വസിച്ചാൽ കലവറ കൂടാതെ അവൻ നമ്മെ അനുഗ്രഹിക്കും. തന്റെ ജനത്തിന്നു വേണ്ടി ചെങ്കടൽ വറ്റിക്കാനും മരുഭൂമിയിൽ നീരുറവ തുറക്കാനും അവൻ മതിയായവൻ തന്നെ.

വിധവ തനിക്കുള്ള അപ്പം ആദ്യം ദൈവപുരുഷനു കൊടുത്തപ്പോൾ തീർന്നു പോകാത്ത സമൃദ്ധി അവൾക്കു കിട്ടി. ഈ ചെറിയവരിൽ ഒരുത്തനു ചെയ്യുന്നതെല്ലാം എനിക്കു ചെയ്യുന്നതാകുന്നു എന്നു ഒരിക്കൽ കർത്താവു പറഞ്ഞു. നമുക്കുള്ളതു നാം മനസ്സോടെ ദൈവത്തിനു കൊടുക്കുമ്പോൾ നമ്മുടെ തലമുറകൾ അനുഗ്രഹിക്കപ്പെടും. മാത്രമല്ല നാം തന്നെ അനേകർക്കു അനുഗ്രഹമായി മാറുകയും ചെയ്യും.

ദൈവം നമ്മുടെ ജീവിതത്തിൽ അത്ഭുതം പ്രവർത്തിച്ചാലും പ്രശ്നങ്ങൾ നമ്മെ എന്നന്നേയ്ക്കുമായി വിട്ടുമാറണമെന്നില്ല എന്ന ഒരു മർമ്മം നാം ഇതിൽ നിന്നു മനസ്സിലാക്കുന്നു.

> “അനന്തരം വീട്ടുടമക്കാരത്തിയായ സ്ത്രീയുടെ മകൻ ദീനം പിടിച്ചു കിടപ്പിലായി; ദീനം കടുത്തിട്ടു അവനിൽ ശ്വാസം ഇല്ലാതെയായി”
>
> 1 രാജാക്കന്മാർ 17:17.

വിധവയുടെ മകൻ ദീനം പിടിച്ച് കിടപ്പിലായി. ദീനം വർദ്ധിച്ച് അവൻ മരിച്ചു. എത്ര പെട്ടെന്നാണ് അന്തരീക്ഷം മാറിയത്. ആദ്യം അനുഭവിക്കേണ്ടി വന്ന കഠിന ക്ഷാമത്തേക്കാൾ ഗുരുതരമായ പ്രതിസന്ധിയാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്.

സാത്താൻ പലപ്പോഴും അല്പനേരത്തേക്കു മാത്രം വിട്ടു നില്ക്കുന്നു. വീണ്ടും കഷ്ടതകളുമായി അവൻ ദൈവമക്കളെ സമീ

പിക്കും. എന്നാൽ ഓരോ കഷ്ടത വരുമ്പോഴും അതിൽ നിന്നും ഓരോ പുതിയ പാഠം പഠിക്കുന്നു. മകന്റെ മരണത്തിലൂടെ വിധവ പഠിച്ച പാഠം എന്താണ്?

> “അപ്പോൾ അവൾ ഏലിയാവോടു: അയ്യോ ദൈവ പുരുഷനേ, എനിക്കും നിനക്കും തമ്മിൽ എന്ത്? എന്റെ പാപം ഓർപ്പിക്കേണ്ടതിനും എന്റെ മകനെ കൊല്ലേണ്ടതിനും ആകുന്നുവോ നീ എന്റെ അടുക്കൽ വന്നതു എന്നു പറഞ്ഞു.”
>
> 1 രാജാക്കന്മാർ 17:18

വിധവ പറയുന്നത് എന്റെ കഴിഞ്ഞ കാലത്തെ പാപം ഓർമ്മിപ്പിക്കേണ്ടതിനു ഇതു സംഭവിച്ചു എന്നാണ്. മകന്റെ മരണം മൂലം വിധവ കഴിഞ്ഞ കാല ജീവിതത്തിലെ പാപം കണ്ടെത്താൻ ഇടയായി. മാത്രമല്ല പാപങ്ങളെ ഓർത്ത് അനുതപിക്കാനും ഇത് മുഖാന്തരമായി.

കഷ്ടത വരുന്നത് വിശുദ്ധീകരണത്തിനാണ്. കഷ്ടതയിൽ കൂടി കൈവിടാത്ത നല്ലവനായ കർത്താവിനെ വീണ്ടും ആ സാധു വിധവ കണ്ടു മുട്ടുകയാണ്.

> “അവൻ അവളോടു: നിന്റെ മകനെ ഇങ്ങു തരിക എന്നു പറഞ്ഞു. അവനെ അവളുടെ മടിയിൽ നിന്നെടുത്തു താൻ പാർത്തിരുന്ന മാളിക മുറിയിൽ കൊണ്ടു ചെന്നു തന്റെ കട്ടിലിന്മേൽ കിടത്തി.”
>
> 1 രാജാക്കന്മാർ 17:19

അതിനു ശേഷം ഏലിയാവു ഈ കുഞ്ഞിനു വേണ്ടി പ്രാർത്ഥിച്ചു.

"അവൻ യഹോവയോടു: എന്റെ ദൈവമായ യഹോവേ, ഞാൻ വന്നു പാർക്കുന്ന ഇവിടത്തെ വിധവയുടെ മകനെ കൊല്ലുവാൻ തക്കവണ്ണം നീ അവൾക്കു അനർത്ഥം വരുത്തിയോ എന്നു പ്രാർത്ഥിച്ചു പറഞ്ഞു."

1 രാജാക്കന്മാർ 17:20.

ഏലിയാവു കുട്ടിയുടെ മേൽ മൂന്നു പ്രാവശ്യം കവിണ്ണു കിടന്നു. "ഈ കുട്ടിയുടെ പ്രാണൻ അവനിൽ മടങ്ങി വരുമാറാകട്ടെ" എന്നു യഹോവയോട് വീണ്ടും പ്രാർത്ഥിച്ചപ്പോൾ കുട്ടിയുടെ പ്രാണൻ അവനിൽ മടങ്ങിവന്നു. യഹോവ ഏലിയാവിന്റെ പ്രാർത്ഥന കേട്ടു മറുപടി നല്കി.

മകനെ, നീ മനസ്സു മടുത്ത് കഴിയുകയാണോ? ഇനി ആശയ്ക്കു വകയില്ല എന്നാണോ നിന്റെ ഉള്ളം പറയുന്നത്. മകനെ, നീ യേശുവിന്റെ അടുക്കൽ കടന്നുവരിക. അവനോടു നിന്റെ സങ്കടങ്ങൾ തുറന്നു പറയുക. കരുണാസമ്പന്നനായ ദൈവം നിന്റെ കണ്ണുനീർ തുടയ്ക്കും. അവൻ കഷ്ടകാലത്ത് തക്ക തുണയാണ്. നിന്റെ കഷ്ടതയുടെ നടുവിൽ രക്ഷകൻ നിന്നെ താങ്ങും. അഗ്നിച്ചൂളയുടെ മദ്ധ്യത്തിൽ ദൈവം ഇറങ്ങിവരും.

നാം അനേകം കഷ്ടങ്ങളിലൂടെ ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു. നമ്മുടെ ഏതു വലിയ പ്രശ്നങ്ങളെക്കാളും വലിയവനാണ് യേശുക്രിസ്തു. മനുഷ്യന്റെ സകല കഴിവുകളും അസ്തമിക്കുമ്പോൾ ദൈവം പ്രവർത്തിക്കാൻ തുടങ്ങും.

മനുഷ്യജീവിതത്തിൽ നടക്കേണ്ടതായ ഏറ്റവും വലിയ അത്ഭുതം പാപത്തിൽ മരിച്ച മനുഷ്യനെ നിത്യജീവന്റെ അനുഭവത്തിലേക്ക് ഉയർത്തുക എന്നുള്ളതാണ്. ലോകത്തിൽ മരണം പ്രവേശിച്ചത് പാപം മൂലവും പാപത്തിന്റെ ശിക്ഷയായിട്ടുമാണ്.

പാപത്തിൽ മരിച്ച നാമധേയ ക്രിസ്ത്യാനികളുടെ കൂട്ടമായി ഇന്നു ക്രിസ്തീയ സഭ മാറിയിരിക്കയാണ്. അനേകം കൂട്ടായ്മകൾ ഇന്നു ഒരു ശവപ്പറമ്പായി മാറിയിരിക്കുന്നു. യെഹസ്ക്കേൽ പ്രവാചകൻ പറയുന്നതുപോലെ ഉണങ്ങിയ അസ്ഥികളുടെ താഴ്വരയായി കൂട്ടായ്മകൾ പലതും മാറിയിരിക്കുന്നു. (യെഹസ്ക്കേൽ 37:1).

ഈ ദുസ്ഥിതിക്കു പരിഹാരം വരുത്തുവാൻ ഏതെങ്കിലുമൊരു പ്രസ്ഥാനത്തിനു സാദ്ധ്യമല്ല. ഇതൊരു ജീവന്മരണ പ്രശ്നമാണ്. മരിച്ചവർക്ക് ആവശ്യം ജീവനാണ്. ആ ജീവൻ ക്രിസ്തുവാണ്. അവൻ സത്യദൈവവും നിത്യജീവനുമാണ്. ആ ജീവൻ നമുക്ക് തന്നത് ക്രൂശിലാണ്. നിത്യജീവൻ നമുക്കു തരുവാൻ നമ്മുടെ മരണം കർത്താവു ഏറ്റെടുത്തു.

അവൻ ക്രൂശിൽ ഊറ്റിത്തന്നത് ജീവരക്തമാണ്. ക്രൂശുമരണത്തിൽ കൂടി നരകം തോല്പിക്കപ്പെട്ടു. സ്വർഗ്ഗം മഹത്വീകരിക്കപ്പെട്ടു.

പാപത്തിൽ വീണുപോയ സഹോദരാ, സഹോദരീ, ജീവൻ ഒഴുകി വരുന്ന ക്രൂശിൻ ചുവട്ടിലേക്ക് അനുതാപവാക്കുകളോടെ ഓടിവരിക. നിന്റെ പാപങ്ങൾ എണ്ണിയെണ്ണി യേശുവിനോടു ഏറ്റു പറയുക. വന്നു പോയ പാപങ്ങളെ വെറുത്ത് ഉപേക്ഷിക്കുക. മേലിൽ പാപം വരില്ലെന്ന് യേശുവിനോടു ഉടമ്പടി ചെയ്യുക. പാപമോചനം പ്രാപിക്കുക. പുതിയ ജീവിതം ആരംഭിക്കുക. പുതു ജീവൻ നേടുക. പുതിയ സൃഷ്ടിയാകുക. നിത്യജീവന്റെ അവകാശിയായിത്തീരുക.

## നാല്

## വിശുദ്ധീകരണം (SANCTIFICATION)

"നിങ്ങളെ വിളിച്ച വിശുദ്ധനു ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ" ഞാൻ വിശുദ്ധൻ ആകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ" എന്നു എഴുതിയിരിക്കുന്നുവല്ലോ."

1 പത്രൊസ് 1:15,16.

"ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നേ" 1 തെസ്സലോനിക്യർ 4:3

ശുദ്ധീകരണം മനുഷ്യനെക്കുറിച്ചുള്ള ദൈവത്തിന്റെ ഇഷ്ടമാണ്. ക്രിസ്തീയ ജീവിതത്തിന്റെ പരമപ്രധാനമായ ലക്ഷ്യം വിശുദ്ധിയെ തികച്ച് വിശുദ്ധന്മാർ മാത്രം വസിക്കുന്ന സ്വർഗ്ഗത്തിൽ എത്തുക എന്നതാണ്.

"വിശുദ്ധീകരണം" വേദപുസ്തകത്തിലെ പരമപ്രധാന്യം അർഹിക്കുന്ന ഒരു പ്രതിപാദ്യവിഷയമാണ്. എന്തുകൊണ്ടാണ് വേദപുസ്തകം വിശുദ്ധീകരണത്തിന്നു ഇത്ര വലിയ പ്രാധാന്യം കല്പിച്ചിരിക്കുന്നത്. വചനം ഇങ്ങനെ പറയുന്നു.

> "എന്നോടു കർത്താവേ, കർത്താവേ എന്നു പറയുന്നൻ ഏവനുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത്."
>
> മത്തായി 7:21.

> "ഞാൻ നിങ്ങളുടെ ദൈവമായ യഹോവ ആകുന്നു; ഞാൻ വിശുദ്ധനാകയാൽ നിങ്ങൾ നിങ്ങളെ തന്നേ വിശുദ്ധീകരിച്ചു വിശുദ്ധന്മാരായിരിക്കേണം."
>
> ലേവ്യപുസ്തകം 11:44

വിശുദ്ധീകരണത്തിന്റെ അനന്തര ഫലമാണ് നിത്യജീവൻ – Eternal life. ദൈവമക്കൾ വിശുദ്ധിക്കായി വിളിക്കപ്പെട്ടവരാണ്. ദൈവത്തിൽ നിന്നു അത്ഭുതകരമായ അനുഭവങ്ങൾ പ്രാപിക്കുവാൻ വിശുദ്ധീകരണം ആവശ്യമാണ്. വീണ്ടും വിശുദ്ധിയെക്കുറിച്ച് വേദപുസ്തകം എന്തു പറയുന്നു എന്നുനോക്കാം.

> "ശുദ്ധീകരണം കൂടാതെ ആരും ദൈവത്തെ കാണുകയില്ല"
>
> എബ്രായർ 12:14

> "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെ കാണും"
>
> മത്തായി 5:8

"എന്നാൽ ഇപ്പോൾ പാപത്തിൽ നിന്നു സ്വാതന്ത്ര്യം പ്രാപിച്ച് ദൈത്തിന്നു ദാസന്മാരായിരിക്കയാൽ നിങ്ങൾക്ക് ലഭിക്കുന്ന ഫലം വിശുദ്ധീകരണവും അതിന്റെ അന്ത്യം നിത്യജീവനുമാകുന്നു.

റോമർ 6:22

"ദൈവം നമ്മെ അശുദ്ധിക്കല്ല, വിശുദ്ധീകരണത്തിനത്രെ വിളിച്ചത്."

1 തെസ്സലോനിക്യർ 4:7

"അവൻ നമ്മെ രക്ഷിക്കുകയും വിശുദ്ധ വിളി കൊണ്ട് വിളിക്കുകയും ചെയ്തത് നമ്മുടെ പ്രവൃത്തികൾ നിമിത്തമല്ല"

2 തിമൊഥെയൊസ് 1:9

"പിന്നെ യോശുവാ ജനത്തോട്, നിങ്ങളെത്തന്നെ ശുദ്ധീകരിപ്പിൻ, യഹോവ നാളെ നിങ്ങളുടെ ഇടയിൽ അതിശയം പ്രവൃത്തിക്കും."

യോശുവ 3:5

മേൽപ്പറഞ്ഞ വചനങ്ങളിൽ നിന്നും ഒരു കാര്യം വ്യക്തമായി കാണാം. ദൈവജനം വിശുദ്ധരായിരിക്കേണം എന്നാണ് ദൈവം ആഗ്രഹിക്കുന്നത്. യഹോവയെക്കുറിച്ച് വചനത്തിൽ കാണുന്നത് അവൻ "വിശുദ്ധീകരിക്കുന്ന ദൈവം" എന്നാണ്.

"ഞാൻ നിങ്ങളെ വിശുദ്ധീകരിക്കുന്ന യഹോവ ആകുന്നു"

ലേവ്യപുസ്തകം 20:8

വിശുദ്ധി എന്നതിനു മൂന്നു പദങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്.

ഒന്ന് : ഹൈയറസ് – ഇത് കർമ്മാനുഷ്ഠാനപരമായ വിശുദ്ധിയാണ്. അതായത് വ്യഭിചാരം ചെയ്യാതിരിക്കുക, മോഷ്ടിക്കാതിരിക്കുക, ആരെയും ഉപദ്രവിക്കാതിരിക്കുക, ഇങ്ങനെ പ്രകടമായ പ്രവൃത്തിയിലുള്ള പാപം ചെയ്ത് അശുദ്ധമാകാതിരിക്കുക.

രണ്ട് : ഹൊസിയസ് : ആരാധനയിലെ വിശുദ്ധി, ആരാധന മുടക്കാതിരിക്കുക, നോമ്പു നന്നായി നോക്കുക, പ്രാർത്ഥന കൃത്യമായി ചൊല്ലിത്തീർക്കുക തുടങ്ങിയവ–

മൂന്ന് : ഹാഗിയസ് – ചിന്തയിലും, പ്രവൃത്തിയിലും മനോഭാവത്തിലും എന്നു വേണ്ടാ എല്ലാ പ്രകാരത്തിലുമുള്ള വിശുദ്ധിയെ കാണിക്കുന്നു.

ഈ ലോകജീവിതത്തിൽ ഒരു വിശുദ്ധജീവിതം സാദ്ധ്യമല്ല എന്നു ചിന്തിക്കുന്നവരും വാദിക്കുന്നവരും ഉണ്ട്. ക്രിസ്തീയജീവിതം ഒരു പോരാട്ട ജീവിതമാണ്. ദൈവമക്കൾ വിശുദ്ധിക്കുവേണ്ടി നല്ല പോർ പൊരുതേണ്ടതാണ്. ആ അനുഭവത്തിലേക്ക് വിശ്വാസത്തോടെ പ്രവേശിക്കേണ്ടതാണ്. അപ്പോൾ ദൈവം നമ്മെ ക്രമാനുഗതമായി വിശുദ്ധീകരിക്കും.

> “സമാധാനത്തിന്റെ ദൈവം തന്നേ നിങ്ങളെ മുഴുവനും ശുദ്ധീകരിക്കുമാറാകട്ടെ.”
>
> 1 തെസ്സലോനിക്യർ 5:23.

പാപ പ്രകൃതിയെ ഹനിച്ചു കളുയന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തനമത്രേ ശുദ്ധീകരണം. കർത്താവിനോടുള്ള സ്നേഹമാണ് വിശുദ്ധിയുടെ അടിസ്ഥാനം.

വിശുദ്ധീകരണ പ്രക്രിയയെ ഒരു റോഡിനോടു ഉപമിക്കാം. ക്രിസ്ത്യാനി എപ്പോഴും നടക്കേണ്ടുന്ന വഴിയാണിത്. നീതീകരണം ലഭിച്ച പാപി വിശുദ്ധീകരണത്തിലൂടെ ലക്ഷ്യസ്ഥാനത്തിലേക്ക് മുന്നേറുന്നു. വിശുദ്ധിയെ തികക്കുന്ന ക്രിസ്തീയ ജീവിതമാണ് നിത്യതയിൽ എത്തുന്നത്.

> "അവിടെ ഒരു പെരുവഴിയും പാതയും ഉണ്ടാകും. അതിന്നു വിശുദ്ധവഴി എന്നു പേരാകും. ഒരു അശുദ്ധനും അതിൽ കൂടി കടന്നുപോകയില്ല; അവൻ അവരോടു കൂടെ ഇരിക്കും."
>
> യെശയ്യാവു 35:8.

ആ വഴിയിൽ നടക്കുന്നതിന്നു നിരോധിക്കപ്പെട്ടിരിക്കുന്നത് ഒരു കൂട്ടർ മാത്രം. അവർ അശുദ്ധർ ആണ്. ഈ വിശുദ്ധ വഴിയിലേക്കു പ്രവേശിക്കാനുള്ള ഏക മാർഗ്ഗം ഈ ക്രൂശിൽ കർത്താവു തന്റെ ദേഹമെന്ന തിരശ്ശീല ചിന്തി തുറന്ന വാതിലാണ്. ഏതു കൊടും പാപിക്കും അനുതാപത്തോടെ പാപം ഏറ്റു പറഞ്ഞ് ഉപേക്ഷിച്ച് ഈ വാതിലിൽ കൂടി പ്രവേശിക്കാം.

വിശുദ്ധീകരണത്തിന്നു രണ്ടു വശങ്ങളുണ്ട്.

**ഒന്ന് : അശുദ്ധിയിൽ നിന്നും വേർപെടുക.**

**രണ്ട് : ദൈവത്തിനായി വേർതിരിക്കപ്പെട്ടു ജീവിക്കുക.**

പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് ദൈവത്തോടുള്ള ഐക്യതയിൽ ജീവിക്കണം. നമ്മുടെ ആത്മാവ് പ്രാണൻ, ദേഹം ഇവ

മൂന്നും ദൈവസന്നിധിയിൽ അതിന്ദ്യമായിരിക്കുമ്പോൾ നമ്മിൽ ദൈവം പ്രസാദിക്കും. അങ്ങനെ ദൈവത്താൽ വിശുദ്ധീകരിക്കപ്പെ വർ ഒരുമിച്ച് പാർക്കുന്ന ഭവനം സ്വർഗ്ഗമായിരിക്കും. അവരുടെ കുടും ബജീവിതം സന്തോഷവും സമാധാനവും സ്നേഹവും നിറഞ്ഞതാ യിരിക്കും.

വിശുദ്ധീകരണം എന്നാൽ ഒരു വിശുദ്ധ കാര്യത്തിന്നായി വേർതിരിക്കുക എന്നതാണ് – set apart for a holy purpose. വിശുദ്ധീ കരിക്കുക എന്നാൽ അതു ദൈവത്തിന്റെ വക എന്നു പ്രഖ്യാപി ക്കുക എന്ന അർത്ഥമാണ്.

എബ്രായ ഭാഷയിൽ വിശുദ്ധീകരണം എന്നതിന്റെ അർത്ഥം മറ്റുള്ളവയിൽ നിന്നു വേർതിരിച്ച് ദൈവത്തിനായി പ്രതിഷ്ഠിക്കുക എന്നാണ്. അങ്ങനെ പ്രതിഷ്ഠിക്കപ്പെട്ടവയെല്ലാം വിശുദ്ധം എന്നറി യപ്പെടുന്നു.

പ്രതിഷ്ഠിക്കപ്പെട്ട നിലം, മൃഗം,. വേർതിരിക്കപ്പെട്ട ദിവസം എല്ലാം വിശുദ്ധമാണ്. ആരാധനയ്ക്കായി വേർതിരിക്കപ്പെട്ട മനു ഷ്യൻ വിശുദ്ധനാണ്. യിസ്രായേൽ ജനം 'വിശുദ്ധ ജനം' എന്നറി യപ്പെടുവാൻ കാരണം അവർ യഹോവയുടെ ജനമായി വേർതിരി ക്കപ്പെട്ടവർ ആകയാലാണ്. ഈ ആശയത്തെ വ്യക്തമാക്കുന്ന വേദ ഭാഗത്തേക്ക് നമുക്ക് നോക്കാം.

> "അഭിഷേക തൈലം എടുത്തു തിരുനിവാസവും അതി ലുള്ള സകലവും അഭിഷേകം ചെയ്തു അതും അതിന്റെ ഉപകരണങ്ങളൊക്കെയും ശുദ്ധീകരിക്ക ണം. അതു വിശുദ്ധമായിരിക്കേണം."
>
> പുറപ്പാട് 40:9

> "മോശെ അഭിഷേക തൈലവും യാഗപീഠത്തിന്മേലുള്ള രക്തവും കുറേശ്ശ എടുത്തു അഹരോന്റെ മേലും അവന്റെ വസ്തത്തിന്മേലും അവന്റെ പുത്രന്മാരുടെമേലും പുത്രന്മാരുടെ വസ്ത്രത്തിന്മേലും തളിച്ചു, അഹരോനെയും അവന്റെ വസ്ത്രത്തെയും അവന്റെ പുത്രന്മാരെയും, പുത്രന്മാരുടെ വസ്ത്രങ്ങളെയും ശുദ്ധീകരിച്ചു."
>
> ലേവ്യപുസ്തകം 8:30.

വിശുദ്ധ ആരാധനയ്ക്കായി ദൈവം തന്റെ മക്കളെ വിശുദ്ധീകരിച്ചു വേർതിരിക്കുന്നതിനെ കുറിച്ചാണ് ഇവിടെ നാം കണ്ടത്. നമ്മുടെ ആരാധന ദൈവത്തിനു സ്വീകാര്യമായിത്തീരാൻ നാം വിശുദ്ധരായി ജീവിക്കണം.

> "ആകയാൽ പുരുഷന്മാർ എല്ലാടത്തും കോപവും വാഗ്വാദവും വിട്ടകന്നു വിശുദ്ധ കൈകളെ ഉയർത്തി പ്രാർത്ഥിക്കേണം എന്നു ഞാൻ ആഗ്രഹിക്കുന്നു."
>
> 1 തിമൊഥെയോസ് 2:8.

അശുദ്ധിയും ആരാധനയും ഒന്നിച്ചു പോകുകയില്ല. ഇന്നത്തെ ക്രൈസ്തവ സമൂഹത്തെ നശിപ്പിക്കുന്ന പ്രവണതയും ഇതു തന്നെയാണ്. ആരാധന നടത്തുന്ന സ്ഥലത്തിനല്ല പ്രാധാന്യം, സത്യനമസ്ക്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും ആരാധിക്കണമെന്നതാണ് പ്രധാനം.

> "ദൈവം ആത്മാവു ആകുന്നു; അവനെ നമസ്ക്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കേണം."
>
> യോഹന്നാൻ 4:24

അതിനു ആദ്യമായി ചെയ്യേണ്ടത് ജീവിതത്തിൽ ഇപ്പോൾ ഉള്ളതും ഇതു വരെ ഉണ്ടായിരുന്നതുമായ പാപങ്ങളെ കർത്താവിന്റെ മുമ്പിൽ കൊണ്ടു വന്ന് വെറുത്ത് ഉപേക്ഷിക്കണം. പാപത്തോടു യാത്ര പറയാതെ ദൈവസന്നിധിയിൽ കൈമലർത്തുന്നവർക്കെതിരേ ദൈവം കണ്ണു മറച്ചു കളയും. (യെശയ്യാ. 1:15–17)

ബ്രിട്ടീഷ് വേദശാസ്ത്രജ്ഞനായിരുന്ന പി.ടി ഫോർസൈത്ത് ഇപ്രകാരം എഴുതി: "പാപം എന്നത് ദൈവിക വിശുദ്ധിയോടുള്ള എതിർപ്പും, കൃപ പാപത്തിന്മേലുള്ള അതിന്റെ പ്രവർത്തനവും, കുരിശ് അതിന്റെ വിജയവും, വിശ്വാസം അതിന്റെ ആരാധനയും ആകുന്നു."

യേശുവിനോട് പാപം ഏറ്റു പറഞ്ഞ് ഉപേക്ഷിച്ച് വിശ്വാസത്താൽ പാപക്ഷമ പ്രാപിച്ച് പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെട്ട് പാപരഹിതമായ ജീവിതം നയിക്കുന്നതാണ് വിശുദ്ധജീവിതം.

എന്റെ ആത്മീയഗുരുവും ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ സ്ഥാപക നേതാവും വിശുദ്ധ ജീവിതത്തിന്റെ ഒരുത്തമമാതൃകയുമായ പ്രൊഫ. എം.വൈ യോഹന്നാൻ അദ്ദേഹത്തിന്റെ "തുറന്ന വാതിൽ" എന്ന പുസ്തകത്തിൽ എഴുതിയിരിക്കുന്നത് വളരെ ശ്രദ്ധേയമാണ്. "നമ്മുടെ ജീവിതം സ്നേഹത്തിന്റെ സുഗന്ധം കൊണ്ട് നിറഞ്ഞിരിക്കണം, വിശുദ്ധിയുടെ സുഗന്ധം തങ്ങി നില്ക്കണം. വിശ്വാസത്തിന്റെയും പ്രത്യാശയുടെയും സുഗന്ധത്താൽ നമ്മുടെ ഹൃദയം ആകർഷകമാകണം."

വിശുദ്ധീകരണം വീണ്ടും ജനനത്തോടെ ആരംഭിക്കുകയും ക്രിസ്തുവിനെ മുഖാമുഖം കാണുന്നതോടെ പൂർത്തീകരിക്കപ്പെടുകയും ചെയ്യുന്നു. വീണ്ടും ജനനം പ്രാപിച്ച ഒരു വിശ്വാസി പടിപടിയായി ക്രിസ്തുവിന്റെ സ്വരൂപത്തോട് അനുരൂപപ്പെടുന്നു.

പരിശുദ്ധാത്മാവാണ് ഇതൊക്കെ സാദ്ധ്യമാക്കിത്തരുന്നത്. ഇതിനു വിശ്വാസിയുടെ സ്വയനിയന്ത്രണം അഥവാ സ്വയശിക്ഷണം അനുപേക്ഷണീയമാണ്. വിശുദ്ധീകരണത്തിൽ വളരുക സാദ്ധ്യമാകണമെങ്കിൽ ഒരു വിശ്വാസി ലൈംഗിക വിശുദ്ധിയിൽ തീക്ഷ്ണതയുള്ളവനും നിഷ്ഠയുള്ളവനും ആയിരിക്കേണം.

നാം ക്രിസ്തുവിന്റെ മന്ദിരമെന്നും നമ്മുടെ ശരീരാവയവങ്ങൾ ക്രിസ്തുവിന്റെ അവയവങ്ങൾ ആകുന്നു എന്നും എപ്പോഴും നാം ഓർക്കണം. ദൈവം ദുഃഖിക്കും എന്ന അവബോധത്തിന്റെ വെളിച്ചത്തിൽ ദുശ്ശീലങ്ങളോടു എന്നേയ്ക്കുമായി യാത്ര പറയണം. എങ്കിൽ മാത്രമേ അവ ആവർത്തിക്കാതിരിക്കയുള്ളൂ.

കേവലം തെറ്റിനെക്കുറിച്ചുള്ള അറിവു കൊണ്ടു മാത്രം വിശുദ്ധീകരണം നടക്കുന്നില്ല. ദൈവാശ്രയത്തോടെ നാം നടത്തുന്ന ബോധപൂർവ്വമായ പരിശ്രമം നവീകരണാനുഭവം നമ്മിൽ വളർത്തുന്നു.

> “ദൈവത്തിൽ നിന്നു ജനിച്ചിരിക്കുന്നവൻ ആരും പാപം ചെയ്യുന്നില്ല എന്നു നാം അറിയുന്നു, ദൈവത്തിൽ നിന്നു ജനിച്ചവൻ തന്നെത്താൻ സൂക്ഷിക്കുന്നു; ദുഷ്ടൻ അവനെ തൊടുന്നതുമില്ല.”
>
> 1 യോഹന്നാൻ 5:18

> “ഹൃദയശുദ്ധിയുള്ളവർ “ഭാഗ്യവാന്മാർ” അവർ ദൈവത്തെ കാണും.”
>
> മത്തായി 5:8

ഹൃദയശുദ്ധി ഒരുവനെ എല്ലാ വിധത്തിലും ഭാഗ്യവാനാക്കിത്തീർക്കുന്നു. പല രോഗങ്ങളുടെയും അടിസ്ഥാന കാരണം ഹൃദയശുദ്ധി ഇല്ലാത്തതാണ് എന്ന സത്യം നാം മറന്നു പോകരുത്.

ഒരു ജനതയുടെയോ, രാജ്യത്തിന്റെയോ ഗതിവിഗതികൾ അതിലെ മനുഷ്യരുടെ ഹൃദയശുദ്ധിയിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു. പരിശുദ്ധമായ ഹൃദയമുള്ള ഒരുവനു മാത്രമേ ദൈവശബ്ദം കേൾപ്പാനും സത്യത്തിലും ആത്മാവിലും ദൈവത്തെ ആരാധിപ്പാനും ദൈവസാന്നിദ്ധ്യം നിരന്തരം അനുഭവിച്ചറിയുവാനും സാധിക്കുകയുള്ളൂ. അതുകൊണ്ട് അതാതു സമയത്തു വരുന്ന പാപക്കറകൾ അപ്പപ്പോൾ കഴുകിക്കിട്ടി എന്ന ഉറപ്പ് വരുത്തിയിട്ടു വേണം മുന്നോട്ടു പോകുവാൻ.

ഒരുവൻ ക്രമമായി ദൈവാലയത്തിൽ പോകുന്നു. പ്രാർത്ഥനയും വേദവായനയും മറ്റും ചിട്ടയായി ആചരിക്കുന്നു. ഉദാരമായി ദാനധർമ്മങ്ങൾ ചെയ്യുന്നു. കൂട്ടായ്മ യോഗങ്ങളിൽ സ്ഥിരമായി സംബന്ധിക്കുന്നു. ആത്മീയ ഭാഷയിൽ സംസാരിക്കുന്നു. ഇവയെല്ലാം കാണുമ്പോൾ ആ വ്യക്തി ഒരു ക്രിസ്തു ഭക്തനാണെന്നും, വിശുദ്ധനാണെന്നും നാം ചിന്തിച്ചു പോകുന്നു.

എന്നാൽ ആ വ്യക്തിയുടെ മനസ്സിലെ വിചാരങ്ങളും ഹൃദയത്തിലെ ആഗ്രഹങ്ങളും ദോഷമുള്ളതും അശുദ്ധവുമായിരുന്നാൽ ദൈവദൃഷ്ടിയിൽ അവൻ പാപിയും ദോഷിയും ദൈവത്തെ ദുഃഖിപ്പിക്കുന്നവനും ആയിരിക്കും.

വേദപുസ്തകത്തിലെ ഏറ്റവും മനോഹരമായ വാക്യം ഏതെന്ന് ആരാഞ്ഞ ഒരു സ്നേഹിതനോടു ദീനബന്ധു സി.എഫ് ആൻഡ്രൂസ് പറഞ്ഞു “ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും.” എന്ന്.

തന്റെ ജീവിതത്തിൽ ലജ്ജാകരമായ പാപങ്ങൾ സംഭവിച്ച ദാവീദ് പ്രാർത്ഥിച്ചത് “ദൈവമേ നിർമ്മലമായ ഒരു ഹൃദയം എന്നിൽ സൃഷ്ടിക്കേണമേ” എന്നാണ്.

ക്രിസ്തു മതം ഹൃദയത്തിന്റെ മതമാണ്. Christianity is a religion of the heart, No man is changed unless his heart is changed"

മതപരിവർത്തനമല്ല, മനഃപരിവർത്തനമാണ് ഇന്നത്തെ ആവശ്യം, മാറേണ്ടത് സഭയോ, സമുദായമോ, സ്നാനമോ അല്ല മാറേണ്ടത് മനുഷ്യനാണ്.

മനുഷ്യൻ പുറമെയുള്ളതിനെ നോക്കുന്നു. യഹോവയോ ഹൃദയങ്ങളെ തൂക്കി നോക്കുന്നു. അതു കൊണ്ട് നാം ആന്തരീക വിശുദ്ധിക്ക് മുൻതൂക്കം കൊടുത്തു വേണം ജീവിക്കുവാൻ.

ഏശാവിന്റെ കൈകളും യാക്കോബിന്റെ ശബ്ദവും വെച്ചുകൊണ്ടുള്ള ജീവിതം അവസാനിപ്പിച്ചേ മതിയാവൂ. ദൈവമക്കൾ വാക്കിലും നടപ്പിലും, വേഷ വിധാനത്തിലും മാത്രമല്ല, ഹൃദയവിചാരങ്ങളിലും വിശുദ്ധരായിരിക്കേണം. ഒരു വിശ്വാസിയുടെ ശരീരം ദൈവത്തിന്റെ മന്ദിരമാണ്. My body is the visible dwelling place of the invisible God.

പുതിയ ആകാശവും, പുതിയ ഭൂമിയും, പുതിയ യെരുശലേമും, പുതിയ ഹൃദയം ലഭിച്ചവരുടെ അവകാശമായിരിക്കും. സങ്കീർത്തനക്കാരനായ ദാവീദു പ്രാർത്ഥിച്ചതു പോലെ നമുക്കും പ്രാർത്ഥിക്കാം. “ദൈവമേ നിർമ്മലമായ ഒരു ഹൃദയം എന്നിൽ സൃഷ്ടിച്ചു സ്ഥിരമായ ഒരാത്മാവിനെ എന്നിൽ പുതുക്കണമേ.” എന്ന്.

ഡി.എൽ. മൂഡി എന്ന സുപ്രസിദ്ധ സുവിശേഷകൻ ഒരിക്കൽ പറഞ്ഞു. “ദൈവത്തിനു സ്വർണ്ണം കൊണ്ടുള്ളതോ, വെള്ളി കൊണ്ടുള്ളതോ ആയ പാത്രങ്ങൾ അല്ല ആവശ്യം, പിന്നെയോ വിശുദ്ധിയുള്ള പാത്രങ്ങളാണ്, വിശുദ്ധിയുള്ള ഹൃദയങ്ങളാണ് ആവശ്യം. സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവ് വിശുദ്ധനായിരിക്കുന്നതുപോലെ

നാമും വിശുദ്ധന്മാരായിരിക്കേണം എന്നുള്ളതാണ് ദൈവഹിതം.

"പ്രിയമുള്ളവരേ ഈ വാഗ്ദത്തങ്ങൾ നമുക്കു ഉള്ളതു കൊണ്ടു നാം ജഡത്തിലെയും ആത്മാവിലെയും സകല കന്മഷവും നീക്കി നമ്മെത്തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികച്ചു കൊൾക"

2 കൊരിന്ത്യർ 7:1

പത്രൊാസ് ശ്ലീഹായും വിശുദ്ധിയുടെ പ്രാധാന്യത്തെ ഏറ്റവും ഉയർത്തി കാണിക്കുന്നു.

"നിങ്ങളെ വിളിച്ച വിശുദ്ധന്നു ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ"

1 പത്രൊാസ് 1:15.

പൗലോസു ശ്ലീഹായുടെ വാക്കുകൾ നമുക്ക് നോക്കാം. "ദുർന്നടപ്പും യാതൊരു അശുദ്ധിയും അത്യാഗ്രഹവും നിങ്ങളുടെ ഇടയിൽ പേർ പറക പോലും അരുത്."

എഫെസ്യർ 5:3

വിശുദ്ധീകരണത്തിനുള്ള വിവിധ മാർഗ്ഗങ്ങൾ തിരുവചനത്തിൽ കാണാം. നാം വിശുദ്ധീകരണം പ്രാപിക്കുവാനുള്ള ഉപാധികൾ എന്തെല്ലാമെന്നു നോക്കാം.

**ഒന്ന്: യേശുവിന്റെ രക്തത്താലുള്ള വിശുദ്ധീകരണം.**

"അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല

പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു.

1 യോഹന്നാൻ 1:7.

ശുദ്ധീകരണത്തിനുള്ള ഏകമാർഗ്ഗം കുഞ്ഞാടിന്റെ വിലയേറിയ രക്തത്താൽ കഴുകപ്പെടുക എന്നതാണ്. വേദപുസ്തകത്തെ രക്തം പുരണ്ട ഒരു പുസ്തകം എന്നു വിശേഷിപ്പിക്കാം. സുവിശേഷ ത്തിന്റെ ജീവദായക ശക്തി യേശുവിന്റെ കാൽവറിയിൽ ചൊരിഞ്ഞ പുണ്യാഹരക്തം ആണ്. Holiness is not the way to Christ, But Christ is the way to Holiness (Adrian Reogers) വിശുദ്ധിക്കുള്ള വഴി യുടെ പേരാണ് യേശു.

ലോകത്തിന്റെ പാപത്തെ നീക്കി നിത്യജീവൻ പ്രദാനം ചെയ്യാൻ പര്യാപ്തമായ ദൈവകുഞ്ഞാടിന്റെ തങ്കനിണം ഉല്പത്തി പുസ്ത കത്തിൽ തുടങ്ങി വെളിപ്പാടു പുസ്തകം വരെയും പാഞ്ഞൊഴുകി വരുന്നതായി കാണാം. സഭയിലെ ഓരോരുത്തരും ശുദ്ധീകരിക്ക പ്പെടുന്നതും, വിശുദ്ധിയിൽ നിലനില്ക്കുന്നതും ഈ തങ്കനിണത്താ ലാണ്.

സ്വർഗ്ഗരാജ്യം പരിശുദ്ധമാണ്. മനുഷ്യൻ അശുദ്ധനാണ്. “യാതൊരു അശുദ്ധനും അവിടെ പ്രവേശിക്കുകയില്ല.” എന്നു വച നത്തിൽ കാണുന്നു. എന്നാൽ മനുഷ്യവർഗ്ഗത്തിന്റെ പാപത്തിന്റെയും മാലിന്യത്തിന്റെയും പരിഹാരത്തിനായി രണ്ടായിരം വർഷങ്ങൾക്കു മുമ്പ് കാൽവറിയിൽ ഒരു നീരുറവ തുറന്നു. ആ ഉറവയിൽ നിന്നും ഒഴുകി വരുന്ന ര്കതം ഇന്നും ഗുണകരമായി സംസാരിക്കുന്നു. സെഖര്യാവ് 13:1–ൽ രേഖപ്പെടുത്തിയിരിക്കുന്ന ആ ഉറവ വി. യോഹ ന്നാൻ 19:34–ൽ തുറന്നതായി കാണുന്നു.

ഏതു കഠോര പാപിയെയും മോചിപ്പിക്കുവാൻ ഈ രക്തത്തിനു കഴിയും. പാപത്തെക്കുറിച്ച് അനുതപിച്ച് ഏറ്റു പറഞ്ഞ് വെറുത്തു

പേക്ഷിച്ച് മേലാൽ പാപം ചെയ്കയില്ല എന്ന ഉറച്ച തീരുമാനത്തോടും വിശ്വാസത്തോടും കൂടി ക്രൂശിനെ കെട്ടിപ്പിടിക്കുന്ന ഏതു പാപിയെയും ഈ രക്തം കഴുകി വെടിപ്പാക്കും.

**രണ്ട് : ദൈവവചനത്താലുള്ള ശുദ്ധീകരണം**

> "സത്യത്താൽ അവരെ വിശുദ്ധീകരിക്കേണമേ, നിന്റെ വചനം സത്യം ആകുന്നു."
>
> യോഹന്നാൻ 17:17.

സത്യ വചനത്താലാണ് വിശുദ്ധീകരണം നടക്കുന്നത്. ദൈവ വചനം ജീവിതത്തിന്റെ കണ്ണാടിയാണ്. വചനകേൾവി ഈ കണ്ണാടിയിലേക്കു നോക്കുന്നതുപോലെയാണ്. അനേകർ തന്റെ ജീവിതത്തിലെ കുറവുകളും പാപസ്വഭാവങ്ങളും ഈ കണ്ണാടിയിൽ കൂടി കണ്ടെത്തി വിശുദ്ധീകരണത്തിന്റെ അനുഭവത്തിലേക്കു വരുന്നു. പാപിക്കു കുറ്റബോധവും ഹൃദയനുറുക്കവും കൊടുക്കുന്നതാണ് ദൈവവചനം.

ദൈവവചനം കുറ്റബോധം നല്കി ഹൃദയത്തെ തകർക്കുന്നു. ദൈവവചനം വീണ്ടും ജനിപ്പിക്കയും ഹൃദയദൃഷ്ടി പ്രകാശിപ്പിക്കയും ചെയ്യുന്നു. ദൈവവചനം ദഹിപ്പിക്കുന്ന അഗ്നിയാണ്. അത് മറഞ്ഞിരിക്കുന്നതിനെ വെളിപ്പെടുത്തുകയും മരിച്ചവനെ ജീവിപ്പിക്കുകയും ചെയ്യുന്ന അത്ഭുതശക്തിയാണ്. തിരുവചനത്തിന്റെ വിശുദ്ധീകരണ ശക്തിയെപ്പറ്റി നമ്മുടെ കർത്താവു തന്നെ എടുത്തു പറയുന്നുണ്ട്.

> "ഞാൻ നിങ്ങളോടു സംസാരിച്ച വചനം നിമിത്തം നിങ്ങൾ ഇപ്പോൾ ശുദ്ധിയുള്ളവരാകുന്നു."
>
> യോഹന്നാൻ 15:3

അന്ധകാരം നിറഞ്ഞ ലോകത്തിൽ വിശുദ്ധിയുടെ പാതയിലൂടെ നടക്കുന്നതിനു, വിശ്വാസിയുടെ കാലിനു ദീപവും പാതയ്ക്കു പ്രകാശവുമാണ് ദൈവവചനം.

> "എന്റെ വചനം തീ പോലെയും, പാറയെ തകർക്കുന്ന ചുറ്റികപോലെയും അല്ലയോ എന്ന് യഹോവയുടെ അരുളപ്പാട്"
>
> യിരമ്യാവു 23:29.

പാറ പോലെ കഠിനപ്പെട്ടുപോയ മനുഷ്യഹൃദയങ്ങളെ തകർക്കുന്നതിനുള്ള വലിയ ചുറ്റികയാണ് വചനം. മനുഷ്യ ഹൃദയത്തിൽ പടർന്നു പന്തലിച്ചു വളരുന്ന പാപക്കൊടുംകാടിനെ ദഹിപ്പിച്ചു ചാമ്പലാക്കുന്ന അഗ്നിയാണ് ദൈവവചനം.

നാഥാൻ പ്രവാചകന്റെ നാവിൽ കൂടി തീയമ്പു പോലെ പാഞ്ഞു വന്ന ദൈവവചനം ദാവീദിനു പാപബോധത്തിന്റെയും ശുദ്ധീകരണത്തിന്റെയും പാത തെളിച്ചു കൊടുത്തു. ദർശനമില്ലാത്തിടത്ത് ജനം മര്യാദ വിട്ടു നടക്കുന്നുവെന്നു വചനം പറയുന്നു. പെരുന്നാളുകളും ഭക്തി പരിവേഷങ്ങളും, കൂട്ടായ്മകളും പെരുകിയിരിക്കുന്നെങ്കിലും, സത്യവചനം ദുർല്ലഭം, എന്നതാണ് ഈ കാലഘട്ടത്തിന്റെ കെടുതി. ഈ മഹാവിപത്തിനെക്കുറിച്ച് ബോധവാന്മാരായിരുന്ന പിതാക്കന്മാർ അന്നു പ്രാർത്ഥിച്ചു. സത്യവചനത്തെ ശരിയായി പഠിപ്പിക്കുന്ന ഇടയന്മാരെ എഴുന്നേല്പിക്കണമേഎന്നു. ഒരു വിശ്വാസിയുടെ യഥാസ്ഥാനത്തിനും, ശുദ്ധീകരണത്തിന്നും മായം ചേർക്കാത്ത പരിശുദ്ധാത്മ വചനം ശരിയായി പഠിപ്പിക്കുന്ന രംഗത്തു ചേർന്നു നിൽക്കേണ്ടത് ഏറെ ആവശ്യമാണ്.

**മൂന്ന്: കഷ്ടതയിൽ കൂടിയുള്ള ശുദ്ധീകരണം (ബാലശിക്ഷ)**

> "കർത്താവു താൻ സ്നേഹിക്കുന്നവനെ ശിക്ഷിക്കു

ന്നു. താൻ കൈക്കൊള്ളുന്ന ഏതു മകനെയും തല്ലുന്നു."

എബ്രായർ 12:6

"അവനോ നാം അവന്റെ വിശുദ്ധി പ്രാപിക്കേണ്ട തിന്നു നമ്മുടെ ഗുണത്തിനായി തന്നേ ശിക്ഷിക്കു ന്നത്."

എബ്രായർ 12:10

വിശുദ്ധീകരണവും ശിക്ഷണവും പരസ്പരം ബന്ധപ്പെട്ടിരി ക്കുന്നു. ദൈവമക്കൾക്കു ദൈവം നല്കുന്ന ശിക്ഷണവും, നാം ബോധപൂർവ്വം നമുക്കു തന്നേ നല്കുന്ന സ്വയശിക്ഷയും ഇതിൽ ഉൾപ്പെടുന്നു.

യേശു താൻ ഏറ്റ പങ്കപ്പാടുകളിൽ കൂടി വിശുദ്ധീകരണത്തിന്റെ പാത തുറന്നു തന്നു. ക്രിസ്തുവിന്റെ കഷ്ടങ്ങൾക്കു പങ്കുള്ളവരാ കുന്തോറും സന്തോഷിച്ചു കൊൾവിൻ എന്നു പത്രോസ് ശ്ലീഹാ നമുക്ക് ആത്മധൈര്യം പകരുന്നു. അങ്ങനെ നിങ്ങൾ അവന്റെ തേജ സ്സിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ച് ആനന്ദിപ്പാൻ ഇടവരും.

യാക്കോബ് ശ്ലീഹാ പറയുന്നു:

"പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ അവൻ കൊള്ളാകുന്നവനായി തെളിഞ്ഞ ശേഷം കർത്താവു തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദത്തം ചെയ്ത ജീവികിരീടം പ്രാപിക്കും."

യാക്കോബ് 1:12.

അതുകൊണ്ട് ദൈവമക്കൾ തങ്ങളുടെ ജീവിതത്തിൽ ആഞ്ഞ ടിക്കുന്ന കൊടുങ്കാറ്റുകളെയും പ്രശ്നങ്ങളെയും ഇല്ലാതാക്കുവാൻ വേണ്ടിയല്ല പ്രാർത്ഥിക്കേണ്ടത്. ഈ കൊടുങ്കാറ്റുകൾ നമ്മെ സ്വർഗ്ഗ

ത്തിലേക്ക് അടുപ്പിക്കുന്ന വാഹനമാണെന്ന് ഗ്രഹിച്ചുകൊൾക.

നമ്മുടെ കഷ്ടകാലം ദൈവത്തിനു പ്രവർത്തിക്കുവാൻ ഏറ്റവും നല്ല അവസരങ്ങളാണ്. നാം ക്ലേശകരം എന്നു വിലപിക്കുന്നതു ദൈവത്തിന്റെ ദൃഷ്ടിയിൽ ആത്മീയ വളർച്ചയ്ക്കുള്ള ചവിട്ടുപടികൾ ആണ്. ജീവിതപന്ഥാവിലെ ക്രൂശുകൾ സ്വർഗ്ഗത്തിലേക്കുള്ള സോപാനമാണ്. നാം അനേകം കഷ്ടങ്ങളിൽ കൂടി ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു.

> "അങ്ങനെ യേശുവും സ്വന്തരക്തത്താൽ ജനത്തെ വിശുദ്ധീകരിക്കേണ്ടതിന്നു നഗരവാതിലിനു പുറത്തു വെച്ചു കഷ്ടം അനുഭവിച്ചു."
>
> എബ്രായർ 13:12.

> "ക്രിസ്തുവും നിങ്ങൾക്കു വേണ്ടി കഷ്ടം അനുഭവിച്ചു, നിങ്ങൾ അവന്റെ കാൽച്ചുവടു പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു."
>
> 1 പത്രൊസ് 2:21.

ബാലശിക്ഷയുടെ ഉറവിടം കോപമല്ല; ദൈവസ്നേഹമാണ്. കൂടുതൽ ഫലം കായ്ക്കാനാണ് ചെത്തിവെടിപ്പാക്കുന്നത്. ഈ ശിക്ഷകൾ തല്ക്കാലം സന്തോഷം തരുന്ന കാര്യമല്ല. പിന്നെയോ ദുഃഖവും വേദനയും ഉളവാക്കുന്നവയുമാണ്. എന്നാൽ ആത്യന്തികമായി നീതി എന്ന സമാധാനഫലം ലഭിക്കുന്നു. കഷ്ടതകളിൽ കൂടി വിശുദ്ധീകരണം പ്രാപിച്ച ദൈവപൈതലിനുള്ള സമ്മാനമാണ് ജീവകിരീടം.

തീച്ചൂളയിൽ എറിയപ്പെട്ട യഹൂദബാലന്മാർ സിംഹക്കുഴിയിൽ തള്ളപ്പെട്ട ദാനിയേൽ, ചൂരച്ചെടിയുടെ ചുവട്ടിൽ നിരാശനായി കിടന്ന ഏലിയാവ്, പൊട്ടക്കിണറ്റിൽ നിഷ്കരുണം എറിയപ്പെട്ട

യോസേഫ്, രോഗവും വേദനയും ആപത്തുകളും അടിക്കടി അനുഭവിക്കേണ്ടി വന്ന ഇയ്യോബ്, അനവധി പ്രാവശ്യം അടിയും തടവുശിക്ഷയും ഏല്ക്കേണ്ടിവന്ന പൗലോസ് ശ്ലീഹാ ഇവരൊക്കെയും ദൈവത്തിനു വേണ്ടി വേർതിരിക്കപ്പെട്ട് കഷ്ടതയിൽ കൂടി വിശുദ്ധീകരണം പ്രാപിച്ച ദൈവത്തിന്റെ വിലയേറിയ മക്കൾ അത്രേ.

സ്വയശിക്ഷണവും വിശുദ്ധീകരണത്തിന്റെ ഭാഗമാണ്. ശരീരത്തെ മുഴുവനായും ഓരോ അവയവത്തെ പ്രത്യേകമായും ശിക്ഷണവിധേയമാക്കണം. മനസ്സിനെയും, വികാരങ്ങളെയും കൂടി ശിക്ഷണത്തിന്റെ പരിധിയിൽ കൊണ്ടു വരണം. അതിനായി നാം വലിയ തീരുമാനങ്ങൾ എടുക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യണം. Keep your body and mind untouched.

**നാല്: നിരപ്പു പ്രാപിക്കുന്നതു മൂലമുള്ള ശുദ്ധീകരണം.**

> "എല്ലാവരോടും സമാധാനം ആചരിച്ച് ശുദ്ധീകരണം പ്രാപിപ്പാൻ ഉത്സാഹിപ്പിൻ. ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല."
>
> എബ്രായർ 12:14.

ഭിന്നതയും വിദ്വേഷവും നിറഞ്ഞു നില്ക്കുന്ന ഇന്നത്തെ സമൂഹത്തിന്റെ അടിയന്തിരമായ ആവശ്യം സ്നേഹത്തിലൂടെ വ്യാപരിക്കുന്ന സമാധാനമാണ്. എല്ലാവരെയും സ്നേഹിക്കുകയും, എല്ലാവരോടും മനഃപൂർവ്വം ക്ഷമിക്കുകയും ചെയ്യുന്നതിൽ കൂടി മാത്രമേ ശുദ്ധീകരണം നടക്കുകയുള്ളൂ.

വിശ്വാസികളുടെ പാളയത്തിൽ കക്ഷി ഭേദങ്ങൾ ഉണ്ടാകരുത്. ഇരുട്ടിന്റെ ശക്തികളായ വിദ്വേഷവും, കുറ്റാരോപണവും, അസഹിഷ്ണുതയും ശക്തിയായി വ്യാപരിക്കുന്ന ഇന്നത്തെ സമൂഹത്തിൽ സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ദീപം അണയാതെ

കാത്തു സൂക്ഷിക്കണം.

കർത്താവു ദൈവീക സമാധാനവുമായി സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേക്ക് വന്നു; തിരിച്ച് സ്വർഗ്ഗത്തിലേക്കു കയറിപ്പോയപ്പോൾ ആ സമാധാനം ഭൂമിയിലുള്ള തന്റെ മക്കൾക്കു അവകാശമായി നല്കി. ആ സമാധാനം ഒരിക്കലും നിലയ്ക്കാത്ത ഉറവ പോലെയും, വറ്റാത്ത നദി പോലെയും ആഴമേറിയ സമുദ്രം പോലെയും ഹൃദയത്തിൽ നിറഞ്ഞു കവിഞ്ഞു മറ്റുള്ളവരിലേക്കു ഒഴുകേണ്ടതാണ്. ഈ ദൈവീക സമാധാനം ലോകത്തിന്നു തരുവാനോ എടുത്തുകളയുവാനോ സാദ്ധ്യമല്ലാത്തതാണ്.

സമാധാനത്തിന്റെ ഉറവിടം ഉയിർത്തെഴുന്നേറ്റ കർത്താവാണ്. സ്നേഹവും സമാധാനവും പകരുവാനും ജ്വലിപ്പിക്കുവാനും നമുക്ക് കിട്ടുന്ന ഒരവസരവും നാം നഷ്ടപ്പെടുത്തരുത്. എല്ലാം പൊറുക്കുക, എല്ലാം ക്ഷമിക്കുക എല്ലാം സഹിക്കുക, നമ്മുടെവ്യക്തിജീവിതത്തിലും, കുടുംബജീവിതവും സമാധാനത്തിന്റെ സൗഭാഗ്യാവസ്ഥയിൽ കെട്ടിപ്പടുക്കുവാൻ സമാധാന പ്രഭുവായ യേശുക്രിസ്തുവിൽ ആശ്രയിക്കുക.

**അഞ്ച് : നാം നമ്മെത്തന്നെ ശുദ്ധീകരിക്ക.**

വിശുദ്ധിയിൽ നിലനില്ക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്.

> "പ്രിയമുള്ളവരേ, ഈ വാഗ്ദത്തങ്ങൾ നമുക്കു ഉള്ളതുകൊണ്ടു നാം ജഡത്തിലെയും ആത്മാവിലെയും സകല കന്മഷവും നീക്കി നമ്മെത്തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികച്ചുകൊൾക"
>
> 2 കൊരിന്ത്യർ 7:1

വിശുദ്ധീകരണം ദൈവാത്മാവിന്റെ പ്രവർത്തനം ആണെങ്കിലും നമുക്കും അതിൽ ഒരു പ്രധാന പങ്കുണ്ട്. കുഞ്ഞാടിന്റെ കാന്ത തന്നെ ത്താൻ ഒരുങ്ങണം. പാപത്തോട് 'ഇനി ഇല്ല' എന്ന വ്യക്തമായ നില പാട് വിശ്വാസികൾ സ്വീകരിക്കണം.

> "ദൈവത്തിൽ നിന്നു ജനിച്ചവൻ തന്നെത്താൻ സൂക്ഷിക്കുന്നു. ദുഷ്ടൻ അവനെ തൊടുന്നുമില്ല."
>
> 1 യോഹന്നാൻ 5:18

വിശുദ്ധീകരണത്തിനായി നാം ദാഹിക്കണം. ശരീരത്തെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിക്കണം. ദൈവജനമേ, പിശാചിനെ ജയിച്ചു ജീവിക്കുവാൻ വല്ല ആഗ്രഹവുമുണ്ടോ? ജീവിത വിശുദ്ധി കൂടിയേ തീരൂ. നാം ആവശ്യക്കാരാണെങ്കിൽ ജീവിതത്തിലെ ചെറുതും വലുതും, രഹ സ്യവും  പരസ്യവും ആയ എല്ലാ അശുദ്ധികളും ദൈവത്തിന്റെ പരിശുദ്ധാത്മാവ് വെളിപ്പെടുത്തിത്തരും.

ബോദ്ധ്യപ്പെട്ടു കിട്ടുന്നതെല്ലാം ഏറ്റു പറഞ്ഞ് ഉപേക്ഷിക്കണം. വ്യക്തികളോട് ഏറ്റു പറയേണ്ടത് വ്യക്തികളോട് ഏറ്റു പറയണം. പരസ്യമായി ഏറ്റു പറയേണ്ടത് പരസ്യമായി ഏറ്റു പറയണം. തിരു ത്തേണ്ടത് തിരുത്തണം. നീക്കുപോക്കു വരുത്തേണ്ടവ നീക്കു പോക്കു വരുത്തണം. എറിഞ്ഞു കളയേണ്ടത് എറിഞ്ഞു കളയണം. കൊടുത്തു തീർക്കാനുള്ളതു കൊടുത്തുതീർക്കണം.  നിരപ്പു പ്രാപി ക്കാനുള്ളത് നിരപ്പു പ്രാപിക്കണം. ഇങ്ങനെ എല്ലാതരത്തിലും ഒരു പുതിയ സൃഷ്ടിയുടെ അനുഭവം പ്രാപിക്കണം.

**ആറ് : പിതാവാം ദൈവം നമ്മെ ശുദ്ധീകരിക്കുന്നു.**

നമ്മെ ശുദ്ധീകരിക്കുന്നത് പിതാവാം ദൈവമാണ്. സമാധാന

ത്തിന്റെ ദൈവം തന്നേ നിങ്ങളുടെ മുഴുവനും ശുദ്ധീകരിക്കട്ടെ.

"സമാധാനത്തിന്റെ ദൈവം തന്നേ നിങ്ങളെ മുഴുവനും ശുദ്ധീകരിക്കുമാറാകട്ടെ. നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടും വണ്ണം കാക്കപ്പെടുമാറാകട്ടെ."

1 തെസ്സലോനിക്യർ 5:23.

**ഏഴ് : പുത്രനാം ദൈവം ശുദ്ധീകരിക്കുന്നു.**

"അവൻ അവളെ വചനത്തോടു കൂടിയ ജല സ്നാനത്താൽ വെടിപ്പാക്കി വിശുദ്ധീകരിക്കേണ്ടതിന്നു, കറ, ചുളുക്കം മുതലായതു ഒന്നും ഇല്ലാതെ സഭയെ ശുദ്ധയും നിഷ്കളങ്കയുമായി തനിക്കു തന്നേ തേജസ്സോടെ മുന്നിറുത്തേണ്ടതിന്നും തന്നെത്താൻ അവൾക്കു വേണ്ടി ഏല്പിച്ചുകൊടുത്തു."

എഫെസ്യർ 5:26,27.

വിശുദ്ധ മണവാളന്നു ചേരുന്ന മണവാട്ടിയായി ദൈവമക്കളെ കർത്താവു വിശുദ്ധീകരിച്ചു കൊണ്ടിരിക്കുന്നു.

**എട്ട് : പരിശുദ്ധാത്മാവു ശുദ്ധീകരിക്കുന്നു.**

"ദൈവം നിങ്ങളെ ആദി മുതൽ ആത്മാവിന്റെ വിശുദ്ധീകരണത്തിലും സത്യത്തിന്റെ വിശ്വാസത്തിലും രക്ഷയ്ക്കായി തിരഞ്ഞെടുത്തതുകൊണ്ട് നിങ്ങൾ നിമിത്തം ദൈവത്തെ എപ്പോഴും സ്തുതിപ്പാൻ കട

പ്പെട്ടിരിക്കുന്നു."

2 തെസ്സലോനിക്യർ 2:13.

ദൈവത്തിന്റെ ആത്മാവു നിങ്ങളെ ശുദ്ധീകരിപ്പാൻ നിരന്തരമായി അദ്ധ്വാനിച്ചു കൊണ്ടിരിക്കുന്നു. ദൈവത്തിന്റെ ആത്മാവു വിശുദ്ധിയുടെ ആത്മാവാണ്.

കർത്താവായ യേശുക്രിസ്തുവിന്റെ കൈക്കീഴിൽ നമുക്ക് താണിരിക്കാം. ദൈവത്തിന്റെ ഇഷ്ടമായ ശുദ്ധീകരണം നമ്മുടെ അതിയായ വാഞ്ഛയായിരിക്കട്ടെ. വിശുദ്ധിയിൽ നിന്നു വിശുദ്ധിയിലേക്കു വളരുവാനുള്ള തീരുമാനം നമുക്കെടുക്കാം.

വിശുദ്ധൻ ഇനിയും തന്നെ വിശുദ്ധീകരിക്കട്ടെ എന്നതാണ് ദൈവവചനം പറയുന്നത്. മാലിന്യപ്പെട്ടു പോയവർ അധികമായുള്ള ഈ ലോകത്തിൽ ഉടുപ്പു മലിനമാകാത്ത ഒരു ചെറിയ കൂട്ടമായി നമുക്ക് നില്ക്കാം. വെള്ളയുടുപ്പ് ധരിച്ച് നമുക്ക് നില്ക്കാം. ഈ ലോകം ഉറ്റുനോക്കുന്നത് വിശുദ്ധിയുള്ള ഒരു ക്രിസ്തീയ സമൂഹത്തെയാണ്.

പാപമോചനവും വിശുദ്ധീകരണവും തമ്മിൽ വ്യത്യാസമുണ്ട്. അവൻ നമ്മുടെ പാപങ്ങളെ ക്ഷമിക്കുകയും സകല അനീതിയും പോക്കി ശുദ്ധീകരിക്കുകയും ചെയ്യും. നാം ചെയ്തതും, അറിയാതെ ചെയ്യുന്നതുമായ പാപങ്ങൾക്കു മോചനവും, പാപപ്രകൃതിക്ക് അഥവാ ആളത്വത്തിനു വിശുദ്ധീകരണവുമാണ് നമുക്ക് വേണ്ടത്.

നാഥാൻ പ്രവാചകൻ ദാവീദിനെ നോക്കി. "ആ മനുഷ്യൻ നീ തന്നേ" എന്ന് വിരൽ ചൂണ്ടി പറഞ്ഞപ്പോൾ ദാവീദിനു സുബോധം വന്നു. "ഞാൻ ദൈവത്തോടു പാപം ചെയ്തു" എന്നു ദാവീദ് അനുതാപത്തോടെ ഏറ്റു പറഞ്ഞു. "ദൈവം നിന്റെ പാപം ക്ഷമിച്ചിരിക്കുന്നു" എന്ന ഉറപ്പും പ്രവാചകനിൽ നിന്നു ദാവീദ് പ്രാപിച്ചതായി

നാം കാണുന്നു. 2 ശമുവേൽ. 12:13

എന്നാൽ അവിടം കൊണ്ട് ദാവീദിന്റെ പാപബോധം അവസാനിക്കുന്നില്ല. തന്റെ പാദങ്ങൾ അശുദ്ധിയിലേക്കു വഴുതി വീഴാൻ കാരണം ഹൃദയം നിർമ്മലമല്ലാത്തതാണ് എന്ന് ദാവീദ് കണ്ടെത്തി. ഈ സത്യം ഗ്രഹിച്ച ദാവീദ് 'ദൈവമേ നിർമ്മലമായൊരു ഹൃദയം എന്നിൽ സൃഷ്ടിച്ച് സ്ഥിരമായ ഒരു ആത്മാവിനെ എന്നിൽ പുതുക്കണമേ." എന്നു പ്രാർത്ഥിച്ചു. ശുദ്ധീകരണത്തിനായുള്ള ഈ ദാഹം അൻപത്തിയൊന്നാം സങ്കീർത്തനത്തിൽ നാം വായിക്കുന്നു.

വിശ്വാസികൾ ശുദ്ധീകരണത്തിനു വേണ്ടി വാഞ്ഛിക്കേണം. പാപത്തിന്റെ കുറ്റത്തിൽ നിന്നുള്ള വിടുതലും പാപത്തിന്റെ ശക്തിയിൽ നിന്നുള്ള വിശുദ്ധീകരണവും പാപത്തിന്റെ സാമീപ്യത്തിൽ നിന്നുള്ള സ്വാതന്ത്ര്യവും നല്കുന്ന തേജസ്ക്കരണം പ്രാപിച്ച് കർത്താവിന്റെ അതേ പ്രതിമയായി മാറുവാൻ മടുത്തുപോകാതെ പ്രാർത്ഥിച്ചു നമുക്ക് മുന്നേറാം.

നമ്മുടെ ശരീരത്തെയും ചിന്തയേയും സ്വഭാവത്തെയും ശുദ്ധീകരിച്ച് രൂപാന്തരപ്പെടുത്തുവാൻ യേശു ശക്തനാണ്. തന്നെത്താൻ അശുദ്ധമാക്കുകയില്ല എന്ന തീരുമാനം എടുക്കുക. തീരുമാനം വിശ്വാസിയുടെ പക്ഷത്തു നിന്നും വരുമ്പോൾ അതിൽ ജയിച്ചു നിൽക്കാനുള്ള കൃപ ദൈവപക്ഷത്തു നിന്നു നിശ്ചയമായും നല്കും. നാം തീരുമാനത്തിൽ ഒരടി മുൻപോട്ടു പോകുമ്പോൾ ദൈവം നിന്നെ പത്ത് അടി മുൻപോട്ടു നടത്തും.

ജയാളികളായ വിശുദ്ധന്മാരെ ചേർപ്പാൻ ജയവീരനായ യേശു ക്രിസ്തു രണ്ടാമത് വരും.

> "കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും.
> അന്നു ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞു

> പോകും. മൂല പദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും. ഇങ്ങനെ ഇവ ഒക്കെയും അഴിവാനുള്ളതായിരിക്കയാൽ ആകാശം ചുട്ടഴിവാനും മൂലപദാർത്ഥങ്ങൾ വെന്തുരുകുവാനും ഉള്ള ദൈവ ദിവസത്തിന്റെ വരവു കാത്തിരുന്നും ബദ്ധപ്പെടുത്തിയും കൊണ്ടു നിങ്ങൾ എത്ര വിശുദ്ധ ജീവനവും ഭക്തിയും ഉള്ളവർ ആയിരിക്കേണം."
>
> 2 പത്രൊസ് 3:10–12.

നാം ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനു വേണ്ടി കാത്തിരിക്കുന്നവരാണെങ്കിൽ നമുക്ക് വിശുദ്ധിയെ തികച്ച് ഒരുങ്ങിയിരിക്കാം. നീതി വസിക്കുന്ന പുതിയ ആകാശവും പുതിയ ഭൂമിക്കും വേണ്ടി നമുക്ക് കാത്തിരിക്കാം. വിശുദ്ധി നമ്മുടെ കൈമുതലായിരിക്കട്ടെ.

ചാൾസ് എം. ഷെൽഡൻ രചിച്ച In His steps (യേശു ആയിരുന്നു എങ്കിൽ) എന്ന ലോക പ്രസിദ്ധമായ ഒരു ഗ്രന്ഥം ഉണ്ട്. അതിൽ ദൈനംദിന ജീവിതത്തിൽ വിശുദ്ധജീവിതം പ്രാവർത്തികമാക്കുവാൻ അദ്ദേഹം പറഞ്ഞിരിക്കുന്ന മാർഗ്ഗം ഇതാണ്. "നാം നേരിടേണ്ടിവരുന്ന ഓരോ കാര്യങ്ങളിലും നമ്മുടെ സ്ഥാനത്ത് യേശുവായിരുന്നെങ്കിൽ എന്തു ചെയ്യുമായിരുന്നു എന്ന് ആത്മാർത്ഥമായി ചിന്തിച്ചു പ്രവർത്തിക്കുക. ആ പാദമുദ്രകളിൽ പാദമൂന്നി നടക്കുന്നതാണ് വിശുദ്ധജീവിതം.

വിശുദ്ധീകരണം പ്രാപിക്കാനുള്ള എട്ടുവഴികൾ നാം ഇപ്പോൾ ചിന്തിച്ചു.

ഒന്ന് : യേശുവിന്റെ രക്തത്താൽ

രണ്ട് : ദൈവവചനത്താൽ

മൂന്ന് : ബാലശിക്ഷയിൽകൂടി

നാല് : എല്ലാവരോടും നിരപ്പു പ്രാപിക്കുന്നതിൽകൂടി

അഞ്ച് : നാം നമ്മെത്തന്നെ ശുദ്ധീകരിക്കുക.

ആറ് : പിതാവാം ദൈവം നമ്മെ ശുദ്ധീകരിക്കുന്നു

ഏഴ് : പുത്രനാം ദൈവം നമ്മെ ശുദ്ധീകരിക്കുന്നു

എട്ട് : പരിശുദ്ധാത്മാവ് നമ്മെ ശുദ്ധീകരിക്കുന്നു.

പ്രിയരേ നമുക്കു ശുദ്ധീകരണത്തിനു വേണ്ടി കൊതിക്കാം. നമ്മുടെ ജീവിതം യേശുവിന്റെ ആണിപ്പാടുള്ള കരങ്ങളിലേക്കു ഒരു വ്യവസ്ഥയും കൂടാതെ വച്ചുകൊടുക്കാം. യേശു കരങ്ങളിൽ എടുത്ത് നമ്മെ പുതുക്കി മെനയട്ടെ. യേശുവിന്റെ പരിശുദ്ധ രക്തവും പരിശുദ്ധാത്മാവും നമ്മെ ശുദ്ധീകരിക്കട്ടെ. യേശുവേപ്പോലെ ആകുവാൻ, യേശുവിൻ വാക്കു കാക്കുവാൻ, യേശുവേ നോക്കി ജീവിപ്പാൻ നമുക്ക് ആഗ്രഹിക്കാം. യേശു എങ്ങനെയുള്ളവൻ എന്നു കാണാൻ ആഗ്രഹിക്കുന്ന സമൂഹത്തിനു മുന്നിൽ യേശു ഇങ്ങനെയുള്ളവൻ എന്നു വെളിപ്പെടുത്തിക്കൊണ്ടു നമുക്ക് ജീവിക്കാം.

## അഞ്ച്

## കുടുംബം ഭൂമിയിലെ കൊച്ചുസ്വർഗ്ഗം

"ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു, ദൈവത്തിന്റെ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു. ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു. ദൈവം അവരെ അനുഗ്രഹിച്ചു. നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞു അതിനെ അടക്കി സമുദ്രത്തിലെ മത്സ്യത്തിന്മേലും ആകാശത്തിലെ പറവജാതിയിന്മേലും സകല ഭൂചരജന്തുവിന്മേലും വാഴുവിൻ എന്നു അവരോടു കല്പ്പിച്ചു."

ഉല്പത്തി 1:27–28.

ക്രിസ്തീയ കുടുംബം ഭൂമിയിലെ ഒരു കൊച്ചു സ്വർഗ്ഗമായിരിക്കണമെന്നാണ് ആദിയിൽ ദൈവം വിഭാവനം ചെയ്തത്. തന്റെ സ്വരൂ

പത്തിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ച ദൈവം അവനു നല്കിയ സ്വാതന്ത്ര്യം അവൻ ദുർവിനിയോഗം ചെയ്തു. പരിണിത ഫലമോ ഭവനം നരകതുല്യമായി.

സ്വന്തഭവനം – ഭൂമിയിലെ സ്വർഗ്ഗം എന്നു കേൾക്കുമ്പോൾ അനേകർ നെടുവീർപ്പിട്ടേക്കാം. 'എന്റെ ഭവനം ഒരു വലിയ നരകമാണല്ലോ' എന്നു അനേകരുടെ ഉള്ളു തേങ്ങുന്നുണ്ടാകും.

ഏതു പേരു കേട്ട കമ്പനി ഉണ്ടാക്കിയ എത്ര നല്ല കാറാണെങ്കിലും കുറെ ഓടിക്കഴിയുമ്പോഴുള്ള അതിന്റെ സ്ഥിതിയും, ആയുസ്സും അതു കൈകാര്യം ചെയ്യുന്നതു പോലെയും സൂക്ഷിക്കുന്നതു പോലെയും ഇരിക്കും. അതുപോലെയാണ് കുടുംബവും.

കുടുംബം സമൂഹത്തിന്റെയും സഭയുടെയും അടിസ്ഥാന ഘടകമാണ് "സഭയുടെ ഗാർഹിക ശ്രീകോവിൽ" എന്നാണ് വത്തിക്കാൻ സുന്നഹദോസ് ക്രിസ്തീയ കുടുംബത്തെ വിശേഷിപ്പിക്കുന്നത്. കുടുംബത്തിന്റെ രൂപരേഖ – Blue print –ഉരുത്തിരിഞ്ഞു വന്നത് ദൈവ ഹൃദയത്തിലാണ്. കുടുംബം ദൈവത്തിന്റെ പ്ലാനും പദ്ധതിയും ആണ്. ദൈവം തന്നേ സൃഷ്ടിച്ച് അനുഗ്രഹിച്ച് ദാനം ചെയ്തതാണ് ഓരോ കുടുംബവും.

പരസ്പര സ്നേഹത്തിലും ഐക്യത്തിലും ജീവിക്കുവാൻ കൂട്ടിച്ചേർക്കപ്പെട്ടവരാണ് കുടുംബാംഗങ്ങൾ. ആ ബന്ധത്തെ തകർക്കാൻ സാത്താൻ എന്നും ശ്രദ്ധാലുവാണ്. നമ്മുടെ ഭവനങ്ങൾ നിർവ്യാജ സ്നേഹത്തിന്റെ സുഗന്ധം കൊണ്ടു പൂരിതമായിരിക്കണം.

ഭവനത്തെക്കുറിച്ചുള്ള ദൈവത്തിന്റെ കരുതൽ വലുതാണ്. കർത്താവു ഭവനത്തിനു എത്ര വലിയ പ്രാധാന്യമാണ് കൊടുത്തിരിക്കുന്നത്. ഒരു കുടുംബത്തിന്റെ മുഴുവൻ രക്ഷയെ മുൻകണ്ടു

കൊണ്ടാണ് ദൈവം ആ കുടുംബത്തിലെ ഒരു വ്യക്തിയെ രക്ഷയിലേക്കു നയിക്കുന്നത്. ആയതിനാൽ യോശുവായുടെ തീരുമാനമാണ് നമുക്കും വേണ്ടത്. "ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും." (യോശുവ 24:15) "ഒരു വീടിനു ഒരു ആട്ടിൻകുട്ടി" എന്നു പുറപ്പാട് 12:3 ൽ കാണുന്നു. ഒരു ആട്ടിൻകുട്ടി മൂലമുള്ള അനുഗ്രഹത്തിനു വീട്ടിലെ ഓരോരുത്തരും അംശികളാകണം എന്നു സാരം.

നോഹയുടെ കുടുംബത്തിൽ നോഹയൊഴികെ മറ്റുള്ള കുടുംബാംഗങ്ങളെല്ലാം നോഹയ്ക്ക് തുല്യരായി നീതിമാന്മാരായി നാം കാണുന്നില്ല. എന്നാൽ തന്റെ കുടുംബത്തിന്റെ രക്ഷയ്ക്കായി ഒരു പെട്ടകം തീർത്ത നോഹയെ ദൈവം കുടുംബത്തോടെ രക്ഷിച്ചു.

യെരീഹോവിനെ ഒറ്റു നോക്കുവാൻ അയച്ച ദൂതന്മാരെ രാഹാബ് എന്ന വേശ്യ ഒളിപ്പിച്ചതു കൊണ്ടു യോശുവാ അവളെയും അവളുടെ പിതൃഭവനത്തെയും അവൾക്കുള്ള സകലത്തെയും ജീവനോടെ രക്ഷിച്ചു.

സക്കായിയുടെ ഭവനത്തിൽ വെച്ച് യേശു പറഞ്ഞത്: "ഇവനും അബ്രാഹാമിന്റെ മകൻ ആകയാൽ ഇന്നു ഈ വീടിന്നു രക്ഷ വന്നു." എന്നാണ്.

ഫിലിപ്പിയൻ കാരാഗൃഹത്തിന്റെ അധികാരി പൗലോസിനോടും ശീലാസിനോടും ചോദിച്ചു. "യജമാനന്മാരേ, രക്ഷ പ്രാപിപ്പാൻ ഞാൻ എന്തു ചെയ്യേണം"? – എന്ന്. അതിന്ന് "കർത്താവായ യേശു ക്രിസ്തുവിൽ വിശ്വസിക്ക, എന്നാൽ നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും." എന്നു അവർ പറഞ്ഞു. അ.പ്ര. 16:30 –34

ദൈവത്തിന്റെ ഹൃദയത്തിൽ നിറഞ്ഞു നിന്നിരുന്നതും കുടുംബത്തിന്റെ രക്ഷയായിരുന്നു (Household Salvation) എന്ന് ഈ വേദ

ഭാഗങ്ങളിൽ നിന്നും വെളിവാകുന്നു. ദൈവത്താൽ സ്ഥാപിതമായ താണ് ക്രിസ്തീയ കുടുംബം . ദൈവത്തിന്റെ സ്വർഗ്ഗീയ പ്ലാനും പദ്ധതിയും അനുസരിച്ചാണ് അത് സ്ഥാപിക്കപ്പെട്ടിരിക്കുന്നത്.

> "യഹോവയായ ദൈവം മനുഷ്യനിൽ നിന്നു എടുത്ത വാരിയെല്ലിനെ ഒരു സ്ത്രീയാക്കി അവളെ മനുഷ്യന്റെ അടുക്കൽ കൊണ്ടു വന്നു. അപ്പോൾ മനുഷ്യൻ ഇതു ഇപ്പോൾ എന്റെ അസ്ഥിയിൽ നിന്നു അസ്ഥിയും എന്റെ മാംസത്തിൽ നിന്നു മാംസവും ആകുന്നു. ഇവളെ നരനിൽ നിന്നു എടുത്തിരിക്കയാൽ ഇവൾക്കു നാരി എന്നു പേരാകും എന്നു പറഞ്ഞു."
>
> ഉല്പത്തി 2:22,23.

വിവാഹം ദൈവത്തിന്റെ ആശയമാണ്, മനുഷ്യന്റെ ഭാവനയല്ല എന്നു നാം കണ്ടു. ഭർത്താവിനും ഭാര്യക്കും ഇടയിൽ ദൈവമല്ലാതെ മറ്റാരും വരാൻ പാടില്ല. ഭാര്യയും ഭർത്താവും എന്തു മാത്രം, ദൈവത്തോടു അടുക്കുന്നുവോ അത്രത്തോളം അവർ തമ്മിലുള്ള അകലം കുറഞ്ഞു വരുന്നു.

അവരിൽ സ്നേഹം പെരുകുമ്പോൾ സമാധാനം വർദ്ധിക്കുന്നു. സ്നേഹം തണുക്കുമ്പോൾ പ്രശ്നങ്ങൾ മുളപൊട്ടുന്നു.

മേല്പെട്ട ഉയരങ്ങളിൽ സ്വർഗ്ഗീയ മാലാഖമാർ സ്തുതിക്കുന്നതുപോലെ ഭൂമിയിൽ നിന്നും സ്വർഗ്ഗീയാരാധന ഉയരുന്നതിനു വേണ്ടിയാണ് ദൈവം സ്ത്രീയേയും പുരുഷനെയും കൂട്ടിച്ചേർത്ത് ഒന്നാക്കി ഒരു കുടുംബത്തിന്നു രൂപം നല്കിയത്.

ആദിമനൂറ്റാണ്ടിൽ ക്രിസ്തീയ ആരാധനയ്ക്കു വേണ്ടി പ്രത്യേകം ദേവാലയങ്ങൾ ഉണ്ടായിരുന്നില്ല. ആദിമസഭ കൂടി വന്നിരുന്നത് ഓരോ ഭവനങ്ങളിലായിരുന്നു. യേശു തന്റെ അടയാളങ്ങളു

ടെ ആരംഭം കുറിച്ചത് കാനാവിലെ ഒരു വീട്ടിലാണ്. തന്റെ അന്ത്യ അത്താഴവും ഒരു വീട്ടിൽ വെച്ചായിരുന്നു.

> "അനന്തരം യഹോവയായ ദൈവം ; മനുഷ്യൻ ഏക നായിരിക്കുന്നതു നന്നല്ല, അവന്നു തക്കതായൊരു തുണ ഉണ്ടാക്കിക്കൊടുക്കും എന്നു അരുളിച്ചെയ്തു."
>
> ഉല്പത്തി 2:18

മനുഷ്യനോടുള്ള ദൈവത്തിന്റെ സ്നേഹവും കരുതലും ഇവിടെ കാണുന്നു. ദീർഘവീക്ഷണത്തോടും സ്നേഹത്തിന്റെ നിറവോടും കൂടിയ ദൈവീക പദ്ധതികൾ, അത്ഭുതകരമാണ്. പ്രശ്നം നിറഞ്ഞ ലോകത്തിൽ മനുഷ്യൻ ഏകനായിരിക്കുന്നതു നല്ലതല്ല, ഒരു തക്ക തുണ അവനാവശ്യമാണ് എന്ന് ദൈവം കണ്ടു. എന്തു പ്രശ്നം വന്നാലും അവർ ഐകമത്യപ്പെട്ടു ദൈവത്തോടു അപേക്ഷിച്ചാൽ അത് ദൈവത്തിനു വളരെ പ്രസാദകരമായ കാര്യമാണ്.

ഞാൻ വിശുദ്ധനായിരിക്കുന്നതുപോലെ അവരും വിശുദ്ധരായിരിക്കണം. അവർ സന്താനപുഷ്ടിയുള്ളവരായി ഭൂമിയിൽ പെരുകി നിറയണം. മനുഷ്യവംശം അവസാനത്തോളം നിലനില്ക്കണം. ഇതെല്ലാം ദൈവത്തിന്റെ ആഗ്രഹമായിരുന്നു.

മനുഷ്യർ ദുർന്നടപ്പിലേയ്ക്ക് വഴുതി വീഴാതെ വിശുദ്ധിയെ കാത്തു സൂക്ഷിക്കുവാൻ വിവാഹം ആവശ്യമെന്നു വചനം അനുശാസിക്കുന്നു. വചനം എന്തു പറയുന്നു എന്നു നോക്കാം.

> "എങ്കിലും ദുർന്നടപ്പ് നിമിത്തം ഓരോരുത്തന്നു സ്വന്തഭാര്യയും ഓരോരുത്തിക്കു സ്വന്ത ഭർത്താവും ഉണ്ടായിരിക്കട്ടെ. ഭർത്താവ് ഭാര്യയ്ക്കും, ഭാര്യ ഭർത്താവിന്നും കടം പെട്ടിരിക്കുന്നതു ചെയ്യട്ടെ. ഭാര്യയുടെ ശരീരത്തിന്മേൽ അവൾക്കല്ല ഭർത്താവിന്നത്രേ അധി

> കാരമുള്ളത്, അങ്ങനെ ഭർത്താവിന്റെ ശരീരത്തി ന്മേൽ അവന്നല്ല ഭാര്യയ്ക്കത്രെ അധികാരം.”
>
> 1 കൊരിന്ത്യർ 7:2–4.

വിവാഹബന്ധത്തിലൂടെ ഒരു ഭവനം മൊട്ടിടുന്നു. ഒരു ക്രിസ്തീയ ഭവനം ഭൂമിയിൽ ദൈവം പാകിയ ഒരു സ്വർഗ്ഗീയ വിത്താണ്.

ഒരു കെട്ടിടത്തിന്നു പ്രധാനമായി രണ്ടു ഘടകങ്ങളാണ് ഉള്ളത്. അതിന്റെ അടിസ്ഥാനവും, ഉപരിസൗധവും. (Foundation & Super Structure) കെട്ടിടത്തിന്റെ ഉറപ്പും നിലനില്പ്പും അതിന്റെ അടിസ്ഥാനത്തിലാണ് ആശ്രയിച്ചിരിക്കുന്നത്.

അതുപോലെ തന്നെ കുടുംബത്തിന്റെ അടിസ്ഥാനം ഉറപ്പുള്ള പാറയായ യേശുവിലായിരിക്കണം. കർത്താവിൽ തുടങ്ങി കർത്താവിൽ വളർന്നുകൊണ്ടിരിക്കുന്ന കുടുംബം ദൈവനാമ മഹത്വത്തിനായിത്തീരും. തിരുവചനം പറയുന്നതു നോക്കാം.

> “യഹോവ വീടു പണിയാതിരുന്നാൽ പണിയുന്നവർ വൃഥാ അദ്ധ്വാനിക്കുന്നു. യഹോവ പട്ടണം കാക്കാതിരുന്നാൽ കാവൽക്കാരൻ വൃഥാ ജാഗരിക്കുന്നു.”
>
> സങ്കീർത്തനങ്ങൾ 127:1

ഭൂമിയിലെ ആദ്യകുടുംബത്തിനു അടിസ്ഥാനമിട്ടത് പിതാവായ ദൈവം തന്നെയാണ്. ക്രിസ്തുവാകുന്ന കല്ലിനോടു ചേർത്ത് ദൈവത്തിന്റെ ഹിതത്താലും നടത്തിപ്പിനാലും പണിയപ്പെടുന്ന കല്ലുകളാണ് ഭാര്യഭർത്താക്കന്മാർ. അതിനോടു ചേർത്തു വയ്ക്കപ്പെടുന്ന മക്കളും കൂടെയാകുമ്പോൾ അനുഗൃഹീതമായ ഒരു ഭവനമായി. അതിന്റെ നാഥനും കർത്താവും ക്രിസ്തുവാണ്. ക്രിസ്തു സ്വാത

ന്ത്ര്യത്തോടെ ഭരിക്കുകയും നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന ഭവനം സ്വർഗ്ഗത്തിന്നു വിലയേറിയതാണ്.

"പ്രാർത്ഥനയ്ക്കു അവസരമുണ്ടാകാൻ ഒരു സമയ ത്തേക്കു പരസ്പരസമ്മതത്തോടെ അല്ലാതെ തമ്മിൽ വേർപെട്ടിരിക്കരുത്; നിങ്ങളുടെ അജിതേന്ദ്രിയത്വം നിമിത്തം സാത്താൻ നിങ്ങളെ പരീക്ഷിക്കാതിരിക്കേ ണ്ടതിന്നു വീണ്ടും ചേർന്നിരിപ്പിൻ."

1 കൊരിന്ത്യർ 7:5

വിവാഹത്തോടു കൂടിയാണല്ലോ ഒരു ഭവനത്തിന്റെ ഉദയം. അതുകൊണ്ട് വിവാഹബന്ധത്തിൽ പ്രവേശിക്കുന്നത് വളരെ പ്രാർത്ഥനയോടും ദൈവാശ്രയത്തോടും കൂടെ ആയിരിക്കണം. മനുഷ്യജീവിതത്തിലെ ഏറ്റം പ്രധാനപ്പെട്ട സംഭവമാണ് വിവാഹം. വിവാഹം സ്വർഗ്ഗത്തിൽ നടക്കുന്നു; ഭൂമിയിൽ അംഗീകരിക്കപ്പെ ടുന്നു. കുടുംബജീവിതത്തിലെ സകല സൗഭാഗ്യങ്ങളും ദൈവത്തിൽ നിന്നു വരുന്നു.

"നിന്റെ ഭാര്യ നിന്റെ വീടിനകത്തു ഫലപ്രദമായ മുന്തി രിവള്ളി പോലെയും നിന്റെ മക്കൾ നിന്റെ മേശയ്ക്കു ചുറ്റും ഒലിവു തൈകൾ പോലെയും ഇരിക്കും."

സങ്കീർത്തനങ്ങൾ 128:3

"..... മക്കൾ യഹോവ നല്കുന്ന അവകാശവും ഉദര ഫലം അവൻ തരുന്ന പ്രതിഫലവും തന്നേ."

സങ്കീർത്തനങ്ങൾ 127:3.

കുടുംബജീവിതത്തെ ഒരു മുപ്പിരിക്കയറിനോടു ഉപമിക്കാം. മുപ്പി

രിച്ചരട് അറ്റുപോകയില്ല എന്നു ദൈവവചനം പറയുന്നു. അതിന്റെ ഒരു ഇഴ ഭർത്താവ്, രണ്ടാമത്തേത് ഭാര്യ, മൂന്നാമത്തേത് കർത്താവായ യേശുക്രിസ്തുവും. സഭാ.പ്ര. 4:12.

ഇവ മൂന്നും ഒന്നായി ചേർന്നിരിക്കുന്നിടത്തോളം കുടുംബത്തിന്റെ ഭദ്രതയ്ക്കു ഒരു കോട്ടവും തട്ടുകയില്ല. ക്രിസ്തുവിന്റെ മഹത്വമേറിയ സാന്നിദ്ധ്യം ഒന്നു മാത്രമാണ് ഒരു ഭവനത്തെ ഒറ്റക്കെട്ടായി നിലനിർത്തുന്ന ഘടകം. യേശു ഉള്ള ഒരു ഭവനം എന്നായിരിക്കണം നമ്മുടെ വീടിന്റെ അഡ്രസ്സ്.

ഒരിക്കൽ മാർത്ത എന്നു പേരുള്ള ഒരു സ്ത്രീ യേശുവിനെ വീട്ടിൽ കൈക്കൊണ്ടു തുടർന്നു ആ ഭവനം യേശുവിനെ കൈക്കൊള്ളുന്ന ഭവനമായിത്തീർന്നു. യേശുവിന്റെ കാൽക്കൽ ഇരുന്ന് വചനം കേൾക്കുന്ന ഭവനമായിത്തീർന്നു.  നല്ല അംശമായ യേശുവിനെ തിരഞ്ഞെടുത്ത ഭവനമായിത്തീർന്നു. അങ്ങനെയുള്ള ഒരു ഭവനത്തിൽ എന്തു പ്രശ്നങ്ങൾ ഉണ്ടായാലും യേശു സഹായത്തിന്നുണ്ടായിരിക്കും.

> “സൃഷ്ടിച്ചവൻ ആദിയിൽ അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു എന്നും, അതു നിമിത്തം മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ടു ഭാര്യയോടു പറ്റിച്ചേരും; ഇരുവരും ഒരു ദേഹമായിത്തീരും എന്നു അരുളിച്ചെയ്തു എന്നും നിങ്ങൾ വായിച്ചിട്ടില്ലയോ!
>
> മത്തായി 19:4–5

> “ഭർത്താവുള്ള സ്ത്രീ, ജീവിച്ചിരിക്കുന്ന ഭർത്താവിനോടു ന്യായപ്രമാണത്താൽ ബന്ധിക്കപ്പെട്ടിരിക്കുന്നു.”
>
> റോമർ 7:2

കുടുംബജീവിതം ധന്യമാക്കിത്തീർക്കാനുള്ള മാർഗ്ഗങ്ങൾ വിവരിക്കുന്ന 'Operation manual' (പ്രവർത്തന വിധം വിവരിക്കുന്ന പുസ്തകം) ആണ് വേദപുസ്തകം. കുടുംബത്തിലെ ഏതു പ്രശ്നത്തിന്നും പരിഹാരം തേടേണ്ടത് ദൈവവചനത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം.

കുടുംബാംഗങ്ങളെ ദൈവം അവരവരുടെ സ്ഥാനത്തു ഉത്തരവാദിത്വത്തോടെ നിർത്തിയിരിക്കുന്നു. ഭർത്താവ്, ഭാര്യ, മക്കൾ, വേലക്കാർ ഓരോരുത്തർക്കും ഉള്ള പെരുമാറ്റച്ചട്ടം – ബൈബിളിൽ വിവരിച്ചിട്ടുണ്ട്.

> "അതുകൊണ്ട് അവർ മേലാൽ രണ്ടല്ല, ഒരു ദേഹമത്രെ. ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്."
>
> മത്തായി 19:6

ഗണിതശാസ്ത്രത്തിൽ ഒന്നും ഒന്നും കൂടിയിൽ രണ്ടാണ്. എന്നാൽ വേദശാസ്ത്രത്തിൽ ഭാര്യയും ഭർത്താവും ചേർന്നാൽ ഒന്നാണ്. എഫെ. 5:31 They shall be one. ഡി. ജെയിംസി കെന്നഡി പറയും: "Marriage is the closest relationship any two people can know in this world. ലോകത്തിലെ ഏറ്റവും ഉറ്റ ബന്ധം.

ഈ ആശയം എഫെസ്യർ 5:31 ലും കാണുന്നു.

> "..... തന്റെ യൗവനത്തിലെ ഭാര്യയോടു ആരും അവിശ്വസ്തത കാണിക്കരുത്"
>
> മാലാഖി 2:15

ഭർത്താവ് ഭാര്യയോട് പുലർത്തേണ്ട മനോഭാവത്തെ ഇവിടെ ശക്തിയായി വെളിപ്പെടുത്തിയിട്ടുണ്ട്. ഭാര്യയോടു അവിശ്വസ്തത കാണിക്കാതിരിക്കേണ്ടതിന്നു നിങ്ങളുടെ ഉള്ളിൽ സൂക്ഷിച്ചു

കൊൾവിൻ എന്നു താക്കീതു നല്കുകയും ചെയ്യുന്നുണ്ട്.

കുടുംബം ഭരിക്കാൻ ദൈവം നിയോഗിച്ചിരിക്കുന്നതു പുരുഷനെയാണ്. അവൻ അതു നന്നായി നിർവ്വഹിച്ചില്ലെങ്കിൽ കുടുംബജീവിതത്തിന്റെ താളം തെറ്റും. ഉല്പത്തിപുസ്തകം മൂന്നാം അദ്ധ്യായം നോക്കിയാൽ, സ്ത്രീയാണ് സാത്താനിടം കൊടുത്ത് ആദ്യം പാപത്തിൽ വീണത്. എന്നാൽ യഹോവയായ ദൈവം ആദ്യം വിളിച്ചു ചോദിക്കുന്നത് കുടുംബനാഥനായ ആദാമിനോടാണ്. സ്ത്രീയുടെ തലയായിട്ടാണ് ദൈവം പുരുഷനെ വെച്ചിരിക്കുന്നത്.

> "എന്നാൽ ഏതു പുരുഷന്റേയും തല ക്രിസ്തു, സ്ത്രീയുടെ തല പുരുഷൻ, ക്രിസ്തുവിന്റെ തല ദൈവം..."
>
> 1 കൊരിന്ത്യർ 11:3

ഭവനത്തിൽ കർത്താവിന്റെ പ്രതിരൂപമായി പ്രവർത്തിക്കേണ്ടവനാണ് ഭർത്താവ് (Image and Glory of God.)

> "പുരുഷൻ ദൈവത്തിന്റെ പ്രതിമയും തേജസ്സും ആകയാൽ...."
>
> 1 കൊരിന്ത്യർ 11:7.

ഭർത്താക്കന്മാർക്ക് ദൈവം വളരെ ശക്തമായ ഒരു കല്പന കൊടുത്തിരിക്കുന്നു. എന്തെല്ലാം സംഭവിച്ചാലും ഭാര്യമാരെ സ്നേഹിച്ചുകൊള്ളേണം. മാത്രമല്ല അവരോടു കയ്പ്പായിരിക്കുകയും അരുത്.

> "ഭർത്താക്കന്മാരെ, ക്രിസ്തുവും സഭയെ സ്നേഹിച്ചതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ."
>
> എഫെസ്യർ 5:25.

"അവ്വണ്ണം ഭർത്താക്കന്മാരും തങ്ങളുടെ ഭാര്യ മാരെ സ്വന്തശരീരങ്ങളെപ്പോലെ സ്നേഹിക്കേണ്ടതാകുന്നു."

എഫെസ്യർ 5:28.

"ഭർത്താക്കന്മാരേ, നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ, അവരോടു കൈപ്പായിരിക്കയുമരുത്."

കൊലോസ്യർ 3:19.

"..... അവർ ജീവന്റെ കൃപയ്ക്കു കൂട്ടവകാശികൾ എന്നും ഓർത്ത് അവർക്കു ബഹുമാനം കൊടുപ്പിൻ."

1 പത്രൊസ് 3:7.

".... ഭാര്യയെ സ്നേഹിക്കുന്നവർ തന്നെത്താൻ സ്നേഹിക്കുന്നു."

എഫെസ്യർ 5:28.

"..... ക്രിസ്തുവും സഭയെ ചെയ്യുന്നതുപോലെ അതിനെ പോറ്റി പുലർത്തുകയത്രേ ചെയ്യുന്നത്."

എഫെസ്യർ 5:29.

കുടുംബത്തിലെ ഒന്നാമത്തെ പുരോഹിതൻ പിതാവാണ്. പ്രാർത്ഥനയ്ക്ക് മുൻകൈ എടുക്കേണ്ടത് കുടുംബനാഥനാണ്.

"അങ്ങനെ തന്നെ ഭർത്താക്കന്മാരേ, നിങ്ങളുടെ പ്രാർത്ഥനയ്ക്കു മുടക്കം വരാതിരിക്കേണ്ടതിന്നു വിവേകത്തോടെ ഭാര്യമാരോടു കൂടെ വസിച്ചു, സ്ത്രീജനം ബലഹീനപാത്രം എന്നും അവർ ജീവന്റെ കൃപയ്ക്കു കൂട്ടവകാശികൾ എന്നും ഓർത്തു

അവർക്കു ബഹുമാനം കൊടുപ്പിൻ."

1 പത്രൊസ് 3:7.

"പിതാക്കന്മാരേ, നിങ്ങളുടെ മക്കളെ കോപിപ്പിക്കാതെ കർത്താവിന്റെ ബാലശിക്ഷയിലും പത്ഥ്യോപദേശത്തിലും പോറ്റി വളർത്തുവിൻ"

എഫെസ്യർ 6:4

".... മകളേ നിനക്കു നന്നായിരിക്കേണ്ടതിന്നു ഞാൻ നിനക്കു വേണ്ടി ഒരു വിശ്രാമസ്ഥലം അന്വേഷിക്കേണ്ടയോ."?

റൂത്ത് 3:1

ഭാര്യയോടുള്ള ബന്ധത്തിൽ ഐക്യവും ഏകമനസ്സും സമ്പൂർണ്ണസ്വാതന്ത്ര്യവും, ഇടയിൽ യാതൊരു രഹസ്യവുമില്ലാത്ത അവസ്ഥയും പുലർത്തേണ്ടതാണ്. സ്ത്രീയുടെ വിശ്രാമസ്ഥലമാണ് പുരുഷൻ. പുരുഷൻ ഒരിക്കലും മദ്യപ്രിയനായിരിക്കരുത്.

''വീഞ്ഞു കുടിച്ചുകൊണ്ട് നേരം വൈകിക്കുന്നവർക്കും മദ്യം രുചി നോക്കുവാൻ പോകുന്നവർക്കും തന്നേ. വീഞ്ഞു ചുവന്നു പാത്രത്തിൽ തിളങ്ങുന്നതും രസമായി ഇറക്കുന്നതും നീ നോക്കരുത്. ഒടുക്കം അതു സർപ്പം പോലെ കടിക്കും; അണലി പോലെ കൊത്തും. നിന്റെ കണ്ണു പരസ്ത്രീകളെ നോക്കും, നിന്റെ ഹൃദയം വക്രത പറയും."

സദൃശവാക്യങ്ങൾ 23:30–33.

മദ്യം തലമുറയെ പോലും നശിപ്പിക്കുന്നു. കുടുംബനാഥൻ എന്ന നിലയിൽ കോപവും വാഗ്വാദവും വിട്ടകന്നവനും, കുടുംബത്തെ

നന്നായി ഭരിക്കുന്നവനും ആയിരിക്കേണം. ഭാര്യയ്ക്ക് ഭവനത്തിൽ വേണ്ടത് ഭർത്താവിനെ ആണ്. ഉപദേഷ്ടാവിനെയല്ല. മക്കൾക്കു വേണ്ടത് പിതാവിനെ ആണ്, അദ്ധ്യാപകനെയല്ല. പുരുഷൻ ഭർത്താവെന്ന നിലയിൽ, പിതാവെന്ന നിലയിൽ, കുടുംബനാഥൻ എന്ന നിലയിൽ എല്ലാം പരിജ്ഞാനത്തോടെ കുടുംബത്തിൽ വർത്തിക്കണം.

സ്ത്രീയെ ആദാമിനു തക്ക തുണയായി അവന്റെ വാരിയെല്ലിൽ നിന്നു തന്നെ ദൈവം സൃഷ്ടിച്ചു. (ഉല്പ. 2:18) ഹവ്വയുടെ വരവ് വനഭൂമിയിലെ നീരുറവ പോലെയായി മാറി. കാരണം പുരുഷൻ പൂർണ്ണനാകുന്നതു ഭാര്യയുടെ സാമീപ്യം കൊണ്ടാണ്. ഭാര്യ ഭർത്താക്കന്മാർ കൂട്ടുകാരെ പ്പോലെ ആയിരിക്കാനാണ് ദൈവം അവരെക്കുറിച്ച് ഉദ്ദേശിക്കുന്നത്. വചനം പറയുന്നു:

> "...... അവൾ നിന്റെ കൂട്ടാളിയും നിന്റെ ധർമ്മപത്നിയുമല്ലോ."
>
> മാലാഖി 2:14.

ഒരു ഉത്തമ ഭാര്യയുടെ ഏറ്റവും വലിയ ദൃഷ്ടാന്തമാണ് അബ്രാഹാമിന്റെ ഭാര്യ സാറ. തിരുവചനത്തിൽ സാറയുടെ വിശ്വാസദാർഢ്യത്തെയും താഴ്മയെയും പ്രത്യാശയെയും വിധേയത്വത്തെയും എല്ലാം എടുത്തുകാട്ടിയിരിക്കുന്നു.

> "വിശ്വാസത്താൽ സാറയും വാഗ്ദത്തം ചെയ്തവനെ വിശ്വസ്തൻ എന്നു എണ്ണുകയാൽ പ്രായം കഴിഞ്ഞിട്ടും പുത്രോല്പാദനത്തിനു ശക്തി പ്രാപിച്ചു."
>
> എബ്രായർ 11:11

> "..... പണ്ട് ദൈവത്തിൽ പ്രത്യാശ വെച്ചിരുന്ന വിശുദ്ധ

> സ്ത്രീകൾ തങ്ങളെത്തന്നെ അലങ്കരിച്ച് ഭർത്താക്കന്മാർക്കു കീഴടങ്ങിയിരുന്നത്. അങ്ങനെ സാറാ അബ്രാഹാമിനെ യജമാനൻ എന്നു വിളിച്ച് അനുസരിച്ചിരുന്നു."
>
> 1 പത്രൊസ് 3:5–6.

ഒരു ഭാര്യയുടെ യഥാർത്ഥ ആത്മീയത വെളിവാകുന്നത് ഭർത്താക്കന്മാർക്കു ഉചിതമാം വണ്ണം കീഴ്പ്പെടുന്ന മനോഭാവത്തിലൂടെയാണ്. അത് ദൈവസന്നിധിയിൽ വിലപ്പെട്ടതാണ്.

> "സൗമ്യതയും സാവധാനതയുമുള്ള മനസ്സു എന്ന അക്ഷയ ഭൂഷണമായ ഹൃദയത്തിന്റെ ഗൂഢ മനുഷ്യൻ തന്നേ ആയിരിക്കണം; അതു ദൈവസന്നിധിയിൽ വിലയേറിയതാകുന്നു. ഇങ്ങനെയല്ലോ പണ്ടു ദൈവത്തിൽ പ്രത്യാശ വച്ചിരുന്ന വിശുദ്ധ സ്ത്രീകൾ തങ്ങളെത്തന്നെ അലങ്കരിച്ചു ഭർത്താക്കന്മാർക്കു കീഴടങ്ങിയിരിക്കുന്നത്."
>
> 1 പത്രൊസ് 3:4–5.

ചില കാര്യങ്ങൾ മാത്രം തിരഞ്ഞെടുത്ത് അനുസരിക്കാൻ വേദപുസ്തകം ഒരു ഭാര്യയെ അനുവദിക്കുന്നില്ല.

> "........ ഭാര്യമാരും ഭർത്താക്കന്മാർക്കു സകലത്തിലും കീഴടങ്ങിയിരിക്കേണം."
>
> എഫെസ്യർ 5:24.

> ".......... ഭാര്യയോ ഭർത്താവിനെ ഭയപ്പെടേണ്ടതാകുന്നു."
>
> എഫെസ്യർ 5:32

ഇവിടെ ഭയം എന്നു പറഞ്ഞിരിക്കുന്നത് നിഷ്കളങ്ക സ്നേഹ

ത്തിൽ നിന്നും നിർഗ്ഗളിക്കുന്ന ബഹുമാനമാണ്. ഭവനത്തിന്റെ വിളക്ക് യഥാർത്ഥത്തിൽ സ്ത്രീയാണ്. അവളുടെ സ്വഭാവശ്രേഷ്ഠത, മധുരമായ വാക്കുകൾ, മറ്റുള്ളവരെക്കുറിച്ചുള്ള കരുതൽ, സ്നേഹം എന്നിവയെക്കൊണ്ടു അവൾ വീടു പണിയുന്നു. അവളാണ് ജ്ഞാനമുള്ള സ്ത്രീ. ഭവനം ഭരിക്കേണ്ടത് പുരുഷനാണെങ്കിൽ അത് പണിയേണ്ടത് സ്ത്രീയാണ്.

> "സ്ത്രീകളിൽ ജ്ഞാനമുള്ളവൾ തന്റെ വീടു പണിയുന്നു. ഭോഷത്വമുള്ളവളോ അതു സ്വന്ത കൈകളാൽ പൊളിച്ചു കളയുന്നു."
>
> സദൃശവാക്യങ്ങൾ 14:1.

എന്നാൽ കലഹപ്രിയയും അധമയുമായ ഒരു ഭാര്യയാകട്ടെ, അവൾ ഭോഷത്വമുള്ളവൾ. അവൾ സ്വന്ത കൈകളാൽ സ്വന്തഭവനത്തെ പൊളിച്ചുകളയുന്നു.

> ".... അവളുടെ വിളക്ക് രാത്രിയിൽ കെട്ടുപോകുന്നതുമില്ല."
>
> സദൃശവാക്യങ്ങൾ 31:18.

ഉത്തമയായ ഒരു ഭാര്യ ഒരിക്കലും മുഖം വാടാത്ത പ്രസന്നതയുള്ളവളായിരിക്കും. അവൾ ഭർത്താവിന്നു തക്ക തുണ തന്നെയായിരിക്കും.

ഏതെങ്കിലും പ്രശ്നം വരുമ്പോൾ അതു താങ്ങുവാനും പങ്കുവെയ്ക്കുവാനും എല്ലാം ഭാര്യ കൂടെ ഉണ്ടാകും. ഭാര്യയെ നന്മയുടെ പ്രതീകമായി ദൈവം കാണുന്നു. ഭർത്താവു അങ്ങനെ തന്നെ അവളെ കാണുകയും ബഹുമാനം കൊടുക്കുകയും ചെയ്യണം.

"ഭാര്യയെ കിട്ടുന്നവനു നന്മ കിട്ടുന്നു, യഹോവയോടു പ്രസാദം ലഭിച്ചുമിരിക്കുന്നു."

സദൃശ്യവാക്യങ്ങൾ 18:22.

"അവിശ്വാസിയായ ഭർത്താവ് ഭാര്യ മുഖാന്തരം വിശുദ്ധീകരിക്കപ്പെട്ടും അവിശ്വാസിയായ ഭാര്യ സഹോദരൻ മുഖാന്തരം വിശുദ്ധീകരിക്കപ്പെട്ടുമിരിക്കുന്നു."

1 കൊരിന്ത്യർ 7:14.

ഒരു ക്രിസ്തീയ ഭവനത്തിൽ ഭാര്യയെ അവിസ്മരണീയ ആക്കുന്ന ഒരു വസ്തുതയാണ് അവളുടെ അതിഥി സല്ക്കാര പ്രിയം. മറ്റുള്ളവരെ ശുശ്രൂഷിപ്പാൻ കാണിക്കുന്ന ശുഷ്കാന്തിയും പ്രസന്നതയും അവളുടെ യഥാർത്ഥ ആളത്വത്തിന്റെ ബഹിർസ്ഫുരണമത്രേ!

"അതിഥി സല്ക്കാരം മറക്കരുത്..."

എബ്രായർ 13:2

കുഞ്ഞുങ്ങളിൽ ബാല്യകാലം മുതൽ പ്രകടമായി കാണുന്ന ഒരു സ്വഭാവസവിശേഷതയാണ് അനുകരണ വാസന. പാസ്ക്കൽ എന്ന ശിശുമാനസിക വിദഗ്ദ്ധൻ പറഞ്ഞു. "ഒരു കുട്ടിയെ ഒൻപതു വയസ്സു വരെ എന്റെ കയ്യിൽ തന്നാൽ ഒന്നുകിൽ അവനെ ഒരു യേശുകുഞ്ഞാക്കി വളർത്താം, അല്ലെങ്കിൽ ഒരു ബറബ്ബാസാക്കി എടുക്കാം."

മാതാപിതാക്കളുടെ ജീവിത മാതൃക കുഞ്ഞുങ്ങൾ കണ്ടുപഠിക്കയും പകർത്തുകയും ചെയ്യും. മാതാപിതാക്കൾ കുട്ടികളെ ഉപദേശിക്കുവാൻ സമർത്ഥരാണ്. എന്നാൽ തങ്ങളുടെ ജീവിതം കണ്ടു പഠിക്കൂ എന്നു പറയുവാൻ പ്രാഗത്ഭ്യമുള്ള മാതാപിതാക്കൾ ഉണ്ടാ

കണം.

> "ഞാൻ ക്രിസ്തുവിന്റെ അനുകാരി ആയിരിക്കുന്നതുപോലെ നിങ്ങളും എന്റെ അനുകാരികൾ ആകുവിൻ"
>
> 1 കൊരിന്ത്യർ : 11:1

എന്ന് വി: പൗലോസ് പറഞ്ഞു:

ഇത് അഹങ്കാരത്തിന്റെ വാക്കുകളല്ല, പ്രത്യുത "ഇനി ജീവിക്കുന്നതു ഞാനല്ല, എന്നിൽ വസിക്കുന്ന ക്രിസ്തുവത്രെ." എന്നുള്ള അനുഭവ സമ്പത്തിന്റെ ശബ്ദമാണ്. ഗാന്ധിജി പറഞ്ഞു "എന്റെ ജീവിതമാണ് എന്റെ സന്ദേശം എന്ന് "A Christian's life is the world's Bible" (ലോകം വായിക്കേണ്ട വേദപുസ്തകം ഒരു ക്രിസ്ത്യാനിയുടെ ജീവിതമാണ്) എന്ന് ബില്ലിഗ്രഹാം പറഞ്ഞു. ജിപ്സി – സ്മിത്തിന്റെ ശ്രദ്ധേയമായ വാക്കുകൾ ഇപ്രകാരമാണ്. "ഓരോ ദൈവപൈതലും അഞ്ചാമത്തെ സുവിശേഷമായി മാറണം." എന്ന്.

ഒരു കുഞ്ഞ് വളർന്ന് തിരുവചനം വായിച്ചു ഗ്രഹിക്കാൻ തക്ക സ്ഥിതിയിലെത്താൻ ഏതാണ്ട് എട്ടു വയസ്സു പ്രായമെങ്കിലും ആകണം. അതുവരെ അവൻ വായിച്ചു ഗ്രഹിക്കുന്ന വേദപുസ്തകം മാതാപിതാക്കന്മാരുടെ ജീവിതത്തിന്റെ താളുകളാണ്. മാതാപിതാക്കന്മാരേ, നിങ്ങളുടെ ജീവിതം കുഞ്ഞുങ്ങൾക്കു അനുകരിക്കുവാനും പിൻപറ്റുവാനും കൊള്ളാവുന്നതാണോ എന്നു ചിന്തിച്ചു നോക്കുക.

കുഞ്ഞുങ്ങൾ അനുസരണമില്ലാത്തവരും കലഹപ്രിയരും ആയിത്തീരുന്നതിനുകാരണം വീടുകളിലെ അനിയന്ത്രിതമായ സംഭാഷണങ്ങളും പരസ്പരമുള്ള കുറ്റപ്പെടുത്തലുകളും കലഹവും മറ്റുമാണ് എന്നു മാതാപിതാക്കൾ അറിയാതിരിക്കരുത്.

കുടംബത്തെപ്പറ്റി ചിന്തിക്കുമ്പോൾ അമ്മാവിയമ്മ മരുമകൾ ബന്ധത്തെ അവഗണിക്കുവാൻ ആവില്ല. പലപ്പോഴും കുടുംബത്തിന്റെ അന്തരീക്ഷം കാർമേഘാവൃതമാകുന്നതിന്റെ തുടക്കം ഇവിടെയാണ്. സ്വാർത്ഥതയും വിനയമില്ലായ്മയും മുറ്റിയ ആളത്വങ്ങൾ തമ്മിൽ ഉരസുന്നു.

സ്നേഹം വറ്റി വരണ്ടു പോകുന്ന ഭവനം നരകതുല്ല്യമാകുന്നു. ഇതു നാണയത്തിന്റെ ഒരു വശം. നേരെ മറിച്ച് അമ്മാവിയമ്മയും മരുമകളും ദൈവസ്നേഹത്താൽ പിടിക്കപ്പെട്ടവരാണെങ്കിൽ കുടുംബത്തിന്റെ അന്തരീക്ഷം പാടേ വ്യത്യസ്തമായിരിക്കും. സമാധാനവും സന്തോഷവും അവിടെ നിറഞ്ഞു നില്ക്കും.

രൂത്തിന്റെ പുസ്തകത്തിൽ ദൈവവിശ്വാസത്തിലും കറയറ്റ സ്നേഹത്തിലും പറ്റിച്ചേർന്ന് ജ്വലിച്ചു നില്ക്കുന്ന ഒരു അമ്മാവിയമ്മയും മരുമകളും ഉണ്ട്. നവൊമിയും രൂത്തും, ഏതൊരു ഭവനത്തിനും മാതൃകയാക്കാവുന്ന കഥാപാത്രങ്ങൾ.

> "................. ഓർപ്പാ അമ്മാവിയമ്മയെ ചുംബിച്ചു പിരിഞ്ഞു. രൂത്തോ അവളോട് പറ്റി നിന്നു...... അതിന്നു രൂത്ത് : നിന്നെ വിട്ടുപിരിവാനും നിന്റെ കൂടെ വരാതെ മടങ്ങിപ്പോകുവാനും, എന്നോടു പറയരുതേ, നീ പോകുന്നേടത്ത് ഞാനും പോരും, നീ പാർക്കുന്നേടത്ത് ഞാനും പാർക്കും. നിന്റെ ജനം എന്റെ ജനം. നിന്റെ ദൈവം എന്റെ ദൈവം. നീ മരിക്കുന്നേടത്ത് ഞാനും മരിച്ച് അടക്കപ്പെടും. മരണത്താലല്ലാതെ ഞാൻ നിന്നെ വിട്ടുപിരിഞ്ഞാൽ യഹോവ തക്കവണ്ണവും അധികവും എന്നോടു ചെയ്യുമാറാകട്ടെ എന്നു പറഞ്ഞു."
>
> രൂത്ത് 1:14–17.

അമ്മാവിയമ്മ പറയുന്നതെല്ലാം അനുസരിക്കുന്ന ഒരു മരുമകളായിരുന്നു രൂത്ത് എന്നു കാണുന്നു. ബോവസ് അവൾക്കു ഭക്ഷിക്കാൻ കൊടുത്ത ഭക്ഷണം ശേഷിപ്പിച്ച് അമ്മാവിയമ്മക്കു കൊണ്ടുപോയി കൊടുക്കുന്നതായി നാം കാണുന്നു.

രൂത്തിന്റെ സ്വഭാവം വെളിപ്പെടുത്തുന്ന ഒരു ഭാഗം നമുക്ക് ഇവിടെ കാണാം. അത് പറയുന്നത് ആ ദേശത്തെ സ്ത്രീകളാണ്.

> "..........നിന്നെ സ്നേഹിക്കുന്നവളും ഏഴു പുത്രന്മാരെക്കാൾ നിനക്കു ഉത്തമയുമായിരിക്കുന്ന നിന്റെ മരുമകളല്ലോ....."
>
> രൂത്ത് 4:15.

ഇങ്ങനെയുള്ള മരുമക്കളും അമ്മാവിയമ്മയും വസിക്കുന്ന ഭവനം സ്വർഗ്ഗതുല്ല്യമായിരിക്കും എന്നു പറയേണ്ടതില്ലല്ലോ. ഭാര്യ ഭർത്താക്കന്മാർ ഒരു സത്യം അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണ്. നന്മയ്ക്കു പകരം തിന്മ ചെയ്യുന്നത് പൈശാചികം. തിന്മയ്ക്കു പകരം തിന്മ ചെയ്യുന്നതു മൃഗീയം. നന്മയ്ക്കു പകരം നന്മ ചെയ്യുന്നതു മാനുഷികം. തിന്മയ്ക്കു പകരം നന്മ ചെയ്യുന്നത് ദൈവീകം.

ദൈവ വിശ്വാസം തലമുറയ്ക്കു കൈമാറുന്നത് പ്രധാനമായും അമ്മമാരിൽ കൂടെയാണെന്ന് വചനം ചൂണ്ടിക്കാണിക്കുന്നു. തീമോത്തിയോസിനു ലഭിച്ച വിലപ്പെട്ട വിശ്വാസത്തിന്റെ പാരമ്പര്യം അമ്മയിൽ നിന്നും വലിയമ്മയിൽ നിന്നുമാണ്. (2 തീമോത്തിയോസ് 1:15.)

> "മക്കൾ യഹോവ നല്കുന്ന അവകാശവും, ഉദരഫലം അവൻ തരുന്ന പ്രതിഫലവുമത്രേ."
>
> സങ്കീർത്തനം 127:3.

യെശയ്യാ പ്രവചനം അഞ്ചാം അദ്ധ്യായം ആദ്യഭാഗത്തു പറയുന്നതുപോലെ ആശയോടെ വളർത്തി പരിപാലിച്ച മുന്തിരിവള്ളി കാട്ടുമുന്തിരിങ്ങ കായ്ച്ച കൈപ്പുണ്ടാക്കുന്ന അനുഭവമാണ് അനേക മാതാപിതാക്കന്മാർക്ക് മക്കളിൽ നിന്ന് കിട്ടുന്നത്. മക്കൾ മൂർച്ചയുള്ള അസ്ത്രങ്ങൾ പോലെയാണ് എന്ന് സങ്കീർത്തനം 127–ന്റെ നാലാം വാക്യത്തിൽ കാണുന്നു. മക്കളെ വളരെ കരുതലോടെ കൈകാര്യം ചെയ്യണം.

നമ്മുടെ പേരും കുടുംബവും ഭൂമിയിൽ നിലനിർത്തുന്നത് സന്തതികളാണ്. ദൈവം തരുന്ന അനുഗ്രഹമാണ് മക്കൾ. കുടുംബനാഥൻ അനുഗ്രഹിക്കപ്പെടുന്ന രണ്ടു ഘടകങ്ങളാണ് ഭാര്യയും മക്കളും. മക്കൾ യഹോവ തന്നതും യഹോവയ്ക്കുള്ളതും ആണ് എന്ന കാര്യം മറക്കരുത്. മക്കളെ വിശുദ്ധിയിലും ദൈവഭയത്തിലും നല്ല ശിക്ഷണത്തിലും വളർത്തിയെടുക്കേണ്ട ചുമതല മുഖ്യമായും മാതാപിതാക്കളിലാണ് നിക്ഷിപ്തമായിരിക്കുന്നത്. മക്കളെ ശിക്ഷിച്ചും ഉപദേശിച്ചും വളർത്തണം.

ജോൺ ഹോവാർഡ് ഹിംടൺ (John Howard Himton) ന്റെ പുത്രൻ മരണക്കിടക്കയിൽ കിടന്നു പറഞ്ഞ അവസാന വാക്കുകൾ ശ്രദ്ധേയമാണ്. “ There is no greater blessings than for children to have godly parents” ദൈവവിശ്വാസമുള്ള മാതാപിതാക്കന്മാരെ ലഭിക്കുന്നതിനേക്കാൾ വലിയൊരു അനുഗ്രഹം മക്കൾക്കു കിട്ടാനില്ല.

മക്കളെ വളർത്തുന്ന കാര്യത്തിൽ ചില നിബന്ധനകളും ശിക്ഷണങ്ങളുമെല്ലാം ആവശ്യമാണ്. ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ അവരെ അഭ്യസിപ്പിക്കണം. ദൈവഭയമുള്ള മക്കളെക്കാൾ വലിയ നന്മ മാതാപിതാക്കൾക്കു ലഭിക്കാനില്ല.

ഡോക്ടർ ഗുത്രി – (Dr. Guthrie) എപ്പോഴും പറയാറുള്ള ഒരു കാര്യം " I am rich in nothing but children"

> "ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക, അവൻ വൃദ്ധനായാലും അതു വിട്ടു മാറുകയില്ല."
>
> സദൃശവാക്യങ്ങൾ 22:6

അതിനു മാതാപിതാക്കന്മാർ മാതൃകയായി ജീവിച്ചേ മതിയാകൂ.

ഒരു കുടുംബത്തിലെ അപ്പനെയും അമ്മയെയും മക്കളെയും കുറിച്ചു ദൈവത്തിന്റെ ആത്മാവു രേഖപ്പെടുത്തിയിരിക്കുന്നതു എന്താണെന്നു നോക്കാം.

> "കർത്താവിൽ പ്രസിദ്ധനായ രൂഫൊസിനെയും എനിക്കും അമ്മയായ അവന്റെ അമ്മയെയും വന്ദനം ചെയ്വിൻ."
>
> റോമർ 16:13.

> "അലക്സന്തരിന്റെയും രൂഫൊസിന്റെയും അപ്പനായി വയലിൽ നിന്നു വുരന്ന കുറേനക്കാരനായ ശീമോനെ അവന്റെ ക്രൂശു ചുമപ്പാൻ അവർ നിർബന്ധിച്ചു. "
>
> മർക്കൊസ് 15:21.

ഇവിടെ അപ്പനെയും അമ്മയെയും ദൈവാത്മാവ് പരിചയപ്പെടുത്തുന്നത് മക്കളുടെ പേരിലാണ്. എത്ര അനുഗൃഹീതമായ കുടുംബം! മക്കളുടെ ഭാവി ശുഭകരമായിത്തീരാനുള്ള ദൈവവചനം ചിലത് ഇവിടെ നോക്കാം.

> “മക്കളേ, നിങ്ങളുടെ അമ്മയപ്പന്മാരെ കർത്താവിൽ അനുസരിപ്പിൻ, അതു ന്യായമല്ലോ,. നിനക്ക് നന്മ ഉണ്ടാകുവാനും നീ ഭൂമിയിൽ ദീർഘായുസ്സോടിരിപ്പാനും നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നതു വാഗ്ദത്തത്തോടു കൂടിയ ആദ്യ കല്പന ആകുന്നു.”
>
> എഫെസ്യർ 6:1–3.

> “മക്കളേ, നിങ്ങളുടെ അമ്മയപ്പൻമാരെ സകലത്തിലും അനുസരിപ്പിൻ”
>
> കൊലൊസ്യർ 3:20

ദൈവത്തിന്റെ ആത്മാവു തരുന്ന ഭയ നിർദ്ദേശവും മക്കൾ അറിഞ്ഞിരിക്കണം.

> “അപ്പനെ പരിഹസിക്കയും  അമ്മയെ അനുസരിക്കാതിരിക്കയും ചെയ്യുന്ന കണ്ണിനെ തോട്ടരികത്തെ കാക്ക കൊത്തിപ്പറിക്കയും കഴുകൻ കുഞ്ഞുങ്ങൾ തിന്നുകയും ചെയ്യും.”
>
> സദൃശ്യവാക്യങ്ങൾ  :30:17

“യൌവ്വനക്കാരാ നിന്റെ യൌവ്വനത്തിൽ സന്തോഷിക്ക; യൌവ്വന കാലത്തിൽ നിന്റെ ഹൃദയം ആനന്ദിക്കട്ടെ. നിനക്ക് ഇഷ്ടമുള്ള വഴികളിലും നിനക്കു ബോധിച്ചവണ്ണവും നടന്നുകൊൾക. എന്നാൽ ഇവ ഒക്കെയും നിമിത്തം ദൈവം നിന്നെ ന്യായവിസ്താരത്തിലേക്ക് വരുത്തും എന്നറിക. ആകയാൽ നിന്റെ ഹൃദയത്തിൽ നിന്ന് വ്യസനം അകറ്റി നിന്റെ ദേഹത്തിൽ നിന്ന് തിന്മ നീക്കിക്കളക; ബാല്യവും യൌവനവും മായയത്രെ!”   സഭാപ്രസംഗി 11:9–10

നമുക്കെന്തുമാകാം, എങ്ങിനെയുമാകാം ഒരു നിയന്ത്രണവും

ആവശ്യമില്ലെന്നുള്ള 'ഓവർ പെർമിസീവ് കൾച്ചർ' അപകടകരമാണ്.

മക്കളെ ശമുവേൽ ബാലനെപ്പോലെ ദൈവത്തിനും മനുഷർക്കും കൊള്ളാവുന്നവരായി വളർത്തേണം.

> " ശമുവേൽ ബാലനോ വളരുന്തോറും യഹോവയ്ക്കും മനുഷ്യർക്കും പ്രീതിയുള്ള വനായി വളർന്നു."
>
> 1 ശമുവേൽ 2:26

സ്നേഹത്തിലും ഹൃദയപൂർവ്വമായ ഐക്യത്തിലും ജീവിക്കുവാൻ കൂട്ടിചേർക്കപ്പെട്ടവരാണ് കുടുംബാംഗങ്ങൾ– മാതാപിതാക്കൾ, മക്കൾ, മരുമക്കൾ, വേലക്കാർ മുതലായവർ എന്നു വചനം ശക്തിയായി പറയുന്നു.

> " ഭാര്യമാരേ, കർത്താവിനു എന്ന പോലെ സ്വന്തം ഭർത്താക്കന്മാർക്കു കീഴടങ്ങുവിൻ"
>
> എഫെസ്യർ 5: 22

> ".................. ഭാര്യമാരും ഭർത്താക്കന്മാർക്ക് സകലത്തിലും കീഴടങ്ങിയിരിക്കേണം"
>
> എഫെസ്യർ 5:24

> "ദാസന്മാരേ, ജഡപ്രകാരം യജമാനന്മാരായവരെ ക്രിസ്തുവിനെ പോലെ തന്നേ ഹൃദയത്തിന്റെ ഏകാഗ്രതയിൽ ഭയത്തോടും വിറയലോടും കൂടെ അനുസരിപ്പിൻ"
>
> എഫെസ്യർ 6:5

ഓരോ ജീവിതപങ്കാളിയും തന്റെ ജീവിതത്തിലേക്കു തിരിഞ്ഞു നോക്കി കണ്ടുപിടിക്കേണ്ട ചില വിഷയങ്ങൾ ഉണ്ട്.

- തന്റെ ജീവിതപങ്കാളിയോടു അവിശ്വസ്തത കാട്ടിയിട്ടുണ്ടോ?
- കുടുംബപ്രാർത്ഥനയുടെ കാര്യത്തിലും ഉത്തരവാദിത്വങ്ങളിലും ഉപേക്ഷ വന്നിട്ടുണ്ടോ ?
- ഞാൻ കുടുംബത്തിൽ ആരുടെയെങ്കിലും വ്യക്തിബന്ധത്തിന്നു പ്രശ്നം ഉണ്ടാക്കിയിട്ടുണ്ടോ?
- കുടുംബകാര്യത്തിൽ ഞാൻ വേണ്ട സഹായം ചെയ്യുന്നുണ്ടോ?
- ഏതെങ്കിലും തരത്തിലുള്ള അസന്തോഷത്തിനോ അസ്വസ്ഥതക്കോ ഞാൻ മുഖാന്തരമായിട്ടുണ്ടോ? ഞാൻ സമാധാനം ഉണ്ടാക്കുന്നവനാണോ?
- കുട്ടികളുമായി ആവശ്യത്തിനു സമയം ചെലവഴിക്കുന്നുണ്ടോ?
- മാതാപിതാക്കളെ അനുസരിക്കാതിരിക്കുകയോ തറുതല പറയുകയോ ചെയ്യുന്നുണ്ടോ?
- In-laws നോടുള്ള ബന്ധം ആരോഗ്യപ്രദമാണോ?

ഭാര്യാഭർത്താക്കന്മാർ പരസ്പരം ബഹുമാനിക്കുകയും വിശ്വസ്തത പുലർത്തുകയും പൂർണ്ണസ്നേഹത്തിൽ വർത്തിക്കുകയും ക്ഷമിക്കുകയും പൊറുക്കുകയും ചെയ്യുക. മാതാപിതാക്കന്മാർ കുട്ടികൾക്കു മാതൃക ആയിരിക്കട്ടെ. ഉപദേഷ്ടാക്കന്മാരോ, ഗുരക്കന്മാരോ ആയിട്ടല്ല, മറിച്ച് അവരോടു കൂട്ടുകാരെപ്പോലെ വർത്തിക്കുക

ക്രിസ്തീയ കുടുംബത്തിന്റെ പ്രാണവായു കുടുംബാംഗങ്ങൾ ഒന്നിച്ചു ചേർന്നുള്ള കുടുംബപ്രാർത്ഥനയാണ്. ഒരുമിച്ച് പ്രാർത്ഥി

ക്കുന്ന കുടുംബം ഒരുമിച്ച് വാഴും – Family that prays together, stays togeher.

കൂട്ടായ്മയുടെ കളരി ഭവനം ആയിരിക്കണം. സ്വർഗ്ഗീയ ആരാധനയുടെ സുഗന്ധം ഓരോ ഭവനത്തിൽ നിന്നും ഉയരണം

> " ഉല്ലാസത്തിന്റെയും ജയത്തിന്റെയും ഘോഷം നീതിമാന്മാരുടെ കൂടാരങ്ങളിൽ ഉണ്ട്.........."
>
> സങ്കീർത്തനം 118: 15

ദൈവമക്കൾ ഒരുമിച്ച് കൂടിയിരുന്ന് പാടുകയും, പ്രാർത്ഥിക്കുകയും, വചനം പഠിക്കുകയും ചെയ്യുന്ന കൂട്ടായ്മയുടെ അനുഭവം ഭവനങ്ങളിൽ ഉണ്ടാകണം. ഇതിനു ഉത്തമദൃഷ്ടാന്തമാണ് കൈസര്യയിലെ കൊർന്നേല്യോസിന്റെ ഭവനം. അത് ആത്മമാരി പെയ്ത ഭവനമായിരുന്നു. അനേകം പാപികൾ ദൈവത്തെ കണ്ടുമുട്ടി ആത്മനിറവു പ്രാപിച്ച ഭവനമായിരുന്നു.

> ".......... അവിടെ കൊർന്നേല്യൊാസ് ചാർച്ച ക്കാരെയും അടുത്ത സ്നേഹിതന്മാരെയും കൂട്ടി വരുത്തി, അവർക്കായി കാത്തിരുന്നു. പത്രോസ് അകത്തു കയറിയപ്പോൾ കൊർന്നേല്യൊാസ് എതിരേറ്റു അവന്റെ കാൽക്കൽ വീണു നമസ്ക്കരിച്ചു.
>
> അപ്പോസ്തോല പ്രവർത്തികൾ 10:24,25

> " ഈ വാക്കുകളെ പത്രൊസ് പ്രസ്താവിക്കുമ്പോൾ തന്നേ വചനം കേട്ട എല്ലാവരുടെ മേലും പരിശുദ്ധാത്മാവു വന്നു"
>
> അപ്പോസ്തോല പ്രവർത്തികൾ 10: 44

ഫിലേമോന്റെ ലേഖനത്തിൽ തന്റെ ഭവനം ക്രിസ്തീയ കുടുംബത്തിന്റെ ഉത്തമ മാതൃകയായി കാണുന്നു. അത് അപ്പനും അമ്മയും മകനും മാത്രമല്ല മറ്റു വിശ്വാസികളും ചേർന്നുള്ള കൂട്ടായ്മയുടെ ഒരു ഭവനമായിരുന്നു.

നമ്മുടെ ഓരോ വീടും പ്രാർത്ഥനയുടെയും ആരാധനയുടെയും മണ്ഡലം ആയിരിക്കണം. അത് സ്നേഹം വളരാനും പുഷ്ടിപ്പെടാനും ഉള്ള ഇടം കൂടിയാണ്. അതാണ് കുഞ്ഞുങ്ങൾക്കു ആത്മീകമായും മാനസീകമായും ശരീരികമായും വളരാനുള്ള വളക്കൂറുള്ള മണ്ണ്. സമാധാനവും, സന്തോഷവും, ഒരുമയും നിറഞ്ഞു അനുഗ്രഹിക്കപ്പെട്ട ഒരു കുടുംബത്തിന്റെ മനോഹരമായ ചിത്രമാണ് 128–ാം സങ്കീർത്തനത്തിൽ അനാവരണം ചെയ്യുന്നത്.

ജോൺ വെസ്ലിപറഞ്ഞു:" ഇംഗ്ലണ്ടിലെ സകല വേദശാസ്ത്രപണ്ഡിതന്മാരിൽ നിന്നു പഠിച്ചതിനെക്കാൾ അധികം ഞാൻ എന്റെ മാതാവിൽ നിന്നും പഠിച്ചു" എന്ന്.

കുഞ്ഞുങ്ങളുടെ ഒന്നാമത്തെ പള്ളിക്കൂടം അവരുടെ ഭവനമാണ്. കുട്ടികളുടെ ആദ്യത്തെ അദ്ധ്യാപകർ മാതാപിതാക്കന്മാരാണ്.

സ്നേഹം വളരുവാനും, ഫലം കായ്ക്കുവാനും സമയം എന്ന വളം ആവശ്യമാണ്. ഭാര്യാഭർത്താക്കന്മാർ ഒരുമിച്ച് സമയം ചെലവഴിക്കണം, വൈകാരിക അടുപ്പവും ഐക്യവും ശക്തിപ്പെടുത്തുവാൻ, തെറ്റിദ്ധാരണകൾ ഉണ്ടെങ്കിൽ അതു മാഞ്ഞു പോകുവാൻ എല്ലാം അതു ഉപകരിക്കും.സ്നേഹം വാക്കുകളിലും പ്രവൃത്തികളിലും പ്രകടിപ്പിക്കണം. ദൈവം ചെയ്തത് അങ്ങനെയാണ്.

> " തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നൽകുവാൻ തക്കവണ്ണം

ലോകത്തെ സ്നേഹിച്ചു"

യോഹന്നാൻ 3: 16

ദൈവത്തിന്റെ മുൻഗണനാക്രമത്തിൽ ഒന്നാമതു ദൈവവും രണ്ടാമതു കുടുംബവും മൂന്നാമത് ജോലിയുമാണ്. ലോകത്തിൽ ഒരമ്മ ഉണ്ടാകുന്നതിനു മുമ്പ് ദൈവം അരുളിചെയ്തു:

"അതുകൊണ്ട് പുരുഷൻ അപ്പനെയും അമ്മയെയും വിട്ടുപിരിഞ്ഞ് ഭാര്യയോട് പറ്റിച്ചേരും; അവർ ഏക ദേഹമായിത്തീരും"

ഉല്പത്തി 2 :24

ഭാര്യാഭർത്താക്കന്മാർക്കുള്ള പരസ്പര സ്നേഹം കുട്ടികളോടുള്ള സ്നേഹത്തെക്കാൾ വലുതായിരിക്കണമെന്നാണ് വചനം പഠിപ്പിക്കുന്നത്. ഏല്ക്കാന മക്കളില്ലാതെ ദുഃഖിക്കുന്ന ഭാര്യയോടു പറയുന്നത് എന്താണെന്ന് നോക്കാം.

"ഹന്നേ, നീ എന്തിനു കരയുന്നു? എന്തിനു പട്ടിണി കിടക്കുന്നു? നീ വ്യസനിക്കുന്നതെന്ത്? ഞാൻ നിനക്ക് പത്തു പുത്രന്മാരെക്കാൾ നന്നല്ലയോ എന്നു പറഞ്ഞു."

1 ശമുവേൽ 1:8

ഒരു സന്തുഷ്ട കുടുംബത്തിന്റെ രഹസ്യം കാനാവിലെ കല്ല്യാണവീട്ടിൽ നമുക്ക് കാണാം. യേശുവിനെ കല്ല്യാണത്തിന്നു ക്ഷണിച്ചിരുന്നു എന്നതാണ് അവിടെ സംഭവിച്ച അത്ഭുതത്തിന്റെയും തുടർന്നുണ്ടായ സന്തോഷത്തിന്റെയും എല്ലാം മൂലകാരണം.

അവന്റെ സാന്നിദ്ധ്യം വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്നതാണ്.

"രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടി വരു

ന്നേടത്തൊക്കെയും ഞാൻ ആവരുടെ നടുവിൽ ഉണ്ട്”

മത്തായി 18:20

ഏതെങ്കിലും പ്രശ്നം നമുക്കുണ്ടാകുമ്പോൾ നാം ഓടിച്ചെല്ലേണ്ടത് ലോകത്തിന്റെ വഴികളിലല്ല, ദൈവത്തിന്റെ വചനത്തിലേക്കാണ്.

ഒരു ഭവനം അതിൽ തന്നെ ഛിദ്രിച്ചാൽ നിലനില്ക്കുകയില്ല. സ്നേഹിക്കുന്ന ഭർത്താവും സ്നേഹിക്കുന്ന ഭാര്യയും ദൈവത്തിന്റെ ദാനമാണ്. സ്നേഹം തണുക്കുമ്പോൾ ഭിന്നതയുടെ വിടവ് പ്രത്യക്ഷമാകും. പുറമെ ആ വിടവ് വെളിപ്പെട്ടു എന്നു വരികയില്ല. അതു ആന്തരീക മുറിവായിരിക്കും.

മാതാപിതാക്കൾ സ്നേഹത്തിന്റെ ശീതളച്ഛായയിൽ ആയിരിക്കുമ്പോൾ കുഞ്ഞുങ്ങൾക്കു ആ സ്നേഹത്തിൽ ആരോഗ്യത്തോടെ വളരാനുള്ള അന്തരീക്ഷം സംജാതമാകുന്നു. ഒരു പിതാവിന്നു അവന്റെ കുട്ടിക്കു കൊടുക്കാവുന്ന ഏറ്റവും വിലപ്പെട്ട കാര്യം അവന്റെ അമ്മയെ സ്നേഹിക്കുവാൻ പഠിപ്പിക്കുക എന്നതാണ്. ദൈവവിശ്വാസം ഭവനാന്തരീക്ഷത്തിൽ നിറഞ്ഞു നിൽക്കണം. അവിടെയാണ് ആനന്ദം കളിയാടുന്നത്.

“...... ദൈവത്തിൽ വിശ്വസിച്ചതിൽ വീടടക്കം ആനന്ദിച്ചു....”

അപ്പൊസ്തലപ്രവൃത്തികൾ 16:34

എല്ലാത്തിന്റെയും അടിസ്ഥാനം സ്നേഹമാണ്.

ത്യാഗമില്ലാത്ത സ്നേഹം അർത്ഥശൂന്യമാണ്. ശുശ്രൂഷിക്കപ്പെടുകയല്ല ശുശ്രൂഷിക്കുകയാണ് ക്രിസ്തീയ ധർമ്മം. നഷ്ടം കണ

ക്കാക്കാതെ കൊടുക്കുവാനും മുറിവു ഗണ്യമാക്കാതെ പോരാടുവാനും, വിശ്രമം കാംക്ഷിക്കാതെ അദ്ധ്വാനിക്കുവാനും കുടുംബാംഗങ്ങൾ തയ്യാറായാൽ കുടുംബം ഐശ്വര്യമായി മുന്നേറും.

കുടുംബം ഭൂമിയിലെ ഒരു കൊച്ചു സ്വർഗ്ഗമായി തീരുവാൻ ഒരു സ്വർഗ്ഗീയ വഴി തുറന്നിട്ടുണ്ട്. അത് യേശു തുറന്ന വഴിയാണ്. യേശു സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്ന് ജീവിച്ചു കാണിച്ചു തന്ന വഴിയാണ്. ശിഷ്യന്മാരെ പഠിപ്പിച്ച വഴിയാണ്. അത് പുതിയ നിയമത്തിന്റെ മദ്ധ്യസ്ഥനായ യേശു കുരിശിൽ വെളിപ്പെടുത്തിയ നിഷ്കളങ്ക സ്നേഹമാണ്. പുതിയ നിയമം ഈ സ്നേഹത്തിന്റെ നിയമമാണ്. ഈ നിയമം തിരിച്ചറിയാതെ പോകുന്നതാണ് ഭവനത്തിനും, സഭയ്ക്കും സമൂഹത്തിന്നും സംഭവിക്കുന്ന സകല മൂല്യച്യുതിക്കും കെടുതികൾക്കും കാരണം. ഈ നിർവ്യാജ സ്നേഹം ജീവിതത്തിൽ പ്രായോഗികമാക്കുക എന്നതാണ് അതിനുള്ള ഒറ്റമൂലിയും.

ഈ സ്നേഹം എന്താണെന്നു തിരുവചനത്തിന്റെ അടിസ്ഥാനത്തിൽ പരിചിന്തനം ചെയ്യാം. പുതിയ നിയമത്തിന്റെ മൂലഭാഷയായ ഗ്രീക്കിൽ സ്നേഹത്തിന്നു വ്യത്യസ്തപദങ്ങൾ ഉപയോഗിച്ചിരിക്കുന്നു.

Agappe - അഗപ്പെ എന്നും Phileo - ഫീലിയോ എന്നും. ഇവ പര്യായങ്ങളല്ല. വ്യത്യസ്ത അർത്ഥവ്യാപ്തിയുള്ള പദങ്ങളാണ്.

'അഗപ്പെ' ദൈവത്തിന്റെ സ്നേഹത്തെയും 'ഫീലിയോ' സ്വാഭാവിക സ്നേഹം അഥവാ മനുഷ്യ സ്നേഹത്തെയും സൂചിപ്പിക്കുന്നു. ഈ രണ്ടു പദങ്ങൾക്കും മലയാള പരിഭാഷയിൽ 'സ്നേഹം' എന്ന ഒറ്റവാക്കും ഇംഗ്ലീഷ് പരിഭാഷയിൽ Love എന്നും Charity എന്നും രണ്ടു പദങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്.

ദൈവത്തിന്റെ സ്നേഹവും മനുഷ്യരുടെ സ്നേഹവും തമ്മിൽ

തുലനം ചെയ്യാൻ ആവില്ല. മെഴുകുതിരിയുടെ വെളിച്ചവും ഉച്ചസൂര്യന്റെ ജ്വലിക്കുന്ന പ്രകാശവും പോലെ വ്യത്യസ്തമാണ് ഇവ രണ്ടും.

'അഗപ്പെ' സ്നേഹത്തെ നമ്മുടെ ക്രിസ്തുവിന്റെ സ്നേഹമെന്നു വിളിക്കാം. ഈ സ്നേഹത്തെക്കുറിച്ച് പറയുമ്പോഴെല്ലാം പൗലോസ് ശ്ലീഹാ വാചാലനാകുന്നതായി കാണാം.

> "കരുണാ സമ്പന്നനായ ദൈവമോ, നമ്മെ സ്നേഹിച്ച മഹാസ്നേഹം നിമിത്തം.. "
>
> എഫെസ്യർ 2:4

> "ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിന്നും...."
>
> എഫെസ്യർ 3:17.

> ".... പരിജ്ഞാനത്തിൽ കവിയുന്ന ക്രിസ്തുവിൻ സ്നേഹത്തെ അറിവാനും..."
>
> എഫെസ്യർ 3:19.

അപ്പൊസ്തലൻ 'അഗാപ്പെ' സ്നേഹത്തെപ്പറ്റിയാണ് ഈ വചനമെല്ലാം പറയുന്നത്. വീണ്ടും അഗപ്പെ സ്നേഹത്തിന്റെ സ്വഭാവം അപ്പോസ്തലൻ വെളിപ്പെടുത്തുന്നുണ്ട്.

- ദീർഘമായി ക്ഷമിക്കുന്ന സ്നേഹം – Suffereth long.
- ദയ കാണിക്കുന്ന സ്നേഹം – is kind.
- സ്പർദ്ധിക്കാത്ത സ്നേഹം – not jelous.
- നിഗളിക്കാത്ത സ്നേഹം – not boastful.
- ചീർക്കാത്ത സ്നേഹം – not arrogant.
- അയോഗ്യമായി നടക്കാത്ത സ്നേഹം – not rude
- സ്വാർത്ഥം അന്വേഷിക്കാത്ത സ്നേഹം – not selfish

- ദ്വേഷിക്കാത്ത സ്നേഹം – not easily provoked
- ദോഷം കണക്കിടാത്ത സ്നേഹം – not resentful
- അനീതീയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്ന സ്നേഹം – not glad about injustice but rejoices in the right
- എല്ലാം പൊറുക്കുന്ന സ്നേഹം – Beareth all things
- എല്ലാം വിശ്വസിക്കുന്ന സ്നേഹം – Believeth all things
- എല്ലാം പ്രത്യാശിക്കുന്ന സ്നേഹം – Hopeth all things
- എല്ലാം സഹിക്കുന്ന സ്നേഹം – Endureth all things

ഒരു നാളും ഉതിർന്നു പോകാത്ത സ്നേഹം – never faileth

(1 കൊരിന്ത്യർ 13:4–8. വരെ വായിക്കുക)

ഈ സ്നേഹം പ്രാണനെ വെച്ചു കൊടുക്കുന്നു. 1 യോഹന്നാൻ 3:16.

ന്യായപ്രമാണത്തിൽ ഏതു കല്പനയാണ് വലിയത് എന്നു ചോദിച്ച പരീശനോട് ഉത്തരം പറയുമ്പോൾ പഴയനിയമത്തിന്റെ മുഴവൻ അന്തസ്സത്ത 'സ്നേഹം' ഒന്നു മാത്രമാണെന്ന് യേശു വെളിപ്പെടുത്തുന്നുണ്ട്.

ദൈവത്തോടുള്ള സ്നേഹത്തിനു പരസ്പരമുള്ള സ്നേഹത്തിന്നും ഒരു പോലെ പ്രാധാന്യം കൊടുത്തുകൊണ്ട് കർത്താവു പറഞ്ഞു:

> "നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ മനസ്സോടും കൂടെ സ്നേഹിക്കേണം. ഇതാകുന്നു

> വലിയതും ഒന്നാമത്തേതുമായ കല്പന. രണ്ടാമത്തേത് അതിനോടു സമം. കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കേണം. ഈ രണ്ടു കല്പനകളിൽ സകല ന്യായപ്രമാണവും പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു.”
>
> മത്തായി 22:37–40.

പുതിയ നിയമത്തിൽ കർത്താവു സ്നേഹത്തിന്റെ കല്പന ശിഷ്യന്മാർക്കു കൊടുത്തു. അവിടത്തെ ജീവിതത്തിൽ അതു പ്രായോഗികമായി കാണിച്ചുകൊടുത്തു.

ദൈവത്തിന്റെ പരിശുദ്ധാത്മാവ് തന്റെ അപ്പോസ്തലന്മാരിൽ കൂടി യേശുവിന്റെ സ്നേഹത്തിന്റെ സ്വഭാവം കൂടുതൽ വെളിവാക്കിത്തന്നു. യേശു പഠിപ്പിക്കുകയും കാണിച്ചു തരികയും ചെയ്ത ഈ സ്നേഹം ഉൾക്കൊള്ളുകയും പ്രായോഗികമാക്കുകയുമാണ് സർവ്വപ്രശ്നങ്ങൾക്കും പരിഹാരം. സകല മുറിവുകൾക്കുമുള്ള ഏക ശമനമാർഗ്ഗം ഈ സ്നേഹമാണ്.

പരസ്പര സ്നേഹമാണ് ഭവനത്തെ സ്വർഗ്ഗമാക്കുന്നത്. സ്നേഹം എടുത്തുമാറ്റിയാൽ ഭവനം നരകതുല്ല്യമാകും. അവിടെ നെടുവീർപ്പുകൾ ഉയരും. ക്രിസ്തുവിൻ സ്നേഹത്തിൽ നിന്ന് – Agappe love ഉരുവാകുന്ന ഒന്നാണ് ഭവനം.

സ്നേഹം ഒരിക്കലും വയസ്സു ചെന്ന് മരിക്കുന്നില്ല, അത് അനശ്വരമാണ്. സ്നേഹത്തിന്റെ നിയമം പാലിക്കുന്നവർ ഒരിക്കലും പരാജയപ്പെടുന്നില്ല. സ്നേഹത്തിൽ ജീവിക്കുന്ന ഭാര്യഭർത്താക്കന്മാർ ഒരിക്കലും വിവാഹമോചനത്തെപ്പറ്റി ചിന്തിക്കുക പോലുമില്ല. ഇന്ന് പല ഭവനങ്ങളിലും ഭാര്യഭർത്താക്കന്മാർ ഹൃദയം കൊണ്ട് വിവാഹമോചനം നേടിയവരാണ്.

ക്രിസ്തുവിന്റെ സ്നേഹത്തിന്റെ നീളവും വീതിയും ആഴവും അനുഭവിച്ചറിയാൻ വിളിക്കപ്പെട്ടവരാണ് നാം ഓരോരുത്തരും. സ്നേഹം നഷ്ടപ്പെടുമ്പോൾ ജീവിതത്തിന്റെ അടിത്തറ ഇളകുന്നു.

"എന്തിനു ജീവിക്കുന്നു." എന്ന ചോദ്യം ഉള്ളിൽ നിന്നും ഉയരുന്നു. കഠിനവും തീവ്രവുമായ വേദന ഉളവാക്കുന്നു. മനുഷ്യഹൃദയത്തിനു അനുഭവിക്കാവുന്നതിൽ ഏറ്റവും വലിയ വേദനയാണിത്. സ്നേഹം നഷ്ടപ്പെടുമ്പോൾ ജീവിക്കാനുള്ള ആവേശം നഷ്ടപ്പെടുന്നു. ആത്മഹത്യയുടെ ഉറവിടം ഇവിടെയാണ്.

സ്നേഹം ജീവിത ശൈലിയാണ് പുതിയ ഉടമ്പടിയിലെ ജീവിതശൈലി. അതാണ് യേശു പഠിപ്പിച്ചതും കാണിച്ചു തന്നതുമായ ജീവിതശൈലി. അത് അനുഷ്ഠിക്കാനാണ് ശിഷ്യന്മാർക്കു കല്പന കൊടുത്തത്. ശിഷ്യത്വത്തിന്റെ പദവിയിലേക്കാണ് നമ്മെ വിളിച്ചിരിക്കുന്നത്. വീണ്ടെടുക്കപ്പെട്ട ഓരോ ദൈവപൈതലും ക്രിസ്തുശിഷ്യന്മാരാണ്.

"സ്നേഹം ആചരിപ്പാൻ ഉത്സാഹിപ്പിൻ"

1 കൊരിന്ത്യർ 14:1

"ദൈവം സ്നേഹം തന്നെ..."

1 .യോഹന്നാൻ 4:8

"... സ്നേഹം ദൈവത്തിൽ നിന്നു വരുന്നു..."

1 യോഹന്നാൻ 4:7

നാം സ്നേഹത്തിനു പുറത്ത് കാലെടുത്തു വെയ്ക്കുമ്പോൾ ദൈവഹിതത്തിന്നു പുറത്താകുന്നു. സ്നേഹത്തിന്നു വിപരീതമായി പ്രവർത്തിക്കുമ്പോൾ യേശുവിനു വിരോധമായി പ്രവർത്തിക്കുന്നു.

സ്നേഹത്തിൽ നടക്കുമ്പോൾ മാത്രമേ യേശുവിന്റെ നാമം ഉപയോഗിക്കാൻ നാം അർഹരാകുകയുള്ളൂ. സ്നേഹത്തിൽ നിന്നു പുറത്താകുമ്പോൾ പിതാവിനോടുള്ള കൂട്ടായ്മ തകരുന്നു.

സ്നേഹം വെളിപ്പെടുത്തപ്പെട്ട ദൈവസ്വഭാവമാണ്. ദൈവസ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട നമ്മുടെയും സ്വഭാവം അതായിരിക്കണം. സ്നേഹം കുടുംബത്തിന്റെ അന്തരീക്ഷം രൂപാന്തരപ്പെടുത്തും. സ്നേഹം ജീവിതത്തെ ഭരിക്കുമ്പോൾ മുറിപ്പെടുത്തുന്ന വാക്കുകൾ വായിൽ നിന്നു വീഴുകയില്ല. വ്യക്തിജീവിതങ്ങളെ കൂട്ടിച്ചേർക്കുന്ന ദൈവത്തിന്റെ പശ സനേഹമാണ്.

ഭവനത്തിലെ ഓരോ അംഗവും സ്നേഹത്തിൽ അവന്റെ സ്ഥാനം എന്തെന്നു തിരിച്ചറിയണം. എന്നാൽ ആ ഭവനം നശിച്ചുപോകയില്ല സ്നേഹം ആരെയും മുതലെടുക്കുവാൻ നോക്കുകയില്ല. മറിച്ച് എല്ലായ്പ്പോഴും മറ്റുള്ളവരുടെ ഭാരം ചുമക്കുവാൻ ഔത്സുക്യം കാണിക്കും.

സ്നേഹം പറയും "എല്ലാം എന്റെ കുറ്റം തന്നെ. ഞാൻ വ്യത്യസ്തമായി പെരുമാറിയിരുന്നുവെങ്കിൽ അങ്ങനെ ഒന്നും സംഭവിക്കുകയില്ലായിരുന്നു."

സ്വാർത്ഥത പറയും "നീ ഒരുത്തിയാണ്, നിങ്ങൾ ഒരുത്തനാണ് ഇതിനെല്ലാം കാരണം."

സ്നേഹം പത്തി മടക്കുന്നു. സ്വാർത്ഥത വിരൽ ചൂണ്ടുന്നു. അതാണ് സ്നേഹത്തിന്റെ ബലഹീനതയും ബലവും. ആ ബലഹീനതയാണ് യേശുവിനെ ക്രൂശിൽ കയറ്റിയത്.

ഭാര്യയും ഭർത്താവും വീണ്ടെടുപ്പ് പ്രാപിക്കുമ്പോൾ ദൈവസ്വഭാവം അവരെ സ്വാധീനിക്കും. പരിശുദ്ധാത്മാവ് ക്രിസ്തുവിൻ

സ്നേഹം അവരിൽ വളർത്തും. അവരുടെ ചിന്തകളെയും മനസ്സു കളെയും അതു സ്വാധീനിക്കും. അവരുടെ പ്രവൃത്തി പഴയതു തന്നെ യെങ്കിലും മനോഭാവം മാറുന്നു. കാഴ്ചപ്പാട് മാറുന്നു. അസൂയയും, പിണക്കവും, സംശയവും എല്ലാം കെട്ടുപോകുന്നു. ഈ സ്നേഹ ത്തിൽ നടക്കുന്നവർ പരസ്പരം മുറിവേല്പിക്കുകയില്ല; പരസ്പരം മുതലെടുക്കുകയില്ല. പിന്നെയോ അവർ പരസ്പരം താങ്ങും.

സ്വാർത്ഥത അസ്തമിച്ച് സ്നേഹം ഉദിക്കുമ്പോൾ ഒരുവൻ പിന്നെ സ്വന്തമായതു അന്വേഷിക്കുകയില്ല. സ്വന്ത കാര്യത്തിനായി തത്രപ്പെടുകയില്ല. ദൈവഹിതത്തിനു കീഴ്പ്പെടും. സ്നേഹത്തിൽ നട ക്കുക എന്നു പറഞ്ഞാൽ യേശു നടന്നതുപോലെ നടക്കുക എന്ന താണ്.

ഭവനത്തിൽ സ്നേഹത്തിന്റെ അന്തരീക്ഷത്തെ മേഘാവൃതമാ ക്കുന്ന ഒറ്റവാക്കു പോലും വരാതിരിക്കാൻ കരുതിക്കൊൾക. പല പ്പോഴും ഒരു വാക്കുമൂലം സ്നേഹം കുത്തിക്കീറപ്പെടുന്നു; തകർക്ക പ്പെടുന്നു, അവഗണിക്കപ്പെടുന്നു, വിസ്മരിക്കപ്പെടുന്നു.

സ്നേഹം നിറഞ്ഞ ഒരു ഹൃദയത്തിൽ നിന്ന് ഏതു സാഹച ര്യത്തിലും സൗമ്യതയുടെ വാക്കുകൾ മാത്രം ഉതിർന്നു വീഴും. അത് ഗൃഹാന്തരീക്ഷത്തെ സൗരഭ്യപൂരിതമാക്കും. നാം സ്നേഹ ത്തിൽ മാത്രം ജീവിക്കുകയും സ്നേഹചിന്തകൾ കൊണ്ട് നമ്മെ നിറയ്ക്കുകയും ചെയ്യുമെങ്കിൽ നാം ഓരോരുത്തരും അനുഗൃഹീ തരായിത്തീരും.

നമ്മുടെ ജീവിതശൈലി സ്നേഹം ആണെങ്കിൽ സ്വാർത്ഥയ്ക്ക് നമ്മിൽ ഇടം ഉണ്ടാവുകയില്ല. ഓരോരുത്തരിൽ നിന്നും നിഷ്കളങ്ക സ്നേഹത്തിന്റെ വാക്കുകളും ചെയ്തികളും ഉണ്ടാകുമ്പോൾ ഭവനം ഒരു കൊച്ചു സ്വർഗ്ഗമായി മാറുന്നു. സമാധാനവും സന്തോഷവും

ഐക്യവും ഭവനത്തിൽ കളിയാടുന്നു.

അവിടെ വിദ്വേഷത്തിന്റെയോ, അസൂയയുടെയോ കയ്പ്പിന്റെയോ, വൈരാഗ്യത്തിന്റെയോ ഒരു കണിക പോലും കടന്നുവരികയില്ല. സ്നേഹത്തിന്റെ പുതിയ അന്തരീക്ഷം കുഞ്ഞുങ്ങളിൽ ഉത്സാഹവും സുരക്ഷിതത്വവും ഉണർത്തുന്നു. ഇത് അവരുടെ വൈകാരികവും ബുദ്ധിപരവുമായ വളർച്ചയ്ക്കു അടിസ്ഥാനമായിത്തീരുന്നു.

യേശു കാണിച്ചു തന്ന ഈ 'അഗപ്പെ' സ്നേഹം ഓരോ കുഞ്ഞിന്റെയും ഹൃദയത്തേങ്ങലിനുള്ള ദിവ്യ ഔഷധം ആണ്. ഇതു തന്നെയാണ് ഓരോ സ്ത്രീയുടെയും പുരുഷന്റെയും, വൃദ്ധന്റെയും ചുടുനെടുവീർപ്പുകളെ ആറ്റി അകറ്റുന്ന സിദ്ധൗഷധവും.

മനുഷ്യകുലത്തിന്റെ ഏറ്റവും വലിയ ശത്രു സ്വാർത്ഥതയാണ് Selfishness. കുടുംബജീവിതത്തിന്റെ താളം തെറ്റിക്കുന്നത് സ്വാർത്ഥതയാണ്. വിവാഹബന്ധത്തിന്റെ കണ്ണികളെ അകറ്റുന്നതും സ്വാർത്ഥത തന്നെയാണ്. തന്മൂലം ഭവനം വിഘടിക്കപ്പെടുന്നു. ആ അന്തരീക്ഷത്തിൽ ജനിച്ചുവളരുന്ന കുഞ്ഞുങ്ങൾ മാനസീകമായി വികലാംഗരായിത്തീരുന്നു. പകയുടെയും വിദ്വേഷത്തിന്റെയും ഭാവങ്ങൾ അവരുടെ ജീവിതത്തെ കാർന്നു തിന്നുന്നു.

എപ്പോഴും വഴക്കടിക്കുകയും കയ്പു നിറഞ്ഞിരിക്കുകയും ചെയ്യുന്ന ഭവനാന്തരീക്ഷത്തിൽ ജീവിക്കുന്ന കുഞ്ഞുങ്ങളേക്കാൾ പ്രാർത്ഥനയുള്ളതും സ്നേഹാന്തരീക്ഷമുള്ളതുമായ ഭവനത്തിലെ കുഞ്ഞുങ്ങൾക്കു ജീവിതത്തിൽ വിജയസാദ്ധ്യത വളരെ കൂടുതലായിരിക്കും. കുറ്റവാസനയുള്ള കുട്ടികളിൽ എഴുപത്തഞ്ചു ശതമാനവും തകർന്ന കുടുംബങ്ങളിൽ നിന്നുള്ളവരാണെന്ന് സ്റ്റാറ്റിസ്റ്റിക്സ് വെളിപ്പെടുത്തുന്നു.

അനേകം ഭവനങ്ങളിൽ സ്നേഹം കൊല ചെയ്യപ്പെടുന്നു.

നിർദ്ദാക്ഷിണ്യം പിളർക്കപ്പെടുന്നു. ദയാദാക്ഷിണ്യം കൂടാതെ സ്നേഹത്തെ പട്ടിണിക്കിടുന്നു. ചിന്താശൂന്യമായി സ്നേഹത്തെ നിരാകരിക്കുകയും മറയ്ക്കുകയും ചെയ്യുന്നു.

സ്നേഹത്തെ കൊല ചെയ്യുന്നതിലും വലിയ കൊലപാതകമില്ല; സ്നേഹം പിളർക്കപ്പെടുമ്പോൾ മനോഹരമായതെല്ലാം പിളർക്കപ്പെടും. സ്നേഹരാജ്യത്തിലെ ക്രിമിനൽ ആണ് സ്വാർത്ഥത. അവൻ സ്നേഹരാജ്യത്തിൽ നുഴഞ്ഞു കയറുന്ന ഭീകരനാണ്. അവൻ സ്നേഹത്തെ സിംഹാസനത്തിൽ നിന്നു തള്ളിയിട്ടു കിരീടം കരസ്ഥമാക്കാൻ കിണഞ്ഞു പരിശ്രമിക്കുന്നവനാണ്. സ്വാർത്ഥത ധൈര്യവാനും ദുഷ്ടനുമായ മോഷ്ടാവാണ്. അവൻ ഭവനത്തെ തകർത്തു കളയുന്നു. സഭയെ മുടിച്ചു കളയുന്നു. സമൂഹത്തെ ചിതറിച്ചുകളയുന്നു.

സ്വാഭാവിക മനുഷ്യസ്നേഹം – Phileo love പെട്ടെന്ന് കാലുമാറുന്ന സ്നേഹമാണ്. ചെറിയ ഒരു അവഗണന, വിദ്വേഷം, അസൂയ ഹൃദയത്തിൽ വന്നാൽ മതി, സ്വഭാവിക സ്നേഹത്തിന്റെ ആയുസ്സ് തീരുകയാണ്. കുടുംബകോടതികളിൽ ചെന്നാൽ സ്വഭാവിക സ്നേഹത്തിന്റെ Phileo love - യഥാർത്ഥ സ്വഭാവം കാണുകയും കേൾക്കുകയും ചെയ്യാം. സ്നേഹിച്ചു വിവാഹം കഴിച്ചവർ സ്വാർത്ഥത കൊണ്ടും കയ്പുകൊണ്ടും നിറഞ്ഞു മുറ്റിയവരായി നിലകൊള്ളുന്നു. ഫീലിയോ സ്നേഹത്തിന്റെ കഥ കഴിയാൻ ഒരു ചെറിയ പ്രകോപനം provocation മതി.

കർത്താവ് ഗിരിപ്രഭാഷണത്തിൽ ഈ രണ്ടു സ്നേഹത്തിന്റെയും സ്വഭാവം വെളിവാക്കിത്തരുന്നുണ്ട്.

> “കൂട്ടുകാരനെ സ്നേഹിക്ക എന്നും ശത്രുവിനെ പകയ്ക്ക എന്നും അരുളിച്ചെയ്തത് നിങ്ങൾ കേട്ടിട്ടു

ണ്ടല്ലോ. ഞാനോ നിങ്ങളോട് പറയുന്നത്: നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ. നിങ്ങളെ ഉപദ്രവിക്കുന്ന വർക്കു വേണ്ടി പ്രാർത്ഥിപ്പിൻ.... ആകയാൽ നിങ്ങ ളുടെ സ്വർഗ്ഗീയ പിതാവ് സൽഗുണ പൂർണ്ണൻ ആയി രിക്കുന്നതുപോലെ നിങ്ങളും സൽഗുണപൂർണ്ണരാകു വിൻ.”

മത്തായി 5:4348.

കൂട്ടുകാരനെ സ്നേഹിക്കുകയും ശത്രുവിനെ പകയ്ക്കുകയും ചെയ്യുന്നതു സ്വഭാവികമാണ്. ആ സ്നേഹം ഫീലിയോ സ്നേഹമാണ്. പരിശുദ്ധാത്മാവിനാൽ ദൈവത്തിന്റെ സ്നേഹം Agappe love ഹൃദയത്തിൽ പകർന്നു കിട്ടിയാൽ ശത്രുക്കളെ സ്നേഹിക്കുവാനും ഉപദ്രവിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിക്കാനും കഴിയുന്നു.

“ദൈവത്തിന്റെ സ്നേഹം നമുക്കു നല്കപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നുവല്ലോ. ”
റോമർ 5:5

നമ്മെ സ്നേഹിക്കുന്നവരെ മാത്രം തിരിച്ച് സ്നേഹിക്കുക എന്നതു സ്വഭാവിക സ്നേഹം മാത്രമാണ്. ചുങ്കക്കാരും അങ്ങനെ ചെയ്യുന്നവരാണ്. അത് സഹോദരന്മാരെ മാത്രം വന്ദനം ചെയ്യുന്ന സ്നേഹമാണ്. ജാതികളും അങ്ങനെ തന്നെ ചെയ്യുന്നു. ദൈവമക്കൾ ‘അഗപ്പെ’ സ്നേഹത്തിൽ നിറഞ്ഞവരായിരിക്കണം. നമ്മുടെ സ്നേഹത്തിന്റെ ഏറ്റവും വലിയ പരിമതി നാം നമ്മെ സ്നേഹിക്കുന്നവരെ മാത്രം സ്നേഹിക്കുന്നു എന്നുള്ളതാണ്.

“നിങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിച്ചാൽ നിങ്ങൾക്കു എന്തു പ്രതിഫലം?”

മത്തായി 5:46.

ബെഥെസ്ദാ കുളക്കരയിൽ രോഗം പിടിച്ചു കിടക്കുന്ന ഒരുവനെ യേശു ശബ്ബത്തിൽ സൗഖ്യമാക്കിയതായി കാണുന്നു. യഹൂദന്മാർ അവനെ ചോദ്യം ചെയ്തു. ഒടുവിൽ ഉപദ്രവിച്ചു.

> "യേശു ശബ്ബത്തിൽ അതു ചെയ്തതുകൊണ്ട് യഹൂദന്മാർ അവനെ ഉപദ്രവിച്ചു"
>
> യോഹ. 5:16

യേശു യഹൂദന്മാരോട് വളരെ കാര്യങ്ങൾ സംസാരിക്കുന്നുണ്ട്. അതിനിടയിൽ യേശു ശ്രദ്ധേയമായ ഒരു വചനം അവരോടു പറഞ്ഞു.

> "എന്നാൽ നിങ്ങൾക്കു ഉള്ളിൽ ദൈവസനേഹം ഇല്ല എന്നു ഞാൻ അറിഞ്ഞിരിക്കുന്നു."
>
> യോഹന്നാൻ 5:42.

അഗപ്പെ സ്നേഹം അവരിൽ ഉണ്ടായിരുന്നില്ല. സകല വിധ ഒച്ചപ്പാടിന്റെയും കലഹങ്ങളുടെയും പ്രഭവ കേന്ദ്രം അഗപ്പെ സ്നേഹമില്ലാത്ത ഹൃദയമത്രെ.

ദൈവത്തിന്റെ സ്നേഹം കഷ്ടതയിലും ഞെരുക്കത്തിലും ഇരിക്കുന്നവരോടു പങ്കുചേരുന്ന സ്നേഹമാണ്.

> "എന്നാൽ ഈ ലോകത്തിലെ വസ്തുവകയുള്ളവൻ ആരെങ്കിലും തന്റെ സഹോദരന്നു മുട്ടുള്ളതു കണ്ടിട്ടു അവനോടു മനസ്സലിവു കാണിക്കാഞ്ഞാൽ ദൈവത്തിന്റെ സ്നേഹം അവനിൽ എങ്ങനെ വസിക്കും?"
>
> 1 യോഹന്നാൻ 3:17.

നല്ല ശമര്യാക്കാരന്റെ ഉപമയുടെ അന്തസ്സത്ത ഇതാണ്.

ലേവ്യനും പുരോഹിതനും അർദ്ധപ്രാണനായി കിടക്കുന്നവനെ കണ്ടിട്ട് വഴി മാറി കടന്നുപോയി. ശമര്യാക്കാരൻ അവനെ കണ്ടിട്ട് മനസ്സലിഞ്ഞു. അവന്റെ അരികെ ചെന്നു. അവന്റെ മുറിവുകൾ വച്ചു കെട്ടി ശുശ്രൂഷ ചെയ്തു. അവനെ വഴിയമ്പലത്തിൽ ആക്കി രക്ഷ ചെയ്തു. മാത്രമല്ല അധികം വല്ലതും ചെലവിട്ടാൽ മടങ്ങിവരുമ്പോൾ തന്നു തീർത്തുകൊള്ളാം എന്ന് വാക്ക് കൊടുക്കുകയും ചെയ്തു. അഗപ്പെ സ്നേഹത്തിനുമാത്രമെ ഇതു ചെയ്യാനാകൂ.

ഭൂമിയിൽ വിതയ്ക്കപ്പെട്ട ഒരു സ്വർഗ്ഗീയ ബീജമാണ് ക്രിസ്തീയ ഭവനം. ലോകത്തിലെ ഏറ്റം പാവനമായ ശ്രീകോവിലാണ് ഭവനം. അതു നിർവ്യാജ സ്നേഹത്തിന്റെ സുഗന്ധം കൊണ്ട് പൂരിതമായി രിക്കണം.

സന്തോഷവും സമാധാനവും ഉള്ള കുടുംബങ്ങൾ സ്വർഗ്ഗ ത്തിന്റെ കൊച്ചു പതിപ്പുതന്നെയാണ്. എന്നാൽ ശത്രുവായ സാത്താൻ അനേകം കുടുംബങ്ങളിൽ നിന്ന് ഈ സ്വർഗ്ഗീയ സ്നേഹം കവർന്നു കളഞ്ഞിരിക്കുന്നു.

ഒരു വ്യക്തിയുടെ കൂടെ വളരെ നാൾ അടുത്തു ഇടപെടുമ്പോൾ അയാളുടെ കുറ്റങ്ങളും കുറവുകളും തെളിഞ്ഞു കാണാനാകും. കുടുംബജീവിതത്തിലും അങ്ങനെ തന്നെയാണ്. സാത്താൻ ഈ അവസരം നല്ലപോലെ മുതലെടുക്കും. നിന്റെ ജീവിത പങ്കാളിയുടെ സ്വഭാവത്തിലെ വൈകല്യങ്ങളോ, കുറവുകളോ ഒന്നും പുറമേ കാണാനില്ലാത്ത മറ്റൊരാളിലേക്കു നിന്റെ ശ്രദ്ധ തിരിച്ചെന്നു വരാം. അത്തരം സ്വപ്നങ്ങളിൽ നിന്റെ ചിന്ത പറന്നെത്തി വിഹരിച്ചെന്നി രിക്കും.

എന്നാൽ സഹോദരാ സഹോദരീ, സത്യം അറിയുക. ലോക ത്തിൽ അങ്ങനെ പൂർണ്ണതയുള്ള ഒരു ഭർത്താവുമില്ല; ഭാര്യയുമില്ല.

പൂർണ്ണരെന്നു അവകാശപ്പെടാവുന്ന ദമ്പതികളും ഇല്ല. എല്ലാവരിലും കുറവുകൾ ഉണ്ട്. എല്ലാവരിലും ബലഹീനതകൾ ഉണ്ട്. ഒന്നിനൊന്നു വ്യത്യസ്തമായിരിക്കും എന്നു മാത്രം.

ദൈവഭക്തിയുള്ള ഒരു കുടുംബം ദൈവത്തിന്റെ വാസസ്ഥലമാണ്. കുടുംബാംഗങ്ങളുടെ സ്വഭാവ ശുദ്ധീകരണത്തിനുള്ള വേദിയാണ് ക്രിസ്തീയ ഭവനം. ദൈവീക സ്നേഹം അഭ്യസിക്കാനുള്ള കളരികൂടിയാണ് ഭവനം.

ദൈവം സ്നേഹമാകുന്നു. ദൈവം വസിക്കുന്ന ഇടം ആണ് സ്വർഗ്ഗരാജ്യം. സ്വർഗ്ഗരാജ്യം സ്നേഹരാജ്യമാണ്. അതുകൊണ്ടാണ് ക്രിസ്തു ഉള്ള ഭവനം ഭൂമിയിലെ സ്വർഗ്ഗമാകുന്നു എന്ന്' ബൗറിംഗ്' പറഞ്ഞിരിക്കുന്നത്.

ദൈവീക സ്നേഹത്തിൽ നിറഞ്ഞ് ക്രിസ്തുവിന്റെ ഛായയിലേക്കും സ്വഭാവത്തിലേക്കും വളർന്നുയരുന്ന സിദ്ധന്മാരെ വാർത്തെടുക്കുന്ന മൂശയായിരിക്കണം ഓരോ ഭവനവും. മാതാപിതാക്കളുടെ ജീവിത ശൈലി അതിനു ഉതകുന്ന വിധത്തിലായിരിക്കണം.

സുവിശേഷകന്മാരെ പെറ്റു വളർത്തുന്ന അമ്മയപ്പൻമാർ ഉണ്ടാകണം. വരും തലമുറയിൽ പ്രാർത്ഥനാ വീരന്മാർ ഉണ്ടാവണം. യേശുവിന്റെ ഛായയുള്ള മക്കളെ ഉല്പാദിപ്പിക്കുന്ന കുടുംബസാഹചര്യം സൃഷ്ടിക്കുന്നതിൽ മാതാപിതാക്കൾ ജാഗരൂകരായിരിക്കണം.

സുവിശേഷ വേലക്കാരോടും ഇത്തരുണത്തിൽ ഒരു വാക്ക്. പ്രാർത്ഥനായോഗങ്ങളിലും, പ്രസംഗവേദികളിലും നല്ലവരായി കാണുന്ന പലരും കുടുംബങ്ങളിൽ സാക്ഷ്യമില്ലാത്തതായി കാണുന്നത് വേദനാജനകമായ കാര്യമത്രേ. ഞാൻ അന്യരുടെ മുന്തിരിത്തോട്ടം കാത്തു, എന്റെ സ്വന്തമുന്തിരിയെ ഞാൻ സൂക്ഷിച്ചില്ല എന്നു പറഞ്ഞു ദുഃഖിക്കുവാൻ ഇടവരരുത്.

നമ്മുടെ ഓരോ ഭവനത്തിലും യേശുവിന്റെ രക്ഷാ സാന്നിദ്ധ്യം നിറഞ്ഞു നില്ക്കട്ടെ. ക്രിസ്തു ഭവനത്തിന്റെ നായകനും, ഭക്ഷണ മേശയിലെ അദൃശ്യനായ അതിഥിയും, സംഭാഷണങ്ങൾ നിശബ്ദ നായി ശ്രവിക്കുന്ന ശ്രോതാവും ആയിരിക്കട്ടെ. ക്രിസ്തുയേശു നിങ്ങളുടെ കുടുംബത്തിന്റെ ശക്തികേന്ദ്രവും ആയിരിക്കട്ടെ.

നമ്മുടെ വീടുകൾ കട്ടകൊണ്ടും സിമന്റു കൊണ്ടും തടി കൊണ്ടും കമ്പി കൊണ്ടും കെട്ടിപ്പൊക്കിയ ഒരു മനോഹര കെട്ടി ടമായി മാത്രം തീരാതെ സ്വർഗ്ഗീയ ആരാധന ഉയരുന്ന ഒരു സമാ ധാന ഭവനമായി തീരുവാൻ നമുക്ക് ദൈവത്തോടു പ്രാർത്ഥിക്കാം.

ചുരുക്കിപ്പറഞ്ഞാൽ എന്റെ കൊച്ചു ഹൃദയം ക്രിസ്തു നിര ന്തരം വസിക്കുന്ന ഒരു മന്ദിരമായി തീരുമ്പോൾ ഞാൻ വസിക്കുന്ന എന്റെ വീട് ക്രിസ്തുവിന്റെ ഭവനമായി മാറും. അപ്പോൾ ഊണുമേ ശയിൽ യേശു വാഴ്ത്തി അനുഗ്രഹിച്ചു തന്ന ഭക്ഷണത്തിന്റെ സംതൃപ്തി, കിടപ്പറയിൽ യേശുവിന്റെ മാർവ്വിലെ ചൂട് അനുഭവി ച്ചുകൊണ്ടുള്ള ഉറക്കം. അടുക്കളയിൽ പാകം ചെയ്യുന്ന ആഹാര ത്തിന് കൃപയുടെ രുചി. പ്രാർത്ഥനാമുറിയിൽ ജയത്തിന്റെയും ഉല്ലാ സത്തിന്റെയും ഘോഷം. നമ്മുടെ വീട് ഭൂമിയിലെ കൊച്ചു സ്വർഗ്ഗം, ആ വീട്ടിലുള്ളവർ നിത്യതയിൽ സ്വർഗ്ഗവീട്ടിലും. ആ നിത്യാനന്ദ ത്തിലേക്ക് ദൈവം നമ്മെ കുടുംബമായി നയിക്കട്ടെ.

## ആറ്

## ദൈവത്തിൽ നിന്നുള്ള പാപക്ഷമ

"ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയവൻ ഭാഗ്യവാൻ, യഹോവ അകൃത്യം കണക്കിടാതെയും ആത്മാവിൽ കപടം ഇല്ലാതെയും ഇരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ."

സങ്കീർത്തനങ്ങൾ 32:1,2

മഹാനായ തോമസ് വാട്ട്സൺ പറഞ്ഞു: "ഭാഗ്യം സൗന്ദര്യത്തിലോ, ധനത്തിലോ, മാനത്തിലോ അല്ല പാപക്ഷമയിലത്രെ." അവൻ ദരിദ്രനോ രോഗിയോ, വിദ്യാവിഹീനനോ ആകട്ടെ, എന്നാലും ഭാഗ്യവാനാണ്. ഏതു കാലത്തും ഏതു മനുഷ്യന്റെയും ഏറ്റവും വലിയ ആവശ്യം പാപക്ഷമയാണ്.

"The greatest need of any man at any time is forgivenes of sins"

പാപം പൈശാചികമാണ്. പാപത്തിനു ഒരുവനിൽ ഇടമുണ്ടെങ്കിൽ അതിന്റെ അർത്ഥം സാത്താനു അവന്റെ മേൽ കർത്തൃത്വം ഉണ്ട് എന്നാണ്. പാപം വ്യക്തിജീവിതത്തെയും കുടുംബജീവിതത്തെയും നരകതുല്ല്യമാക്കുന്നു. സാമൂഹിക ജീവിതത്തിന്റെ താളം തെറ്റിക്കുന്നു.

"Sin is a crushing load of misery"

ഇന്നത്തെ ക്രൈസ്തവ ലോകത്തിന്റെ അധഃപതനത്തിനു കാരണം പാപത്തിന്റെ ഭയാനകതയെ നിസ്സാരമായി കാണുന്നതാണ്. ക്രിസ്ത്യാനികൾ എന്ന് അഭിമാനിക്കുന്ന പലരും, അല്ല ചില ക്രിസ്തീയ വേലക്കാർ പോലും അശുദ്ധ ജീവിതത്തിൽ കഴിയുന്നു എന്നത് എത്രയോ ദുഃഖകരം!

വിശുദ്ധിയില്ലാതെ ക്രിസ്തുഭക്തർ എന്നു നടിക്കുന്നവരാണ് സുവിശേഷത്തിന്റെ ശത്രുക്കൾ. തെറ്റ് മാത്രമുള്ള ലോകത്തിൽ തെറ്റാതെ ജീവിക്കുന്നതാണ് തെറ്റ് എന്നു ചിന്തിക്കുന്ന കാലഘട്ടത്തിലാണ് നാം എത്തിയിരിക്കുന്നത്. ഈ അവസ്ഥയിൽ നിന്നു ഒരു മാറ്റം ഉണ്ടാകുവാൻ എന്തു ചെയ്യണമെന്നു ചിന്തിക്കാം.

ക്രിസ്തീയ ജീവിതത്തിന്റെ തുടക്കം പാപബോധത്തിൽ നിന്നാണ്. Christianity begins with a sense of sin-

> "തന്റെ ലംഘനങ്ങളെ മറയ്ക്കുന്നവനു ശുഭം വരികയില്ല, അവയെ ഏറ്റു പറഞ്ഞു ഉപേക്ഷിക്കുന്നവനോ കരുണ ലഭിക്കും."
>
> സദൃശവാക്യങ്ങൾ 28:13.

> "നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും

> പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വ
> സ്തനും നീതിമാനും ആകുന്നു."
>
> 1 യോഹ. 1:9

മാർത്ത ലാസറിന്റെ കല്ലറയിലെ ചീഞ്ഞഴുകിയ അവസ്ഥ കണ്ടു. എന്നാൽ അടുത്തു നില്ക്കുന്ന കർത്താവിന്റെ ശക്തി കണ്ടില്ല. അതാണ് അവിശ്വാസം.

നിന്റെ പാപം നീ തന്നെ വെളിപ്പെടുത്തിയാൽ ദൈവം അതു ക്ഷമിച്ചു തരും. മറച്ചു വെച്ചാൽ ദൈവം അതു വെളിപ്പെടുത്തുകയും അതിന്റെ ശിക്ഷ നീ അനുഭവിക്കേണ്ടിവരികയും ചെയ്യും. യഥാർത്ഥ മാനസാന്തരത്തിന്റെ ലക്ഷണം അനുതാപമുള്ള ഹൃദയത്തോടെ പാപത്തെ കണ്ടുപിടിച്ച് പശ്ചാത്താപത്തോടെ ഏറ്റു പറയുന്നതാണ്. മാത്രമല്ല, അവയെ എന്നന്നേയ്ക്കുമായി ഉപേക്ഷിക്കുകയും ഇനി മേലിൽ ആവർത്തിക്കയില്ല എന്ന ഉറപ്പോടെ രക്ഷകനെ സ്വീകരിക്കുകയും വേണം. ആകയാൽ നിന്റെ പാപം നിന്നെ കണ്ടെത്തുന്നതിനു മുമ്പെ നീ നിന്റെ പാപത്തെ കണ്ടെത്തി ഉപേക്ഷിക്കുക.

പള്ളിയിൽ ആരാധനയ്ക്കു പോകുമ്പോൾ ധരിക്കുന്ന വസ്ത്രത്തെ കുറിച്ച് എല്ലാവരും ശ്രദ്ധാലുക്കളാണ്. എന്നാൽ അതു ധരിക്കുന്ന വ്യക്തിയുടെ പ്രകൃതിയെങ്ങനെയെന്നു ആരും ചിന്തിക്കുന്നില്ല.

ജീവിതത്തിലെ തെറ്റുകളെ ലഘുവായി കാണുന്നതും, സംഭവിച്ചു പോയ തെറ്റുകളെ ഓർത്ത് നിരാശപ്പെടുന്നതും തെറ്റാണ്, അപകടകരമാണ്. പാപത്തെക്കുറിച്ച് ബോധം വരുന്നത് വലിയ സുബോധത്തിന്റെ ലക്ഷണമാണ്. ഈ കണ്ണുകാഴ്ച തരുന്നത് ദൈവത്തിന്റെ പരിശുദ്ധാത്മാവാണ്.

എന്നാൽ ചെയ്തുപോയതിനെ കുറിച്ച് നിരാശ വരുന്നെങ്കിൽ

അതു പിശാചിന്റെ പ്രവർത്തനമാണ്. കാരണം യേശുവിന്റെ രക്തത്തിനു കഴുകാൻ കഴിയാത്ത ഒരു പാപവും ഇല്ല എന്നതു തന്നെ. അതിനാൽ നിരാശപ്പെടാതെ പാപത്തെ വെറുക്കുകയും പാപിയെ സ്നേഹിക്കുകയും ചെയ്യുന്ന യേശുവിന്റെ സന്നിധിയിലേക്ക് അടുത്തു വരിക.

നിന്റെ പാപങ്ങൾ കുടംചുവപ്പായിരുന്നാലും ഹിമം പോലെ വെളുക്കും. രക്താംബരം പോലെ ചുമപ്പായിരുന്നാലും പഞ്ഞി പോലെയായിത്തീരും എന്നു ദൈവത്തിന്റെ വചനം പറയുന്നു. (യെശയ്യാവു 1:18)

ബ്രൗൺ ലോ നോർത്ത് എന്ന സുപ്രസിദ്ധ ഉണർവ്വു പ്രസംഗകൻ അബർഡിൻ എന്ന പട്ടണത്തിലെ ഒരു പുരാതന ദേവാലയത്തിൽ പ്രസംഗിക്കുവാൻ എഴുന്നേറ്റു നിന്നു. അപ്പോൾ ശ്രോതാക്കളിൽ ഒരാൾ മുന്നോട്ടു വന്ന് ഒരു കുറിപ്പ് അദ്ദേഹത്തിന്റെ കയ്യിൽ കൊടുത്തു. അതിന്റെ ഉള്ളടക്കം ഇപ്രകാരമായിരുന്നു.

മിസ്റ്റർ നോർത്ത്, നിന്റെ കഴിഞ്ഞ കാല ജീവിതം എനിക്കു നന്നായി അറിയാം. പാരീസ്, ലിവർപൂൾ എന്നീ നഗരങ്ങളുടെ വീഥികളിൽ ദുർമ്മാർഗ്ഗത്തിലും, വെറിക്കൂത്തിലും, മദ്യപാനത്തിലും, നാം ഒന്നിച്ചു നടന്നത് നീ മറന്നു പോയോ? മാഞ്ചസ്റ്ററിലെ നിന്റെ ജീവിതവും എനിക്കറിയാം. ദൈവവചനം ഘോഷിക്കുവാൻ നിനക്കു എന്തു യോഗ്യത?

ബ്രൗൺ ലോ നോർത്ത് തന്റെ ജീവിതത്തിൽ സംഭവിച്ച ലജ്ജാകരമായ പാപങ്ങളുടെ പട്ടിക എഴുതിയ ആ കത്ത് മുഴുവൻ സ്റ്റേജിൽ നിന്നുകൊണ്ട് പരസ്യമായി വായിച്ചു. ഞെട്ടലോടെ ഇരുന്ന ശ്രോതാക്കളോടു നോർത്ത് പറഞ്ഞു: " എന്റെ സ്നേഹിതരേ, എന്നെപ്പറ്റി എന്റെ സ്നേഹിതൻ എഴുതിയ കുറിപ്പിലെ കാര്യങ്ങൾ എല്ലാം സത്യമാണ്. ഇതിലധികമായും ഞാൻ പാപം ചെയ്തിരിക്കുന്നു." എന്നാൽ

ഈ കൂടി വന്നിരിക്കുന്ന എന്റെ പ്രിയ സ്നേഹിതരോടു ഒരു കാര്യം എനിക്ക് പറയുവാനുണ്ട്. എന്റെ രക്ഷകനും എന്റെ വീണ്ടെടുപ്പു കാരനും ആയ യേശു ക്രിസ്തു ഒരു ദിവസം എന്നോടു പറഞ്ഞു. "പ്രിയ മകനേ, സമാധാനത്തോടെ പോക, നിന്റെ അനേകമായ പാപ ങ്ങൾ നിനക്ക് മോചിച്ചു തന്നിരിക്കുന്നു." അങ്ങനെ ഒരു വലിയ പാപി ഒരു വലിയ രക്ഷകനെ കണ്ടെത്തി.

കാൽവറി കോടതി, ഏറ്റവും വലിയ പരമോന്നത ന്യായപീഠം അദ്ദേഹത്തെ കുറ്റവിമുക്തനാക്കി വിട്ടയച്ചു. യേശു സകല പാപ ങ്ങളും ക്ഷമിച്ചു കൊടുത്തു. ഇതാണ് നീതികരണം. കുറ്റക്കാരനെ കുറ്റവിമുക്തനാക്കുവാൻ കുറ്റമില്ലാത്തവൻ കുറ്റക്കാരനെ പോലെ ആയി. അതാണ് ക്രൂശിൽ നടന്ന പാപപരിഹാരയാഗം.

ക്രൂശിൽ ജ്വലിച്ച ദൈവസ്നേഹം കണ്ടാൽ മാത്രമേ നമുക്കു പാപത്തോടു വെറുപ്പ് വരികയുള്ളൂ. കർത്താവ് വേദനിക്കുന്ന ഒരു പാപവും ചെയ് വാൻ സാദ്ധ്യമല്ലാത്ത ഒരു സ്നേഹബന്ധത്തിലേക്ക് നാം വളരേണ്ടിയിരിക്കുന്നു.

> "ദൈവത്തിൽ നിന്നു ജനിച്ചവൻ ആരും പാപം ചെയ്യു ന്നില്ല, അവന്റെ വിത്ത് അവനിൽ വസിക്കുന്നു. ദൈവ ത്തിൽ നിന്നു ജനിച്ചതിനാൽ അവനു പാപം ചെയ് വാൻ കഴികയുമില്ല."
>
> 1 യോഹന്നാൻ 3:9.

ഒരിക്കൽ ഒരു സന്യാസി പാലസ്തീനിൽ കൂടി യാത്ര ചെയ്യു മ്പോൾ ഉച്ചസമയത്ത് ഒരു ഭക്തയായ സ്ത്രീ തന്റെ ഒരു കയ്യിൽ എരിയുന്ന ഒരു പന്തവും മറുകയ്യിൽ ഒരു കുടം വെള്ളവും വഹിച്ചു പോകുന്നതു കണ്ടു ഈ പന്തവും വെള്ളവും എന്തിനു എന്ന് സന്യാസി ചോദിച്ചു. അതിന്നു സ്ത്രീ പറഞ്ഞ മറുപടി: "ഈ പന്തം കൊണ്ടു സ്വർഗ്ഗം ദഹിപ്പിച്ചു കളയുന്നതിനും വെള്ളം കൊണ്ടു

നരകത്തീ കെടുത്തികളയുന്നതിനും ആണ്. സന്യാസി അതിന്റെ അർത്ഥം ആരാഞ്ഞു.

അവൾ പറഞ്ഞു : " മനുഷ്യൻ പാപം ഉപേക്ഷിക്കേണ്ടതും, പുണ്യം ചെയ്യേണ്ടതും നരകഭീതിയിൽ നിന്നോ, സ്വർഗ്ഗമോഹത്തിൽ നിന്നോ ആകരുത്, നിസ്വാർത്ഥമായ നിഷ്കളങ്കമായ ദൈവസ്നേഹത്തിൽ നിന്നുമാത്രമാകണം.

വിശുദ്ധ ബർണ്ണാസ് ചൊല്ലിയിരുന്ന ഒരു പ്രാർത്ഥന ഇപ്രകാരമാണ്. "എന്റെ കർത്താവേ, ഞാൻ നിന്നെയും നിന്റെ പ്രമാണങ്ങളെയും ബഹുമാനിക്കുന്നതും അനുസരിക്കുന്നതും സ്വർഗ്ഗസമ്മാനത്തെ ഓർത്തും നരകത്തെ ഭയന്നിട്ടും അല്ല, നിന്നെ പ്രതി, നിന്റെ സ്നേഹത്തെപ്രതി മാത്രമാണ്." ഇതു വളരെ ശ്രേഷ്ഠവും ഉന്നതവുമായ ഒരു ആത്മീയ നിലവാരം ആണ്. എന്നാൽ നരകശിക്ഷയെ ഭയന്നുകൊണ്ടോ, സ്വർഗ്ഗസൗഭാഗ്യത്തെ ഓർത്തുകൊണ്ടോ ആണെങ്കിൽ പോലും ആരെങ്കിലും പാപത്തെ ഉപേക്ഷിച്ചാൽ അത്രയും നല്ലത്. നരകഭയമില്ലാത്തവൻ പാപം ചെയ്‌വാൻ മടിക്കുന്നില്ല.

പാപജീവിതം നയിച്ചുകൊണ്ടിരുന്ന ഒരു സ്ത്രീ ആയിരുന്നു വിക്ടോറിയ. അവൾ ഒരിക്കൽ ഒരു വലിയ തീക്കുണ്ഡം കാണുവാൻ ഇടയായി. അത് കണ്ടു ഭയപ്പെട്ടു അവൾ പറഞ്ഞു. "ലോകത്തിൽ മനുഷ്യരുടെ ഉപയോഗത്തിനു തന്നിരിക്കുന്ന തീ ഇത്ര ഭയാനകത്വം ഉള്ളതെങ്കിൽ ദുഷ്ടപാപികളെ ശിക്ഷിക്കുന്നതിന് വെച്ചിരിക്കുന്ന നരകത്തീ എത്ര ഭയങ്കരമായിരിക്കും. ഇതു പറഞ്ഞു അവൾ തന്റെ പാപജീവിതം ഉപേക്ഷിച്ചുവത്രേ!

ഒരു പാപിയുടെ പോക്ക് നരകത്തിലേക്കാണ്. പാപക്ഷമയ്ക്കുവേണ്ടി ഒരുവൻ ചെയ്യേണ്ട ഏക കാര്യം ക്രൂശിൽ ചുവട്ടിൽ വന്ന് ഓരോ പാപവും വ്യക്തമായി ഏറ്റുപറഞ്ഞ് ഉപേക്ഷിച്ച് പാപമോചനത്തിനായി അപേക്ഷിക്കുക എന്നതാണ്. അപ്പോൾ യേശു പാപം

ക്ഷമിച്ചു തരും. യേശുവിന്റെ രക്തത്തിനു മോചിക്കുവാൻ സാദ്ധ്യമല്ലാത്ത ഒരു പാപവും ചെയ്തവരായി ആരും തന്നെയില്ല.

"അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു."

1 .യോഹന്നാൻ 1:7.

ദൈവം മനുഷ്യന്റെ പാപത്തെ മറയ്ക്കുന്ന നാലു വിധങ്ങളെക്കുറിച്ച് തിരുവചനത്തിൽ കാണുന്നു.

"അകൃത്യം ക്ഷമിക്കുകയും തന്റെ അവകാശത്തിൽ ശേഷിപ്പുള്ളവരോടു അതിക്രമം മോചിക്കുകയും ചെയ്യുന്ന നിന്നോടു സമനായ ദൈവം ആരുള്ളൂ. അവൻ എന്നേക്കും കോപം വെച്ചുകൊള്ളുന്നില്ല. ദയയില്ലല്ലോ അവനു പ്രസാദമുള്ളത്. അവൻ നമ്മോടു വീണ്ടും കരുണ കാണിക്കും. നമ്മുടെ അകൃത്യങ്ങളെ ചവിട്ടിക്കളയും. അവരുടെ പാപങ്ങളെ ഒക്കെയും നീ സമുദ്രത്തിന്റെ ആഴത്തിൽ ഇട്ടുകളയും.

മീഖ. 7:18,19

**ഒന്ന് : "God will throw our sins into the depth of the ocean"**

നമ്മുടെ പാപങ്ങൾ സമുദ്രത്തിന്റെ അഗാധത്തിലേക്കു താഴ്ത്തിക്കളയുമെന്ന് വാഗ്ദത്തമുണ്ട്. അതിനി ഒരിക്കലും പൊങ്ങിവരാത വണ്ണം തള്ളിക്കളഞ്ഞിരിക്കുന്നു. വലിയ പാപിയുടെ വലിയ രക്ഷകനായ യേശു പാപിയെ ആഴത്തിൽ നിന്നു വലിച്ചെടുത്തു രക്ഷിക്കുകയും പാപങ്ങളെ ആഴങ്ങളിലേക്കു എറിഞ്ഞു കളയുകയും ചെയ്യുന്നു.

"ഞാൻ അവരുടെ അകൃത്യങ്ങളെക്കുറിച്ച് കരു

ണയുള്ളവനാകും. അവരുടെ പാപങ്ങളെ ഇനി ഓർക്കയുമില്ല എന്നു കർത്താവിന്റെ അരുളപ്പാട്."

എബ്രായർ 8:12.

ദൈവാത്മാവ് വീണ്ടും ഈ കാര്യം വചനത്തിൽ കൂടി നമുക്കു ഉറപ്പിച്ചു തരുന്നു.

"എന്റെ നിമിത്തം ഞാൻ, ഞാൻ തന്നേ; നിന്റെ അതിക്രമങ്ങളെ മായിച്ചു കളയുന്നു. നിന്റെ പാപങ്ങളെ ഞാൻ ഓർക്കയുമില്ല."

യെശയ്യാവു 43:25

സർവ്വ പാപങ്ങളും യേശുക്രിസ്തു തന്റെ രക്തത്താൽ ശുദ്ധീകരിക്കുന്നു. എല്ലാ പാപവും യേശുക്രിസ്തുവിന്റെ രക്തത്തിൻ കീഴിലാണ്.

"സമാധാനത്തിന്നായി എനിക്കു അത്യന്തം കൈപ്പായതു ഭവിച്ചു; എങ്കിലും നീ എന്റെ സകല പാപങ്ങളേയും നിന്റെ പിറകിൽ എറിഞ്ഞു കളഞ്ഞതുകൊണ്ട് എന്റെ പ്രാണനെ നാശക്കുഴിയിൽ നിന്നു സ്നേഹത്തോടെ രക്ഷിച്ചിരിക്കുന്നു. "

യെശയ്യാവു 38:17.

**രണ്ട് : "I have put all my sins behind your back"**

അവൻ നമ്മുടെ പാപങ്ങളെ സർവ്വശക്തനായ ദൈവത്തിന്റെ പിറകിൽ എറിഞ്ഞുകളഞ്ഞു. അത് തിരിച്ചെടുത്തു കൊണ്ടുവരാൻ സാത്താനു സാദ്ധ്യമല്ല. നീതികരിക്കുന്നവൻ ദൈവം കുറ്റം വിധിക്കുന്നുവർ ആർ?

> "ഞാൻ കാർമുകിലിനെപ്പോലെ നിന്റെ ലംഘനങ്ങളേയും മേഘത്തെപ്പോലെ നിന്റെ പാപങ്ങളെയും മായിച്ചുകളയുന്നു."
>
> യെശയ്യാവു 44:22

മൂന്ന് : **"He had blotted out our sins as a cloud"**

മേഘം മാറിപ്പോകുന്നതുപോലെ പാപത്തെ മായിച്ചു കളയും. രാത്രിയിൽ കാണുന്ന കാർമേഘം രാവിലെ ആകുമ്പോൾ നിശ്ശേഷം മാറി മറഞ്ഞു പോകും പോലെ. വേറെ മേഘപ്പാളികൾ വീണ്ടും പ്രത്യക്ഷപ്പെട്ടു എന്നു വരാം. എന്നാൽ ഒരിക്കൽ നീങ്ങിപ്പോയ മേഘം പിന്നീട് ഒരിക്കലും കാണപ്പെടുകയില്ല. മാനസാന്തരപ്പെട്ട ഒരു ദൈവപൈതലിന്റെ ജീവിതത്തിലെ പാപങ്ങളുടെ കാർമേഘങ്ങൾ യേശുക്രിസ്തു മാറ്റി വിശുദ്ധിയുടെ പ്രകാശം തരുന്നു.

> "ഉദയം അസ്തമയത്തോടു അകന്നിരിക്കുന്നതു പോലെ അവൻ നമ്മുടെ ലംഘനങ്ങളെ നമ്മോടു അകറ്റിയിരിക്കുന്നു."
>
> സങ്കീർത്തനങ്ങൾ 103:12.

നാല് : **As far as the east is from west so far hath he removed our transgressions from us.**

കിഴക്കും പടിഞ്ഞാറും തമ്മിൽ അകന്നിരിക്കുന്നതു പോലെ പാപത്തെ ദൂരത്തകറ്റുന്നു. ഉദയവും അസ്തമയവും തമ്മിൽ ഒരിക്കലും ഒന്നിക്കുന്നില്ല. മനുഷ്യർക്കും പാപത്തിനും നടുവിൽ ക്രിസ്തുവിനെ നിർത്തണം.

സർ റിച്ചാർഡ് ബേക്കർ പറഞ്ഞു. "രക്താംബരം പോലുള്ള

എന്റെ പാപം ഹിമം പോലെ വെണ്മയാക്കുവാൻ മാനുഷിക കരങ്ങൾക്കു സാദ്ധ്യമല്ല. എന്നാൽ കൃപയുടെ കാരം ഇട്ടു കഴുകുമ്പോൾ അതു വെളുക്കും. മനുഷ്യവർഗ്ഗത്തിന്റെ പാപക്കറ കഴുകിക്കളയുന്ന ദ്രാവകമാണ് കാൽവറിയിൽ ചിന്തിയ യേശുവിന്റെ പുണ്യാഹരക്തം.

ഈ വചനങ്ങളെ വായിക്കുന്ന പ്രിയ സഹോദരാ, സഹോദരി, നിങ്ങൾ ക്രൂശിൻ ചുവട്ടിലേക്ക് ഓടിവരിക. പാപമോചനത്തിന്റെ സൗഖ്യവും സന്തോഷവും സമാധാനവും അനുഭവിക്കുക. തീ പിടിച്ച വസ്ത്രം പെട്ടെന്ന് ഉരിഞ്ഞെറിഞ്ഞു കളയുന്നതുപോലെ അതിവേഗം അശുദ്ധി ഉരിഞ്ഞു കളയുക.

നമ്മുടെ പാപം നിമിത്തം ക്രൂശിൽ ഉയർത്തപ്പെട്ടവനായ ക്രിസ്തുവിനെ നോക്കുന്ന വിശ്വാസിക്കാണ് നിത്യജീവന്റെ അനുഭവം ലഭിക്കുന്നത്. മരുഭൂമിയിൽ ഉയർത്തപ്പെട്ട താമ്രസർപ്പം ജനത്തെ കടിച്ചു കൊല്ലുന്ന ബാധയുടെ ഒരു പ്രതിരൂപം ആയിരുന്നു.

അതുപോലെ പാപം ചെയ്ത മനുഷ്യൻ കാൽവറി ക്രൂശിലേക്കു നോക്കുമ്പോൾ തന്നെ ബാധിച്ച പാപം ക്രിസ്തുവിന്റെ മേൽ ചുമത്തുന്നതായി അറിയുന്നു. ഒരു പാപി ക്രിസ്തുവിൽ വിശ്വസിച്ചുകൊണ്ട് ക്രൂശിലേക്ക് നോക്കുന്ന അതേ ക്ഷണത്തിൽ നിത്യജീവൻ പ്രാപിക്കുന്നു. ക്രിസ്തുവിലേക്കും, അവന്റെ ക്രൂശിലേക്കും നോക്കുന്ന ഒരു പാപി മുമ്പിലത്തേക്കാൾ കുറേക്കൂടെ നല്ലവനായിത്തീരുകയല്ല, എന്നാൽ മരണത്തിൽ നിന്നു ജീവനിലേക്ക് കടക്കുകയാണ് ചെയ്യുന്നത്.

തുടർന്നുള്ള ജീവിതത്തിൽ പാപത്തോടു അറപ്പും വെറുപ്പും വന്നേ തീരു. പാപത്തോടു മാത്രമല്ല, പാപസാഹചര്യങ്ങളോടും പടവെട്ടി മുന്നേറണം. പാപത്തെ സഹാനുഭൂതിയോടെ കണ്ടു കൊണ്ടിരുന്നാൽ അതു അർബുദവ്യാധി – ക്യാൻസർ – പോലെ പടർന്നു

പിടിച്ച് ജീവിതത്തെ നശിപ്പിക്കും.

പ്രിയമുള്ളവരേ, അതുകൊണ്ട് പാപപ്രകൃതിയെയും പാപത്തോടുള്ള പറ്റുമാനത്തെയും തിരിച്ചറിഞ്ഞ് അവയ്ക്കെതിരായി നിരന്തരം പോരാടുക. യേശുക്രിസ്തു ക്രൂശിൽ നേടിത്തന്ന ജയജീവിതം വിശ്വാസത്താൽ സ്വന്തമാക്കുക. വിശുദ്ധിയിൽ നിന്നു വിശുദ്ധിയിലേക്ക് അനുദിനം നടന്ന് അടുക്കുക. ജയാളിയായ കർത്താവു നമ്മെ ജയത്തോടെ നടത്തുവാനായി നമുക്കു പ്രാർത്ഥിക്കാം.

കാൽവറിക്കുന്നിൽ മൂന്ന് കുരിശ് കാണുന്നു. രണ്ട് കുരിശിലും പാപി കിടക്കുന്നു. നടുവിലത്തെ കുരിശിൽ പാപിയല്ല, പാപമാണ് കിടക്കുന്നത്. നമ്മുടെ പാപം ചുമന്നൊഴിച്ച ക്രൂശിൻ ചുവട്ടിലേക്ക് തകർന്ന മനസ്സും നിറഞ്ഞ കണ്ണുകളും, മടങ്ങിയ മുഴങ്കാലുകളുമായി (നമുക്ക്) അടുത്തുചെല്ലാം. പാപമോചനം ഒഴുകി വരുന്ന കാൽപാദം ക്രൂശിനോട് ചേർത്ത് കെട്ടിപ്പിടിച്ച് പാപമോചനത്തിനായി കെഞ്ചി അപേക്ഷിക്കാം.

കുരിശിൽ നിന്ന് ഒഴുകി വരുന്ന സകല അനുഗ്രഹങ്ങളാലും ദൈവം നമ്മെ എല്ലാവരേയും നിറപടിയായി അനുഗ്രഹിക്കട്ടെ. ദൈവ നാമം മഹത്വപ്പെടുമാറാകട്ടെ.